
പുസ്തകം 9 ലക്കം 8
ജൂലായ് 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

Eka Thathwa

മാസിക



## ജനനവും മരണവും നിശ്ചയിക്കുന്ന കാലം !




പേജ് - 132 വില - 130 രൂപ

## രാമായണ മാസത്തിൽ വായിക്കുക

ശ്രീ. കെ. കേരളദാസനുണ്ണിയുടെ

# 'സൗമിത്രേയം'

ലക്ഷ്മണനിലൂടെ രാമായണ കഥ ഇതൾ വിരിയുന്നു.
കുട്ടികൾക്കും മുതിർന്നവർക്കും
ഒരുപോലെ വായിക്കാവുന്ന ലളിത വ്യാഖ്യാനം.
കോപ്പികൾ ഉടൻ സ്വന്തമാക്കൂ...

9446443321


## പുസ്തകപ്രകാശനം




**ജൂൺ 19 :** വായനാദിനത്തിൽ പാലക്കാട് കല്ലേപ്പുള്ളിയിലെ പി. എ. എം. എം. യു. പി. സ്കൂൾ, അങ്കണത്തിൽ വെച്ച് ശ്രീമതി. കൃഷ്ണ എഴക്കാടിന്റെ നോവൽ 'ഇത് അനസൂയയുടെ കഥ നിന്റേയും' പ്രശസ്ത സാഹിത്യകാരൻ **ശ്രീ. സുരേഷ് തെക്കീട്ടിൽ** പ്രകാശനം ചെയ്തു. അക്ഷരദീപം സാംസ്കാരിക സമിതിയുടെ പാലക്കാട് ജില്ലാ പ്രസിഡണ്ട് ശ്രീമതി. ഗീതമ്മ ടീച്ചറും സ്കൂൾ എച്ച്. എം. ഉഷ ടീച്ചറും ചേർന്ന് പുസ്തകം ഏറ്റുവാങ്ങി. പ്രസാധകർ ഹരിതം ബുക്സ്.

## ഏകത്വയുടെ പുസ്തകങ്ങൾ

## വാങ്ങുക, വായിക്കുക




പേജ് 156 വില 175 രൂപ




പേജ് 172 വില 200 രൂപ




പേജ് 116 വില 120 രൂപ




പേജ് 16 വില 40 രൂപ

₹ 15

# ഏക തത്ത്വ

## മാസിക

പുസ്തകം 9 ലക്കം 8
ജൂലായ് 2019

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**
ഇ. ടി. മുരളീധരൻ
Mob : 9446443321, 9387118131
Email : muraliet@yahoo.co.in
etmuraliet@gmail.com
Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**
ബിന്ദു . കെ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം
**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :
E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
7 – ഏലി ഏലി ലാമ സബക്താനി ജ്ഞാനവർദ്ധകമായ വിളക്കം – എം. എം. മേനോൻ
8 – ഭൗതിക ആത്മീയ സിദ്ധാന്തങ്ങൾക്കൊരാമുഖം – പ്രൊഫ. വി. കെ. എം. നായർ
10 – അപരാഹ്ന ചിന്തകൾ – പ്രൊഫ. കെ. ശശികുമാർ
12 – വേണ്ടാ ആശാന്റെ നെഞ്ചത്തും കളരിക്ക് പുറത്തും – ഇന്ദു മാരാത്ത്
15 – തിരശ്ചീന രേഖയും ലംബരേഖയും – പി. ആർ. ജോസ്
21 – ന്യൂ ജനറേഷൻ – ഏഴംകുളം മോഹൻകുമാർ
30 – ചിന്തിക്കാൻ പഠിക്കൂ, പഠിപ്പിക്കൂ – വി. എ. മേനോൻ
41 – പഴയ മൊഴികൾ – പി. സി. രാമകൃഷ്ണൻ
**കഥ**
10 – ദുഃഖം – അശോക് കുമാർ പെരുവ
14 – പറഞ്ഞു തോറ്റ കഥ – ദേവസ്യ അരമന
17 – യജമാൻ – വിനോദ് ചെത്തല്ലൂർ
24 – ചോറ്റുരുള – അശോകൻ രാജീവം
31 – തെക്കീട്ടിൽ കഥകൾ – സുരേഷ് തെക്കീട്ടിൽ
36 – സമ്മാനപ്പെരുമഴ – ജോസഫ് പൂതക്കുഴി
**കവിത**
9 – സ്ലേറ്റ് – രാജീവ് മാമ്പുള്ളി
20 – ഞാൻ അടുത്തുള്ളപ്പോൾ – ജലജാപ്രസാദ്
28 – ഭൂമിയുടെ തേങ്ങൽ – പ്രേമ ആർ
29 – വയ്യിനി പെയ്യാൻ – ഇ. എൻ. നാരായണൻ
39 – ഇരുട്ട് – ഹരി കെ. പുരയ്ക്കൽ
39 – രതി – സൂര്യ
40 – പുതുച്ചൊല്ലുകൾ – സൈനുദീൻ മുണ്ടക്കയം
41 – ദുഃഖം ബാധിക്കയില്ല നൂനം – അജയ് ബാലചന്ദ്രൻ
42 – ഏക തത്ത്വം – ഇന്ദുജൻ
42 – മാതാ പിതാ ഗുരു – കുന്നിൽ വിജയൻ
42 – ഒടുവിൽ – ഉണ്ണി വിശ്വനാഥ്
**ഓർമ്മച്ചിത്രങ്ങൾ**
11 – എസ്. കെ. പൊറ്റെക്കാടും നാടൻ പ്രേമവും – മുക്കം ഭാസി
**വിജ്ഞാനച്ചെപ്പ്**
14 – പത്തും ഗുസ്തിയും – ഡോ. ഒ. സി. പ്രമോദ്
**ആരോഗ്യം**
16 – ചികിത്സയിലെ പാളിച്ചകൾ – ഡോ. സി. രാമകൃഷ്ണൻ
32 – നമ്മുടെ ആരോഗ്യമേഖല ശരിയായ ദിശയിലാണോ ? – ഡോ. സുനീത് മാത്യു
**ഗായകരത്നങ്ങൾ**
17 – മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ – ടി. വി. നാരായണൻ കുട്ടി
**മഹാത്മ**
19 – ജാതിഭ്രഷ്ടൻ – ബിന്ദു . കെ
**പാചകം**
21 – പച്ചച്ചുണ്ടങ്ങപ്പുളി – ജയ ചന്ദ്രൻ
**അഭിമുഖം**
22 – കോട്ടയ്ക്കൽ മധു – കൃഷ്ണ എഴക്കാട്
**അനുഭവം**
27 – ഒരു പുനർജ്ജനിയുടെ ഓർമ്മ – ഈശ്വർകുമാർ തരവത്ത്
38 – നിയമത്തിന്റെ വഴികൾ; ദൈവത്തിന്റേയും – പ്രകാശൻ ചുനങ്ങാട്
**വ്യക്തിപരിചയം**
28 – സംഗീത തപസ്യ – മുരളീധർ കൊല്ലത്ത്
**പൊതുവിജ്ഞാനം**
29 – പൊതുവിജ്ഞാനം – നൗഷാദ് ഖാൻ



ഇ. ടി. മുരളീധരൻ

# ജനനവും മരണവും നിശ്ചയിക്കുന്ന കാലം !

**പേ**ന കൊണ്ട് ആർക്കും എഴുതാം. എഴുതിയത് സ്വയമേവയും മറ്റുള്ളവർക്കും വായിക്കാം, വേണമെങ്കിൽ പ്രചരിപ്പിക്കാം. ഏതൊരു പ്രവൃത്തി പോലെത്തന്നെ എഴുത്തും മനസ്സിന്റെ പ്രതിഫലനമാണ്. പച്ചക്കറി മുറിക്കാനും ഒരാളെ കൊല്ലാനും കത്തി ഉപയോഗിക്കാം. മനസ്സാണ് തീരുമാനിക്കുന്നത്. ഭൂരിഭാഗം ആളുകളും പേരിനും പ്രശസ്തിക്കും പണമുണ്ടാക്കാനുമായി എഴുതുന്നു. അവരുടെ എഴുത്തിൽ തന്നെ അത് നമുക്ക് കാണാനുമാകും എന്നാൽ എഴുതാതെ നിവൃത്തിയില്ലാതെ എഴുതുന്നവരുമുണ്ട്. ഉള്ളിൽ തട്ടിയുള്ള എഴുത്ത് അത് മറ്റുള്ളവരുടെ മനസ്സിലും തങ്ങിനിൽക്കുന്നു.

പണ്ട് ഒരു വിനോദോപാധിയായിരുന്നു വായന. വായനക്കാരുടെ തലത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് രസിപ്പിക്കുക മാത്രമായിരുന്നു എഴുത്തുകാരന്റെ ലക്ഷ്യം പിന്നെ സമ്പാദനമാർഗ്ഗവും. വായനക്കാരെ നിഷ്ക്രിയനാക്കി രസിപ്പിച്ചിരുത്തി അവരുടെ സമയത്തെ കൊന്ന് സമ്പാദിച്ച പണം മദ്യത്തിനും മയക്കുമരുന്നിനും വഴിവിട്ട പല ബന്ധങ്ങളും അതിലൂടെ ഉണ്ടായ അസ്വസ്ഥതകളും എഴുത്തുകാരന് സമ്മാനിച്ചു. പഴയ പല എഴുത്തുകാരുടെ, കലാകാരൻമാരുടെ ജീവചരിത്രങ്ങൾ പരിശോധിക്കാം. വളരെ വിരളമായി മാത്രം നീതിപൂർണ്ണമായി എഴുതിയ, ജീവിച്ചവരെ കാണാനാകൂ.

ഒരു യഥാർത്ഥ മദ്യപാനി ഒരിക്കലും മറ്റുള്ളവരെ മദ്യപിക്കാൻ പ്രേരിപ്പിക്കില്ല. ഒരു കള്ളൻ ഒരിക്കലും നിങ്ങളെ കള്ളനാക്കാൻ നോക്കില്ല. ഒരു വ്യഭിചാരി പുരുഷനായാലും സ്ത്രീയായാലും നിങ്ങളെ വ്യഭിചാരിയാക്കാൻ ശ്രമിക്കില്ല. പക്ഷെ യഥാർത്ഥ മദ്യപാനി, കള്ളൻ, വ്യഭിചാരി ആകും വരെ അവർ പലരേയും നശിപ്പിക്കും എന്നതുപോലെ നല്ല എഴുത്തുകാരൻ ആകുംവരെ എഴുതാൻ വേണ്ടി എഴുതുന്നവരുടെ എഴുത്തും ലക്ഷ്യവും നല്ലതായിരിക്കണമെന്നില്ല.

എന്നും എക്കാലത്തും വൃത്തികേടുകൾ എഴുതിയാലാണ് ഏറ്റവും കൂടുതൽ പേർ അത് വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. എങ്ങനെയെങ്കിലും എന്നെ ഒന്ന് ശ്രദ്ധിച്ചാൽ മതി എന്നുകരുതി സോഷ്യൽ മീഡിയയിലൂടേയും മറ്റും എഴുതുന്നവരുണ്ട്. സോഷ്യൽ മീഡിയയിലൂടെ നല്ലത് എഴുതുന്നവർക്ക് ലൈക്ക് കുറവാണ്. എന്നാൽ മോശപ്പെട്ടവ മുഴുവനായും വായിച്ച് അവരുടെ സംഭാവനയായി ഒരു കമന്റിട്ട് വാക്കു കൊണ്ട് കസർത്തു നടത്തി മത്സരിക്കും കാലം... എഴുത്തിനെ ദൈവീകമായി കണ്ട് എഴുതിയ ഒരു വ്യക്തിയെ ഞാൻ പണ്ട് പരിചയപ്പെട്ടിരുന്നു. അന്ന് അദ്ദേഹത്തിനെ ആരും അറിയില്ല പക്ഷെ ഇന്ന് പ്രമുഖ മാസികയുടെ കവർ പേജിൽ അദ്ദേഹം സ്ഥാനം പിടിച്ചിരിക്കുന്നു. ഇപ്പോൾ എഴുതുന്നത് സ്വന്തം ഭാര്യയ്ക്കും മക്കൾക്കും വായിക്കാൻ പറ്റാത്തവ. അബദ്ധത്തിൽ വായിച്ചാൽ വഴിപിഴക്കാവുന്നവ. പക്ഷെ പ്രമുഖ മാദ്ധ്യമങ്ങൾ ഇത്തരക്കാർക്കൊരിടം കൊടുത്തിട്ടുണ്ട്. ഇത്തരം എഴുത്തിന് നല്ല വായനക്കാരുണ്ട് എന്നാണ് അവരുടെ പക്ഷം. എഴുത്തിനേയും വായനയേയും ഒരു ബിസിനസ്സ് ആയി കണ്ട് ജീവിച്ചവരുടെ ഇന്നത്തെ സ്ഥിതി ഒന്ന് ഇടയ്ക്കിടെ പരിശോധിക്കണം. ഇല്ലെങ്കിൽ ചരിത്രം ആവർത്തിക്കുന്നത് നാം അറിയാതെ പോകും.

വ്യഭിചരിച്ചു പണമുണ്ടാക്കി കുടുംബം പുലർത്തേണ്ട ഗതികേടുള്ളവരാണെങ്കിൽ പോട്ടെ എന്നുവെയ്ക്കാം പക്ഷെ നല്ല ജോലിയുണ്ടായിട്ടും വ്യഭിചരിക്കുന്നവരോട് എന്തുപറയാൻ ? അല്പനേരത്തെ സുഖത്തിനുവേണ്ടി നിരന്തര ദുഃഖം വരുത്തിവെയ്ക്കുന്നവർ, ദുഃശ്ശീലങ്ങൾക്ക് അടിമപ്പെട്ടവർ അത്തരക്കാർ എല്ലാ മേഖലയിലുമുണ്ട്, എഴുത്തുകാരുടെ ഇടയിലുമുണ്ട്. എന്തുചെയ്യും... ?

നല്ലൊരു പ്രവൃത്തി ഒരു യോഗയാണ്. ഇന്ന് നാം കാണുന്നതും ചെയ്യുന്നതുമായ യോഗ അഭ്യാസമാണ്. കാര്യം പിടികിട്ടിയോ ? യോഗ വെച്ച് അഭ്യാസം കാട്ടുന്നവർക്ക് വ്യക്തമായ സ്വാർത്ഥലക്ഷ്യമുണ്ട്. വളരെ അപൂർവ്വം പേരൊഴിച്ചാൽ ബാക്കിയുള്ളവർക്കെല്ലാം യോഗ ബിസിനസ്സ് മാത്രമാണ്. ലോകത്തിലെ പല ഭാഗത്തേയ്ക്കും യോഗ വ്യാപിപ്പിച്ച് ബിസിനസ്സ് സാധ്യത വർദ്ധിപ്പിച്ചിരിക്കുകയാണ്. നിരവധിപേരാണ് ഈ അഭ്യാസം മൂലം ഹോസ്പിറ്റലുകളിൽ ചികിത്സയ്ക്കായി എത്തുന്നത്. ശരിയായ ഗുരു ഇന്നില്ലല്ലോ. എല്ലാം ബിസിനസ്സ് ഗുരുക്കളാണ്. നല്ല ശിഷ്യനായാൽ നിങ്ങൾക്കും ഗുരു മാർഗ്ഗം പറഞ്ഞുതരും. സുഖമായി മറ്റുള്ളവരെ പറ്റിച്ച് ജീവിക്കാനുള്ള മാർഗ്ഗം പക്ഷെ ശരിക്കും നാം പറ്റിക്കപ്പെടുകയാണ് ഉണ്ടായതെന്ന് ഈ ജന്മത്തിനൊടുവിലോ ജന്മാന്തരങ്ങൾക്ക് നടുവിലോ ഇല്ലെങ്കിൽ പിന്നെ പരലോകത്തിൽ വെച്ചോ മനസ്സിലാക്കുക തന്നെ ചെയ്യും.

ദൈവഭയത്താൽ ഞങ്ങളെ നന്നാക്കിക്കളയാമെന്ന് വിചാരിക്കരുത്. ഒരുപാടുപേർ പലതരം വിശ്വാസങ്ങളിൽപ്പെടുത്തി നന്നാക്കാൻ നോക്കിയിട്ട് നടന്നിട്ടില്ല. പിന്നെയാണ് നിങ്ങൾ എന്ന് ചിന്തിച്ചേക്കാം. പക്ഷെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ചുറ്റും തന്നെ ദൈവം സൃഷ്ടിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ ജീവിതം പഠിക്കുക.

നല്ല സാമ്പത്തിക സ്ഥിതിയിൽ ആർഭാടമായി ജീവിക്കുന്നവരെയാണ് നിങ്ങൾ കാണുന്നത്. അതിനു മുൻപ് അവർക്ക് നല്കിയ നരകയാതനകൾ നിങ്ങൾക്ക് അറിയില്ല. അവർ അത് മറക്കുകയും ചെയ്തിരിക്കുന്നു. വീണ്ടും യാതന വരുംവരെ ആർക്കും

ചിന്തിക്കാനും തോന്നില്ല നിരീക്ഷിക്കാനും കഴിയില്ല. നിങ്ങൾ ദേവാലയങ്ങളിലെത്തിയും അല്ലാതേയും ആത്മാർത്ഥമായി പ്രാർത്ഥിച്ചതുമായ സമയങ്ങൾ, സന്ദർഭങ്ങൾ ഓർത്തുനോക്കുക...

ഒരാൾ നരകത്തിലെത്തി. വാതിൽക്കൽ നിൽക്കുന്ന ഭടൻ പറഞ്ഞു ഈ ഇടനാഴിയിലൂടെ പോകുക മൂന്നു റൂമുകളുണ്ട്. അതിൽ ഏതിൽ വേണമെങ്കിലും കയറാം. പക്ഷെ ഒന്നിൽ കയറിയ ശേഷം വേണ്ടെന്നുവെച്ച് അടുത്ത റൂമിൽ കയറുവാൻ പാടില്ല, അതിനു സമ്മതിക്കില്ല. അതുകൊണ്ട് സൂക്ഷിച്ചെടുക്കണം തീരുമാനം. വാതിൽക്കൽ നിന്നും കാര്യങ്ങൾ കാണാം, പറ്റുമെങ്കിൽ കയറാം. പക്ഷെ ഈ ഇടനാഴിയിലൂടെ തിരിച്ചുവരാൻ സമ്മതിക്കില്ല. ഏതെങ്കിലും ഒന്നിൽ കയറിയേ പറ്റൂ. സമ്മതം മൂളി ഇടനാഴിയിലൂടെ നടന്നു. ആദ്യത്തെ റൂമിന്റെ അകത്തേയ്ക്ക് നോക്കി. പാറക്കല്ലിനു മുകളിൽ കുറേയാളുകളെ തലകുത്തി നിർത്തിയിരിക്കുന്നു. വേണ്ട ഇത് ബുദ്ധിമുട്ടാണ്. അടുത്ത റൂമിൻ മുന്നിലെത്തി നോക്കി. അതിനകത്ത് കൂർത്ത കല്ലിനുമുകളിൽ തല കുത്തനെ നില്ക്കുന്ന ആളുകളെ കണ്ട് അതും വേണ്ടെന്നുവെച്ച് അടുത്ത റൂമിൻ മുന്നിലെത്തി. മുട്ടോളം ചെളി വെള്ളം എങ്കിലും എല്ലാവരും നല്ല സന്തോഷവാന്മാരാണ്. നിറയേ തട്ടുകടകൾ. എന്തുവേണമെങ്കിലും കഴിക്കാം. ഈ റൂം മതി. ചെളി സഹിക്കാം, തല കുത്തി നിൽക്കേണ്ടല്ലോ പോരാത്തതിന് സുഭിക്ഷമായ ഭക്ഷണവും കിട്ടും. അയാൾ അതിനകത്ത് കടന്ന് നേരെ ചപ്പാത്തിയും ചിക്കൻ കറിയും എന്ന് എഴുതിയ സ്റ്റാളിനു മുന്നിൽ ചെന്ന് ഭക്ഷണം ചോദിച്ചു. കടക്കാരൻ പാസ് കാണിക്കാൻ പറഞ്ഞു. ഇല്ല പാസെടുത്തിട്ടില്ല. എവിടെയാ കിട്ടുക ? ഞാൻ വരുന്ന വഴിയാണ്. അതിന് മറുപടിയായി കടക്കാരൻ പറഞ്ഞു: 'ഇപ്പോൾ ഇന്റർവെൽ ടൈം ആണ്. അതുകഴിഞ്ഞാൽ ഈ ചളിവെള്ളത്തിനടിയിൽ സ്ഥാപിച്ച കൂർത്ത കല്ലിൽ തല കുത്തി നിൽക്കണം. 25 വർഷം കഴിയുമ്പോഴാണ് അടുത്ത ഇന്റർവെൽ. അപ്പോൾ ഭക്ഷണത്തിനുള്ള പാസ് ലഭിക്കും. ചെളിവെള്ളത്തിൽ ശ്വാസം മുട്ടി കൂർത്ത കല്ലിൽ ഇരുപത്തിയഞ്ച് വർഷം നില്ക്കുക എന്നത് എന്ത് ബുദ്ധിമുട്ടാണ്. പക്ഷെ വേറെ നിവൃത്തിയില്ലല്ലോ. നില്ക്കുക തന്നെ. ഈ കഥയിലെ ആശയം പോലെയാണ് ജീവിതം. സുഖം തേടി പോകുമ്പോഴുള്ള വയ്യാവേലികൾ... എല്ലാ സുഖത്തിനു പിന്നിലും ദുഃഖവും ദുഃഖത്തിനു പിന്നിൽ അറിവും ഉണ്ട്.

മിനുട്ടിന് മിനുട്ടിന് ബീഡി കത്തിച്ച് വലിച്ച് മറ്റുള്ളവർക്കും കൂടി ശല്യമുണ്ടാക്കുകയും പുക വലിക്കുന്നതിനേയും മദ്യം കുടിക്കുന്നതിനേയും മയക്കുമരുന്ന് ഉപയോഗിക്കുന്നതിനേയും ന്യായീകരിക്കുന്നവർ. ഹോസ്പിറ്റലിൽ എത്തിയാൽ പിന്നെ ശിക്ഷ, ഇവരെ ഈ വിധത്തിലാക്കിയ ബന്ധുമിത്രാദികൾക്കാണ്. വേണ്ട സമയത്ത് വേണ്ടവിധം ഗുണദോഷങ്ങൾ പറഞ്ഞുകൊടുക്കാത്തവർക്ക് ലക്ഷങ്ങളുടെ ചിലവ്. ഇല്ലാത്ത പണമുണ്ടാക്കി ഹോസ്പിറ്റലിലെത്തിച്ചാൽ പിന്നെ ഹോസ്പിറ്റലുകാർ അവരുടെ പണി തുടങ്ങും. അബോധാവസ്ഥയിൽ എത്തിയ രോഗിയെ കണ്ട് സർക്കാർ ഹോസ്പിറ്റലിലെ ജീവനക്കാർ ഭയന്നു. വെറുതെ റിസ്ക്കെടുക്കാൻ വയ്യ, പണിയെടുക്കാൻ വയ്യ ! എന്തായാലും ശമ്പളം കിട്ടും, എന്തിനീ പൊല്ലാപ്പ് ? എത്രയും പെട്ടെന്ന് വല്ല സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലേയ്ക്ക് പൊയ്ക്കോളൂ. പക്ഷെ വെന്റിലേറ്ററുള്ള ആംബുലൻസ് തന്നെ വേണം. അവർ തന്നെ അത്തരം സൗകര്യമുള്ള ആംബുലൻസ് ഡ്രൈവറുടെ നമ്പർ പറഞ്ഞുകൊടുക്കും. വിളിച്ചമാത്രയിൽ ആംബുലൻസ് വരുകയും രോഗിയെ കയറ്റി അവരുടെ ഹോസ്പിറ്റലിലേയ്ക്ക് തിരിക്കും. പിന്നെ രോഗി ആദ്യം ഐ. സി. യു.വിലേക്ക് പിന്നെ വെന്റിലേറ്ററിലേക്ക്. ബന്ധുമിത്രാദികളെ പേടിപ്പിച്ച് പണമുണ്ടാക്കും ബിസിനസ്സ്. ഐ.സി.യുവിലെ സന്ദർശന സമയം 4 മുതൽ 5 വരെ. അതിന് മുൻപോ പിൻപോ ആളെ കടത്തിവിടുകയില്ല എന്ന് എഴുതിവെച്ചിട്ടുണ്ടാകും. നമ്മൾ വിചാരിക്കും ഭയങ്കര പരിചരണത്തിലാവും എന്ന്. പക്ഷെ പരിചരിക്കാൻ ആളെ കിട്ടണ്ടേ ? കിട്ടയവനെ കഴുതയേപ്പോലെ പണിയെടുപ്പിച്ച് പണി വെറുത്ത് കുറച്ച് നേഴ്സുമാർ ഉണ്ടാകും. അവർ എല്ലാം സർവ്വസാധാരണ കിട്ടുന്ന പണത്തിനേ പണിയെടുക്കൂ. ഡ്യൂട്ടി ടൈമിനേ പണിയെടുക്കൂ. ആരെങ്കിലും ഭരിക്കാൻ വന്നാൽ ജോലി രാജിവെയ്ക്കുമെന്ന ഭീഷണിയും. നേഴ്സിന് നേഴ്സിന്റെ ലോകം, അറ്റന്റർമാർക്ക് അറ്റന്റർമാരുടേയും ഡോക്ടർമാർക്ക് ഡോക്ടർമാരുടേയും ലോകം. ഇവർ ഒരിക്കലും ഐക്യപ്പെടാറില്ല. പിന്നെ സേവനമെങ്ങിനെ നേരാംവണ്ണം നടക്കും ? കെട്ടിടം പണിക്ക് അന്യഭാഷക്കാരെ ബംഗാളികളെ കൊണ്ടുവരും പോലെ അന്യഭാഷക്കാരായ ചെറുപ്പക്കാരായ, പ്രവൃത്തിപരിചയം തീരെയില്ലാത്ത ഡോക്ടർമാരാണ് സന്ധ്യ കഴിഞ്ഞാലും ഞായറാഴ്ചകളിലും രോഗം നിർണ്ണയിക്കുന്നത്. അപ്പോൾ പിന്നെ രോഗികളുടെ കാര്യം പറയാനില്ലല്ലോ. എന്തായാലും കാശ് ഇറക്കിയ ബിസിനസ്സുകാരന് ഇവരെയെല്ലാം വെച്ച് വേണം പണമുണ്ടാക്കാൻ. അങ്ങിനെ ഇരിക്കുന്ന ഇടത്തേയ്ക്കാണ് രോഗി ഇരയായി എത്തുന്നത്. രോഗിയെ ഒന്ന് എഴുന്നേൽപ്പിക്കാൻ പോയിട്ട് ചെരിച്ച് കിടത്താൻ പോലും ആരോഗ്യമില്ലാത്ത മെലിഞ്ഞുണങ്ങിയ നേഴ്സുമാരാണ് മിക്കിടത്തും. അധികവും ട്രെയിനീസാണ്. അവർക്ക് കുറച്ചുപണം കൊടുത്താൽ മതിയല്ലോ. ഇത്തരക്കാരാണ് രോഗിക്ക് മരുന്ന് നല്കുന്നത്. മരുന്ന് മാറിക്കൊടുത്താലും നമ്മൾക്കറിയില്ല. നമ്മളോട് മരുന്ന് വാങ്ങിക്കൊണ്ടുവരാൻ പറയും. ചിലപ്പോൾ മരുന്നിനുള്ള പണം മാത്രം അടച്ചാൽ മതിയാവും. മരുന്ന് അവർ കൊടുത്തോളും. നമ്മൾ വാങ്ങിക്കൊടുത്ത മരുന്നെല്ലാം കൊടുക്കുന്നുണ്ടോ എന്ന് ആരറിയുന്നു ? ഇവിടെയടുത്ത് ഒരു മനുഷ്യദൈവമുണ്ട്. ആ ദൈവത്തിന്റെ രഥം ബെൻസ് കാറാണ് കേട്ടോ! അദ്ദേഹത്തെ കാണാൻ ടോക്കണെടുത്ത് കാത്തിരിക്കണം. ക്യൂ നിൽക്കേണ്ട. സമയമാകുമ്പോൾ വിളിക്കും. അപ്പോൾ ചെന്നാൽ കാണാം (ദർശനമെന്നേ പറയാവൂ). ദൈവം പിറന്ന വീട്ടിലെ ജനാലകൾ ഇന്ന് കൗണ്ടറുകളാണ്. അവിടെ ദൈവത്തിന്റെ അളിയനും പെങ്ങളുമിരിപ്പുണ്ട്. അവരിൽ നിന്ന് പണം കൊടുത്ത് ദൈവത്തിനുള്ള കാഴ്ചദ്രവ്യങ്ങൾ പഴം പായസം ചന്ദനത്തിരി കർപ്പൂരം എല്ലാം വാങ്ങി വേണം ദർശനത്തിന് പോവാൻ ! അല്പസമയം കഴിയുമ്പോഴേയ്ക്കും നമ്മൾ ദൈവത്തിനുകൊടുത്ത പഴവും സാധനങ്ങളുമെല്ലാം വീണ്ടും വില്പനയ്ക്കായി കൗണ്ടറുകളിലേയ്

ക്ക് എത്തും. അത്തിരിച്ച് കൗണ്ടറുകളിലേയ്ക്കെത്തിക്കാൻ ദൈവത്തിന്റെ പേരക്കുട്ടികളുണ്ടല്ലോ ! ഇതുപോലെയാണ് പല ഹോസ്പിറ്റലുകളിലേയും മരുന്നുകച്ചവടമെന്ന് തോന്നിപ്പോവും ! എന്തായാലും നിങ്ങളുടെ പെരുമാറ്റത്തിൽ നിന്ന് നിങ്ങളുടെ കൈയിലെ പണം തീരുന്നത് അവർ അറിയും. നിങ്ങളെക്കൊണ്ട് സ്വരൂപിക്കാൻ പറ്റുന്നതിന്റെ മാക്സിമം പണം കിട്ടിക്കഴിഞ്ഞാൽ പിന്നെ പറയും നിങ്ങളുടെ സ്വന്തം റിസ്ക്കിൽ വേണമെങ്കിൽ റൂമിലേയ്ക്ക് മാറ്റാം. മാറ്റിയാൽ ഒന്നോ രണ്ടോ മണിക്കൂർ മാത്രമേ ജീവിക്കാൻ സാധ്യതയുള്ളു. അത് വേണോ ? ചോദ്യം നേരേ ഉള്ളിലേയ്ക്ക് കയറും. ദയനീയമായി രോഗിയെ നോക്കും. അനങ്ങുന്നില്ല, വേണ്ട ഇന്നുകൂടി ഇവിടെ തന്നെ കിടക്കട്ടെ. സന്ദർശനസമയത്തിനുമുൻപ് കൊടുക്കുന്ന മരുന്നിന്റെ ഡോസിൽ രോഗി ഉറങ്ങുകയാണ് എന്ന് ആര് അറിയുന്നു. സന്ദർശന സമയം കഴിയുമ്പോൾ ഉണരുന്ന രോഗി പലതും അന്വേഷിക്കും. വ്യക്തമായ മറുപടി കിട്ടാതെ മനസ്സ് വേദനിച്ചു കിടക്കും. സമയം പോലും എന്തിന് രാത്രിയാണോ പകലാണോ എന്നുകൂടി പറഞ്ഞുകൊടുക്കുന്നവരില്ല. തെറ്റു ചെയ്തവൻ തന്നെ ശിക്ഷ അനുഭവിക്കണമെന്നില്ല. തെറ്റിന്റെ കാഠിന്യത്തിനനുസരിച്ച് ഓരോരുത്തർക്കും ശിക്ഷ ലഭിക്കും. പൗരോഹിത്യത്തിന് കണക്കു പറഞ്ഞ് പണം പറ്റി ഭക്തിപ്രഭാഷകനായി, സന്യാസിയായി, പൂജാരിയായി നടക്കുന്നവന്റെ അച്ഛൻ ഒരുദിവസം ഐ.സി.യു.വിൽ എത്തിപ്പെട്ടതിന്റെ കാര്യം പിടികിട്ടിയല്ലോ അല്ലേ ? പലപ്പോഴായി പലരുടെ കൈയിൽ നിന്നും അനധികൃതമായി വാങ്ങിയ പണം ഒന്നിച്ചോ അതിൽ കൂടുതലോ ഹോസ്പിറ്റലിൽ കൊടുക്കേണ്ടിവരുന്നു. കിടക്കുന്നയാൾ എന്തു തെറ്റുചെയ്തു ? ഈ മകനെ ഈ വിധം വളർത്തി അവന്റെ പാപങ്ങളുടെ വിഹിതത്തിൽ ജീവിച്ചതിന് അദ്ദേഹത്തിനും വേണമല്ലോ ശിക്ഷ. സമയമില്ലാതെ നെട്ടോട്ടമോടുന്ന ബന്ധുമിത്രാദികൾക്കെല്ലാം ഈ ഒരു സംഭവത്തിലൂടെ ചെറുതും വലുതുമായ ശിക്ഷ ലഭിക്കുന്നുണ്ട്. പക്ഷെ ആര് അങ്ങനെ ചിന്തിക്കുന്നു ? ചിന്തിക്കൂ. ചിന്തിക്കുന്നവർക്കിവിടെ ദൃഷ്ടാന്തങ്ങളുണ്ട്.

വിജയവും തോൽവിയും ദൈവം തീരുമാനിക്കും. പരീക്ഷയ്ക്ക് തലേനാൾ ഇരുന്നുപഠിച്ചിട്ട് കാര്യമുണ്ടോ ? തുടക്കം മുതലേ എല്ലാ ദിവസവും കുറച്ചുനേരം ഇരുന്ന് പഠിക്കാമായിരുന്നു, എങ്കിൽ ഈ അവസാന നിമിഷത്തെ കഷ്ടപ്പാടുകൾ ഒഴിവാക്കാമായിരുന്നു, ഇനി ഒരു അവസരം കൂടി കിട്ടിയിരുന്നെങ്കിൽ നന്നായിരുന്നു. തുടങ്ങി പലതും അവസാന നിമിഷം ചിന്തിച്ചിട്ട് കാര്യമില്ലല്ലോ. എന്തായാലും തോൽക്കും മാനവും പോകും എന്നുകരുതിയിരിക്കുമ്പോഴാണ് അപ്രതീക്ഷിതമായ ജയം ഉണ്ടാകുന്നത്. സന്തോഷാധിക്യത്താൽ ജയിച്ച ഭരണാധികാരി പറഞ്ഞു ഇനി പാവങ്ങൾക്കൊപ്പം, ന്യൂനപക്ഷങ്ങൾക്കൊപ്പം, കർഷകർക്കൊപ്പം. പ്രതിപക്ഷത്ത് ആളുകൾ കുറവാണെങ്കിലും അവരുടെ വാക്കുകൾക്ക് വില നൽകും. എല്ലാവർക്കും സന്തോഷമായി. ഇയാൾ നല്ല കുട്ടിയായോ എങ്കിൽ ഞങ്ങൾ കൂടെയുണ്ട്. എല്ലാവരുടെ മനസ്സും നിറഞ്ഞു. എന്നാൽ അഞ്ചാം ക്ലാസ്സിൽ നിന്ന് ആറാം ക്ലാസ്സിൽ എത്തിയ ദിവസത്തെ ആവേശം രണ്ടുദിവസം കഴിഞ്ഞപ്പോഴേയ്ക്കും കെട്ടടങ്ങിത്തുടങ്ങി. പെട്ടിയുമെടുത്ത് കാണാത്ത രാജ്യങ്ങളിലേയ്ക്ക് പതിവുപോലെ യാത്ര തുടങ്ങി. ഇനി അടുത്ത പരീക്ഷക്കാലത്തേ ചിന്തിയ്ക്കൂ. എങ്കിലും ജനം ഒന്നടങ്കം തോൽപ്പിക്കാൻ കിണഞ്ഞു പരിശ്രമിച്ചിട്ടും അർഹതയില്ലാതെ പാസ്സാക്കിവിടുന്ന ദൈവത്തിന്റെ പദ്ധതിയെ കുറിച്ച് ആര് ചിന്തിക്കുന്നു... ദൈവത്തിന്റെ കൃപയുണ്ടെങ്കിൽ നമ്മൾ ജയിക്കുക തന്നെ ചെയ്യും ആര് തോൽപ്പിക്കാൻ ശ്രമിച്ചാലും. അതിൽ എന്തെങ്കിലും കാര്യം കാണും. മറ്റുള്ളവർക്ക് പഠിക്കാൻ വേണ്ടിയാണോ ഈ അർഹതയില്ലാത്ത ജയം എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും.


മഴ വേണമെന്നുണ്ട്. പക്ഷെ പ്രളയകാല ഓർമ്മകൾ നമ്മേ ഭീതിപ്പെടുത്തുന്നു. അതുകൊണ്ട് നാമിന്ന് മഴയേ ഭയക്കുന്നുമുണ്ട്. മരങ്ങളേയും പുഴകളേയും പർവ്വതങ്ങളേയും നശിപ്പിച്ചുകൊണ്ടേയിരിക്കുന്ന നാം കരുതിയിരിക്കണം. ശിക്ഷ എന്നൊന്നുണ്ടല്ലോ. എല്ലാ ആക്ഷനും ഈക്വൽ ആന്റ് ഓപ്പോസിറ്റ് റിയാക്ഷൻ ഉണ്ടല്ലോ അല്ലേ... ലക്ഷങ്ങൾ ചിലവഴിച്ച് തൈകൾ കവറിൽ മുളപ്പിച്ച് ജൂൺ 5 മുതൽ എല്ലാവർക്കും വെറുതെ നല്കി ചിലർ കടമ നിർവ്വഹിച്ചപ്പോൾ, മറ്റുചിലർ ചെടിയെ നട്ട് ചടങ്ങുതീർത്തു. വളരും വരെ പരിചരിക്കാൻ പറഞ്ഞില്ല നടുവാനേ പറഞ്ഞുള്ളു. ചെടി മരമാകാതെ മണ്ണടഞ്ഞു. ചടങ്ങുകൾ മാത്രമായി പലതും ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യനും ഒരുനാൾ മണ്ണടിയും. മണ്ണടിയും മുൻപ് ചിന്തിക്കണം മണ്ണായാൽ പിന്നെ മറ്റുള്ളവർ ചടങ്ങുനടത്തും... ആർക്കും പ്രയോജനമില്ലാത്ത ചടങ്ങുകൾ...

ജൂണിൽ നട്ട മരങ്ങൾ ജൂലായിൽ കാണാതായതിലല്ല ദുഃഖം. വായനാവാരത്തിൽ എന്തെല്ലാമോ പ്രസംഗിച്ചു. പക്ഷെ വേണ്ടത് വായിക്കാതെ പോയി. മനസ്സ് നന്നാവാതെ, മനസ്സിനെ നന്നാക്കാതെ യോഗ ചെയ്തിട്ട് കാര്യമുണ്ടോ ? മനസ്സിനെ നന്നാക്കാൻ ചിന്തയും വായനയും നിരീക്ഷണപാടവവും വേണം. അതുപോലെ ജീവിക്കാൻ പണവും ആരോഗ്യവും മാത്രം പോരല്ലോ അവസരങ്ങളും അനുഭവങ്ങളും ദൈവകൃപയും വേണം.

ഇപ്പോൾ ജനനവും മരണവും വരെ നമ്മുടെ കൈപ്പിടിയിൽ. നല്ല സമയം നോക്കി നല്ല നക്ഷത്രത്തിൽ ജനിക്കാൻ സിസേറിയൻ സഹായിക്കുമ്പോൾ ബന്ധുമിത്രാദികളുടെ ഒഴിവ് ദിവസം നോക്കി മരിക്കാൻ ഹോസ്പിറ്റലിലെ വെന്റിലേറ്ററുകൾ നമ്മെ സഹായിക്കും കാലം. എന്താ മനുഷ്യന്റെ അവസ്ഥ അല്ലേ ? ഒരു മനുഷ്യൻ തീരുമാനിക്കും മറ്റൊരുവൻ ജീവിക്കണോ മരിക്കണോ എന്ന്. മൂന്നു കുട്ടികളുടെ അമ്മയെ സ്വന്തമാക്കാൻ ശ്രമിച്ച് പരാജയഭീതിയിൽ കൊന്നത് കൂടെ ജോലി ചെയ്ത ഒരു പോലീസുകാരൻ ! അഴിമതിയ്ക്ക് കൂട്ടുനിൽക്കാത്തവരെ പിരിച്ചുവിടാൻ ശ്രമിക്കുന്ന ചില ഭരണാധികാരികൾ ! ഒരു കുപ്പി മദ്യത്തെ ചൊല്ലി അറുംകൊല നടത്തുന്നവർ ! നിഷിദ്ധ ഭക്ഷണം കഴിച്ചെന്നാരോപിച്ച് കൊല തുടങ്ങി അമ്മ തന്നെ പിഞ്ചുകുഞ്ഞിനെ കൊല്ലുന്ന കാലം, ഇത് കലികാലം! രാജ്യത്തേയും ജനങ്ങളേയും മറന്നു പെരുമാറുന്ന ഭരണാധികാരികൾ. പകൽ കൊള്ള നടത്തുന്ന ബാങ്കുകൾ എല്ലാം കൊണ്ടും ജീവിതം ദുഃസ്സഹം. എങ്കിലും പ്രതീക്ഷ കൈവിടേണ്ട, കലിതുള്ളേണ്ടാ, എല്ലാറ്റിനുമൊടുവിൽ നന്മ തിരിച്ചുവരുക തന്നെ ചെയ്യും. പ്രതീക്ഷയോടെ ക്ഷമയോടെ നമുക്ക് കാത്തിരിക്കാം... ●

# ഏലി ഏലി ലാമ സബക്താനി...

## ജ്ഞാനവർദ്ധകമായ വിളക്കം



**എം. എം. മേനോൻ**
**0491 6451469, 0491 2572939**

**ഏ**ലി ഏലി ലാമ സബക്താനി... ഏക തത്ത്വ പുസ്തകം 9 ലക്കം 6 മെയ് 2019 പേജ് 33ലെ ശ്രീ. പ്രമോദ് മഞ്ചേരിയുടെ ജ്ഞാനവർദ്ധകമായ വിളക്കം നന്ദിയോടെ സ്വീകരിക്കുന്നു.

അരാമായ്ക്കും ഗ്രീക്ക് ഭാഷയും ക്രിസ്തുവർഷത്തിന് സുമാർ 12 നൂറ്റാണ്ടുമുമ്പ് തൊട്ടു, മുഹമ്മദ് നബിയുടെ കാലത്ത്, അറബി ഭാഷയുടെ വിസ്തൃത പ്രചാരം വരെ, ഇന്നത്തെ പാലസ്റ്റൈൻ പരിസരങ്ങളിൽ ഉപയോഗത്തിൽ ഉണ്ടായിരുന്നുവത്രെ. ഇന്നത്തെ ഹീബ്രു (ജ്യൂതരുടെ ഭാഷ) അരാമായ്ക്കിൽ നിന്ന് ഉത്ഭവിച്ചതാണ്. യേശുവിനെക്കുറിച്ചുള്ള വിശ്വാസപ്രകാരം അദ്ദേഹം പൊതുജനങ്ങളുടെ വേദനകളെ ആവാഹിച്ചെടുത്ത് കുരിശിൽ തറപ്പിക്കപ്പെട്ടു പീഡിക്കപ്പെട്ടപ്പോൾ, 'ദൈവം ആർത്തജനങ്ങളെ കൈവിട്ടുവോ?' എന്ന ദയനീയ ചോദ്യം ഉയർന്നു എന്ന തോന്നലിനെ, ചിത്രീകരിക്കുന്ന ഈ സംഭവത്തിന്റെ ചിത്രവും പ്രതിമയും കത്തോലിക്കസമ്പ്രദായ പള്ളികളിൽ ഇന്ന് കാണാം. വീഡിയോ ക്യാമറയും മറ്റും ഇല്ലാത്ത ആകാലത്ത് ചിത്രീകരിച്ച ആശയത്തിനാണ് പ്രാധാന്യം. പ്രമോദിന് വീണ്ടും നന്ദി.

അവതാരങ്ങളും സ്വാർത്ഥതൽപരതയറ്റ ധർമ്മഗുരുക്കളും എ. സി. ബംഗ്ലാവിൽ വസിച്ച് പ്രത്യേക പുഷ്പകവിമാനത്തിൽ അപ്സരകളുമായി വിനോദ സഞ്ചാരം ചെയ്തു രമിക്കുന്നവർ എന്ന് നാം കരുതരുത്. മറിച്ച്, മാനസിക അപാകത കാരണം ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്ന പീഡകളാൽ ഹതാശരായി, തപിച്ചു, അധോഗതിയെ തുടരാതെ, വാസ്തവ നന്മയ്ക്കായി, സധൈര്യം, ഏകാഗ്രതയോടെ പോരാടി ജയിക്കേണ്ട നിർബന്ധത്തെ ഇത്തരം ചിത്രീകരണവും മറ്റും, എല്ലാ സമ്പ്രദായങ്ങളിലും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ബുദ്ധന്റെ <u>നാല് ഉന്നത സത്യങ്ങൾ</u> എടുക്കുക. 1) ജീവിതം ദുഃഖമയമാണ്. 2) ദുഃഖകാരണമാണ് 'തൃഷ്ണ' - തീവ്രമായ ആശ/ആർത്തി 3) ഇതിന് പരിഹാരമുണ്ട് 4) അതാണ് ബുദ്ധൻ, ധർമ്മം, സംഘം എന്നതിൽ ശരണാഗതി. ഇത് കർമ്മം വിട്ട് പലായനം തീരെയല്ല ! പൂർണ്ണശ്രദ്ധയോടെ <u>ചിന്തിച്ചനുസരണം</u> (MINDFULNESS) ആണ് ആവശ്യം.

കുരുക്ഷേത്രത്തിൽ ഉണ്ടാകാവുന്ന അതിദാരുണ രക്ത പ്രളയത്തെക്കുറിച്ച് ചിന്തിച്ചു വിഷണ്ണനായി പിൻവാങ്ങാനൊരുങ്ങിയ അർജ്ജുനനോട് ഉപദേശിച്ചതാണ് ഭഗവദ് ഗീത. മനുഷ്യമനസ്സിൽ സദാ നടക്കുന്ന, സുഖദുഃഖങ്ങൾ തമ്മിലെ വടംവലിയിൽ, സധൈര്യം, പൊരുതി, വിജയം നേടേണ്ടത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത ധർമ്മമാണ്. 'സുഖ-ദുഃഖം, ലാഭ-നഷ്ടം, ജയം-തോൽവി ഇവയെ ഒരേ പോലെ കരുതി ചെയ്യുന്ന യുദ്ധം/സൽകർമ്മത്തിൽ ഒരുവിധ പാപവുമുണ്ടാവുന്നില്ല.' 'ഗീത II - 38. അതുപോലെത്തന്നെ 'സ്വധർമ്മെ നിധനം ശ്രേയഃ...' ഗീത III - 35 (ധർമ്മപരിപാലനത്തിൽ ഉണ്ടാകാവുന്ന മരണം ഉത്തമം തന്നെ) 'യേശു ആർത്തരുടെ യഥാർത്ഥ നന്മക്കായി അനുഭവിച്ച പീഡയാൽ അത്യന്തം പ്രഭാവിതനായ ഭക്തൻ അസ്സീസി പുണ്യവാളൻ ഫ്രാൻസിസിനു, തന്റെ മരണത്തിനുമുമ്പ്, യേശുവിന്റെ വേദന ഒരിക്കൽ അനുഭവിച്ചാൽ കൊള്ളാം എന്ന് ഈശ്വരനോട് പ്രാർത്ഥിച്ചുവത്രെ. അതിന്റെ ഫലമായി ഒരുരാത്രി മുഴുവൻ ധ്യാനമഗ്നനായ ഫ്രാൻസിസിന്റെ ദേഹത്തിൽ അതേപോലെ വ്രണവും രക്തപ്പാടും മറ്റും കണ്ടു എന്ന് ശിഷ്യൻ 'സഹോദരൻ' ലിയോ പറഞ്ഞതായി എക്കണത്ത് ഈശ്വരൻ തന്റെ കൃതിയിൽ കൊടുത്തിട്ടുണ്ട്. താഴ്മ, സഹതാപം, സ്നേഹം എന്നിവയുടെ ഇത്തരം ഉദാഹരണങ്ങൾ ഭക്തജനങ്ങൾക്ക് പ്രചോദനം നൽകാതിരിക്കില്ല.'

'കൊളോണിയലിയസവും - സേനയിലെ ഓഫീസർമാരും അല്ലാത്തവരുമായുള്ള വിടവ് ഭീമമാണ്.' രണ്ട് പ്രസ്താവനകളെ പരിശോധിക്കാം. ഏത് അർത്ഥത്തിലാണ് കൊളോണിയലിസം എന്ന പദത്തെ പ്രയോഗിച്ചിരിക്കുന്നത് എന്ന് സ്പഷ്ടമല്ല. ഒരു കാര്യം തീർച്ചയാണ്. യുദ്ധം എന്നതും അതിനാൽ സേന എന്നതും മനുഷ്യരാശിക്ക് തീരെ അനാവശ്യമാണെന്ന് സംശയമില്ല. യുദ്ധത്തെ ന്യായീകരിക്കുന്നേടത്തോളം സേനയും ഒഴിച്ചുകൂടാത്തതല്ലേ ? പുരാതനകാലം തൊട്ട് ഇന്നുവരെ യുദ്ധത്താൽ വാസ്തവഗുണമുണ്ടായിട്ടുണ്ടോ ? (കലിംഗയുദ്ധത്തെക്കുറിച്ച് പിന്നീട് ചർച്ച ചെയ്യാം.) മനുഷ്യന്റെ ആധുനിക ഭൗതികതയുടേയും ഉപഭോക്താ സംസ്കാരത്തിന്റേയും അനിയന്ത്രിത ആർത്തി കാരണം നാം ധനലാഭം, അധികാരേച്ഛ, പെരുമ/പ്രശസ്തി, സുവിധാസാമഗ്രികൾ, സുഖഭോഗങ്ങൾ എന്നിവയെത്തേടി മൗലിക മാനവ മൂല്യങ്ങളെ തീരെ നീക്കിവെച്ച ഇന്ന്, 'മാവേലി നാട് വാണീടും കാലം, മാനുഷരെല്ലാരും ഒന്നുപോലെ'യെന്ന കാല്പനിക സമത്വം സാധ്യമാണോ, പ്രാവർത്തികമാണോ ? ഹിറോഷിമാ - നാഗസാക്കിയിലെ തീരെ ന്യായീക

രിക്കാൻ അസാധ്യമായ അക്രമങ്ങൾ മറക്കാമോ ?

കലിംഗയുദ്ധത്തിലെ രക്ത പ്രവാഹം കണ്ട് തീരെ മനസ്സുമാറിയ അശോകചക്രവർത്തി ഉടനെ യുദ്ധ വിരാമം ചെയ്തു ശേഷകാലം ബുദ്ധ ന്റെ 'ബഹുജനഹിതായ, ബഹുജന സുഖായ' രാജ്യം ഭരിച്ചതിനുശേഷം ലോകത്തിൽ യുദ്ധം കേവലം വൻ നാശമല്ലെ വരുത്തിയിട്ടുള്ളൂ? സ്പർ ദ്ധ വർദ്ധിച്ചു, അതിലും ഭയങ്കര യുദ്ധ ത്തെയല്ലെ ആധുനിക ഭൗതികത സൃ ഷ്ടിച്ചിട്ടുള്ളൂ?

പൊതുവെ 'സമത്വം' എന്ന പദത്തെ ഇന്ന് ആർത്ഥിക സമത്വം അവകാശ സമത്വം എന്നെല്ലാം അ ല്ലാതെ ചുമതലാബോധസമത്വം, കർ മ്മനിഷ്ഠ സമത്വം, സ്നേഹ സമത്വം, ത്യാഗബുദ്ധിസമത്വം എന്നിവയെപ്പറ്റി നമുക്ക് ചിന്തയുണ്ടോ ഇന്ന് ? ഭൗതി ക മേഖലയിലെ സമത്വത്തിന്നുള്ള ഇ ച്ഛ ഒരു മരുമരീചികയല്ലെ ? ആത്മീയ ചിന്തനത്തെ തീരെ നിരാകരിച്ചു കേ വലം ആധുനിക ഭൗതികതയെത്തേ ടി പരക്കം പാഞ്ഞുകൊണ്ടിരിക്കുന്ന ഇന്ന് നമ്മുടെ പിൻഗാമികൾക്ക് പൂർ ണ്ണനാശത്തെയല്ലെയുണ്ടാക്കുന്നത് ?

മേൽ കൊടുത്തത് സേന യിലെ 'ഭീമമായ വിടവിന്' പിന്തുണ യോ ന്യായീകരണമോ അല്ല. ആധു നിക ഭൗതികതയുടെ മാസ്മരിക ആ കർഷണത്താൽ മൗലിക മാനവ മൂ ല്യങ്ങളെ പാടെ നീക്കിവെച്ച നമുക്ക് മാനസിക നിലയിലെ സുഖശാന്തി എങ്ങനെ ലഭിക്കും ?

ചിന്തകരേ ! ബുദ്ധിജീവി കളേ ! മധ്യവർഗ്ഗത്തിന്റെ ശ്രദ്ധയെ, വീണ്ടും ആത്മീയ ദിശയിലോട്ട് കു റച്ചെങ്കിലും മാറ്റിക്കിട്ടാൻ താങ്കളുടെ പൂർണ്ണശ്രമം അനിവാര്യമാണ്. ഉത്തി ഷ്ഠത ! ജാഗ്രത !!


**വരിക്കാരായി സഹകരിക്കുക**

**ഏക തത്ത്വ മാസിക**
**വാർഷിക വരിസംഖ്യ - 170 രൂപ**
**രണ്ടുവർഷത്തേയ്ക്ക് - 340 രൂപ**
**മൂന്നുവർഷത്തേയ്ക്ക് - 500 രൂപ**

**രചനകളും കത്തുകളുമയക്കേണ്ട വിലാസം**

ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001


# ഭൗതിക ആത്മീയ സിദ്ധാന്തങ്ങൾക്കൊരാമുഖം

(അവസാന ഭാഗം)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച...)




**പ്രൊഫ. വി. കെ. എം. നായർ**
**0491 - 2501782, 9497504782**


മനുഷ്യത്വം എന്താണ് എ ങ്ങനെ ആയിരിക്കണം എന്ന് പഠിപ്പി ക്കുന്ന ബാലപാഠ പുസ്തകമാണ് മ തങ്ങൾ. അസുലഭ ആനന്ദലബ്ധി ക്കും സ്നേഹാധിഷ്ഠിത ജീവിതമെ ന്ത് എങ്ങനെ എന്നറിയാനുമായിരി ക്കണം ക്ഷേത്രങ്ങളും മറ്റ് ആരാധ നാലയങ്ങളും വിശ്വാസികൾ സന്ദർ ശിക്കേണ്ടത്. ആരാധനാലയങ്ങൾ പ്രത്യേക ചട്ടക്കൂട്ടിനുള്ളിൽ നിന്ന് വേണം പ്രവർത്തിക്കാൻ. അവിടെ മ താനുഷ്ഠാനങ്ങളും ആചാരങ്ങളും കൃത്യമായി പാലിക്കാൻ വിശ്വാസി കൾ ബാദ്ധ്യസ്ഥരാണ്. ആചാരാനു ഷ്ഠാനങ്ങൾ പൊതുനിയമത്തിന് വിധേയമായിരിക്കണമെന്നതും മതാ ചാര്യന്മാർ ഓർക്കേണ്ടതാണ്. പക്ഷെ സമത്വമെന്ന സമസ്യക്ക് അബ്സ ല്യൂട്ട് (Absolute) എന്ന പരികല്പന അപ്രായോഗികമാണ്. പ്രകൃതി പോ ലും നിഷേധിക്കുന്ന യാഥാർത്ഥ്യ ത്തെ ഉൾക്കൊള്ളാൻ മനുഷ്യൻ പഠി ച്ചാലെ ജീവിതം സുഗമമാകു.

വിശ്വാസികൾ അല്ലാത്ത ഭൗതികവാദികൾ ക്ഷേത്രങ്ങളും മറ്റ് ആരാധനാലയങ്ങളും ഇടിച്ച് നിര ത്തിയാലെ ഭൗതികവാദം വളരു എ ന്ന് ചിന്തിക്കുന്നത് അശാസ്യമല്ല. ആ രാധനാലയങ്ങളെ കലാസൃഷ്ടിക ളായി കാണാനെങ്കിലും ഭൗതികവാ ദികൾ പഠിക്കണം. അവിശ്വാസികളു ടെ എണ്ണം വർദ്ധിപ്പിച്ച് മതിലുകൾ തീർക്കുന്നതിന് പകരം അവിശ്വാസി കളും വിശ്വാസികളും ഒത്തൊരുമിച്ച് ആത്മീയാധിഷ്ഠിത ഭൗതിക ജീവി തം സാദ്ധ്യമാക്കാനുള്ള ശ്രമത്തിലേ ർപ്പെടുകയാവും ഉചിതം.

ബ്രഹ്മമെന്ന 'അബ് സൊ ലൂട്ട്' (Absolute) സങ്കൽപ്പവും മാറ്റർ (Matter) എന്ന ചലനസ്വഭാവമുള്ള 'അബ്സൊലൂട്ട്' അല്ലാത്ത യാഥാർ ത്ഥ്യവും തമ്മിലാണല്ലോ മത്സരം. പ്ര പഞ്ചമാകെ നിറഞ്ഞ് കവിഞ്ഞ് പ്രപ ഞ്ചത്തിനെ കീഴ്പ്പെടുത്തി ഒഴുകുന്ന പുഴയാണ് ദൈവസങ്കല്പം. മനുഷ്യ നിൽ ദൈവാംശം ഉണ്ടെന്ന് തെളിയി ക്കാനാണ് മനുഷ്യശ്രമം. 'Brahmin is the sole cause of the world, that is the ultimate, intelligent cause and that all things, conscious and nonconscious are grounded in it.' എന്ന ഉപനിഷത് വച നം ബ്രഹ്മൻ എന്ന വിശ്വാസത്തെ മുഴുവനായി ഉൾക്കൊള്ളുന്നു. (തൈ ത്തരീയ ഉപനിഷത്)

'കർമ്മം' എന്നതിനെ വിധി യുമായി ബന്ധിപ്പിച്ച് കർമ്മമാണ് വി ധിയെന്ന് വ്യാഖ്യാനിക്കുന്നത് ശരി യല്ല. കർമ്മം ചെയ്യേണ്ടിവരുന്ന വ്യ ക്തിയെ ദുർവിധിയിലേക്ക് തള്ളിനീ ക്കുകയാണെന്ന വ്യാഖ്യാനവും സ്ഥാപിത താല്പര്യസംരക്ഷകരുടേ താണ്. വിധിയെന്ന ജയിലിൽ അക പ്പെട്ട മനുഷ്യരാണ് അദ്ധ്വാനിക്കുന്ന ജനവിഭാഗമെന്ന പ്രചാരവും ദുരുദ്ദേ ശപരമാണ്. കർമ്മമെന്നതിന്റെ 'സ ത്ത' കർമ്മവും അതിന്റെ പരിണത ഫലവും തമ്മിൽ ബന്ധമുണ്ടെന്ന് മാ ത്രമാണ്. നല്ല വിത്ത് വിതച്ചാൽ കൊ യ്ത്ത് നല്ലതായിരിക്കും എന്ന അർ ത്ഥം മാത്രമേ കല്പിക്കേണ്ടു. കർമ്മം എന്തായിരിക്കണമെന്നും എങ്ങനെ

ആവണമെന്നും സ്വയം തീരുമാനിക്കാം. അതിനുള്ള ബുദ്ധിവിശേഷവും ആർജ്ജവവും വ്യക്തിയ്ക്കുണ്ടായിരിക്കണമെന്ന് മാത്രം. വ്യക്തിയുടെ സ്വതസിദ്ധമായ കഴിവിന് തടസ്സം നില്ക്കുന്നവരെ എതിർത്ത് തോൽപ്പിക്കാനുള്ള ആത്മീയപ്രഭാവം വ്യക്തി നേടിയിരിക്കേണ്ടതാണ്. വ്യക്തിയെന്നാൽ, വ്യക്തി ഉൾപ്പെടുന്ന സമൂഹമെന്നാണ് അർത്ഥം കല്പിക്കേണ്ടത്. ബുദ്ധിപരമായ ഔന്നത്യം പ്രഭുത്വം, പ്രതിഭ എന്നിവ കർമ്മ വൈദഗ്ദ്ധ്യത്തേയും സദ്ഗുണസമ്പന്നതേയും ആശ്രയിച്ചിരിക്കും. വിധിയെന്ന വൻ കുഴിയിലേക്ക് സ്വയം വഴുതി വീഴാതെ ഏത് ദുർഘട സ്ഥിതിയേയും എതിർത്ത് തോല്പിക്കാനുള്ള ശേഷി വ്യക്തിക്ക്, സമൂഹത്തിന് ഉണ്ടാകണം. 'To strive, to seek, to find and not to yield' എന്ന മട്ടിലായിരിക്കണം കർമ്മം.


ആത്മീയ അടിമത്വത്തിന് അദ്ധ്വാനിക്കുന്ന ജനവിഭാഗം സ്വയം വിധേയരായി പോകുന്നു എന്നത് ദുരുദ്ദേശപരമായ പ്രചരണായുധം മാത്രമാണ്. അദ്ധ്വാനിക്കുന്ന ജന വിഭാഗത്തിനും ആദിവാസികൾക്കും വേണ്ടത്ര ഭൗതിക സൗകര്യം ഒരുക്കേണ്ട ബാദ്ധ്യത ഭരണാധികാരികളുടേതാണ്. അവരതിൽ നിന്ന് ഒഴിഞ്ഞു മാറി എല്ലാ തെറ്റുകുറ്റങ്ങളും ആദിവാസികളുടേതും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റേതുമാണെന്ന് വരുത്തി തീർക്കാൻ ദുഷ്പ്രചരണം നടത്തുകയാണ് ചെയ്യുന്നത്. കിടക്കാനിടം, അദ്ധ്വാനിക്കാൻ ഭൂമി, കുട്ടികളുടേയും മുതിർന്നവരുടേയും ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസ സൗകര്യം ഇത്രയുമൊക്കെ ചെയ്യാൻ കഴിയാതെ പോകുന്നത് അക്ഷന്തവ്യമാണ്. അദ്ധ്വാനിക്കുന്നവരുടെ വിപ്ലവ വീര്യം കാത്തുസൂക്ഷിക്കാൻ അവർക്ക് ചിന്താസ്വാതന്ത്ര്യവും ഭൗതിക സൗകര്യങ്ങളും അത്യാവശ്യമാണ്. അത് നിരസിക്കുന്നത് അവരുടെ വിപ്ലവവീര്യം തകർക്കാനും എന്നുമെന്നും അവരെ അടിമകളാക്കാനുമാണ്.

പട്ടിണിയും അനാരോഗ്യവുമായി കഴിയുന്ന അദ്ധ്വാനിക്കുന്ന ജനവിഭാഗം, പട്ടിണി അനുഭവിക്കേണ്ടിവരുമ്പോൾ ആത്മീയ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമെന്ന് പറയുന്നത് അസംഭാവ്യമാണ്. പക്ഷെ മാർക്സ് പറഞ്ഞതിൽ യാഥാർത്ഥ്യമുണ്ട്. പട്ടിണി അനുഭവിക്കുന്നവന് റൊട്ടികഷണം നല്കി മതം മാറ്റത്തിന് ശ്രമിക്കുന്നവരുണ്ട്. മനുഷ്യരെ മതങ്ങളുടെ വലയിൽ കുരുക്കുക എന്നത് മതമെന്ന സംഘടനയുടെ ആവശ്യമാണ്. സംഘടനയുടെ വലിപ്പവും ശക്തിയും എണ്ണത്തിനെ ആശ്രയിച്ചുള്ളതാണെന്ന പൊതുതത്ത്വം മതങ്ങളും പ്രായോഗികതലത്തിലെത്തിക്കാൻ ശ്രമിക്കുന്നു എന്നുമാത്രം. 'സംഘടിക്കുവിൻ ശക്തിയാർജ്ജിക്കുവിൻ' എന്നതാണല്ലോ പൊതുതത്ത്വം. ഈ വൈരുദ്ധ്യാത്മക തത്ത്വത്തിൽ, സംഘടിക്കുന്ന ജനത്തിനല്ല ശക്തി നേരെമറിച്ച് അതിന്റെ മേൽത്തട്ടിലുള്ള ഭരണാധികാരികൾക്കാണ് ശക്തി ലഭിക്കുന്നത്. അവർക്ക് വേണമെങ്കിൽ സംഘടിച്ച് അദ്ധ്വാനിക്കുന്ന വിഭാഗത്തെ വെറും അടിമകളാക്കാൻ കഴിഞ്ഞെന്ന് വരും. പണ്ട് അടിമകളെ ചങ്ങലയ്ക്കിട്ടിരുന്നു എങ്കിൽ, ഇന്ന് ചങ്ങലയ്ക്കിടാതെ, ചാട്ടവാറടി നല്കാതെ നിയന്ത്രിക്കാൻ നേതാക്കന്മാർക്ക് കഴിയുന്നു എന്നത് നേട്ടമായി കണക്കാക്കാം. നേതാക്കന്മാരുടെ സ്വാർത്ഥതാല്പര്യസംരക്ഷണത്തിന് ഈ അടിമകളെ വിനിയോഗിക്കുകയും ചെയ്യുന്നു. മതങ്ങളും, രാഷ്ട്രീയ കക്ഷികളും ഈ വിഷയത്തിൽ പ്രവർത്തിക്കുന്നത് ഒരേപോലെ. നേതൃത്വനിരയുടെ വ്യഭിചാരസ്വാതന്ത്ര്യം എപ്പോഴും നീതിയുക്തമായിരിക്കുമെന്നാണല്ലോ അടിമകളായ ജനലക്ഷങ്ങളുടെ വിശ്വാസം.

ആത്മീയം ദൈവികമാണ്. അതെല്ലാ മനുഷ്യരിലുമുണ്ട്. പക്ഷെ അത് വിനിയോഗിക്കാനുള്ള ഭൗതിക സ്വാതന്ത്ര്യം നിയന്ത്രണവിധേയമാക്കപ്പെട്ടിരിക്കുന്നു. ഭൗതിക സ്വാതന്ത്ര്യം മെച്ചപ്പെട്ട നിലയിൽ, എല്ലാരിലും ഒരേപോലായാൽ മനുഷ്യരിലെ മനസ്സിന്റെ ശക്തി വർദ്ധിക്കുകയും അത് ഏത് ഭൗതികവസ്തുവിനേക്കാൾ ശക്തിയുള്ളതായി മാറുകയും ചെയ്യും. ശക്തിയുള്ള മനസ്സിന് വ്യക്തി അധിഷ്ഠിതം, വ്യക്തിബാഹ്യം എന്ന രണ്ടുതരത്തിലുള്ള കാഴ്ച്ചപ്പാടുണ്ടാവില്ല. എല്ലാം വ്യക്തിബാഹ്യമായ കാഴ്ചപ്പാടായിരിക്കും. ഉൾക്കണ്ണ് തുറന്നാൽ അവർക്ക് എല്ലാമെല്ലാം കാണാൻ കഴിയും. അതിനാലാണ് അവർ 'സൂപ്പർമെൻ' ആകുന്നത്. അത്യുഗ്ര മനസ്സിന്റെ ലക്ഷണം പറയാൻ തുടങ്ങുന്നത് മൗഢ്യമാണ്. പരമോന്നതമായ ആത്മീയ ശക്തികൾ ഭാരതത്തിൽ ജീവിച്ചിരുന്നു എന്നും അവർ വിവിധ ശാസ്ത്രതത്ത്വങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടെന്നും അറിയുക. മനുഷ്യനും ദൈവത്തോളമുയരാൻ കഴിയുമെന്നതാണ് ഭാരതീയ ആദ്ധ്യാത്മികതത്ത്വം. അതോടെ ആത്മീയ ഭൗതിക വേർപാടില്ലാതാകുന്നു. ആത്മീയാധിഷ്ഠിത ഭൗതിക ജീവിതം സാദ്ധ്യമാകുന്നു.

(അവസാനിച്ചു)

■ കവിത



രാജീവ് മാമ്പുള്ളി
9961070707

# സ്ളേറ്റ്

മറവിമഷിത്തണ്ടുകൊണ്ട്
മായ്ക്കാനാവാത്ത
വെളുത്തക്ഷരത്തെറ്റായി ജീവിതം
മാറിപ്പോകാതിരിക്കാൻ
അതിർചട്ടയിൽ പേരെഴുതി
മന:കണക്കുമായാതിരിക്കാൻ
വറുതിയുടെ മാറാപ്പ്പൊതിഞ്ഞു.
ഗുണപാഠത്തിൻ മറുപടികളൊക്കെ
ചിത്രലിപിയിലെഴുതി
ആമയും, മുയലും രണ്ടക്കരകളായി
കറുത്തചിരിപാഥേയവുമായി
ചങ്ങാതിയിണത്തുഴകളില്ലാതെ
കഥനകളിവഞ്ചിയിൽ
ഞാനക്കരയ്ക്കും,
ഇക്കരയ്ക്കുമിടയിൽ - ക്ലിപ്തമായി.

# അപരാഹ്നചിന്തകൾ

## തെരഞ്ഞെടുപ്പ്



പ്രൊഫ. കെ. ശശികുമാർ
9446442081

**അ**നിവാര്യമായ യുദ്ധം അടുത്തെത്തിയിരിക്കുന്നു. പാണ്ഡവരും കൗരവരും സമരോത്സുകരായി. കുരുക്ഷേത്രം യുദ്ധാവേശത്തിലും. സഹായാഭ്യർത്ഥനയുമായി രണ്ടുപേർ ശ്രീകൃഷ്ണന്റെ വാസസ്ഥലത്തെത്തി. ശയനാഗാരത്തിൽ ഭഗവാനുറങ്ങുന്നു. ഹംസതൂലികാശയ്യയുടെ തലയ്ക്കലും കാല്ക്കലുമായി അർജ്ജുനനനും ദുര്യോധനനും നിലയുറപ്പിച്ചു. തൃക്കണ്ണു തുറക്കവേ, ആദ്യം കണ്ട ദുര്യോധനനോട് 'എന്തുവേണ'മെന്ന് ഭഗവാൻ ചോദിച്ചു. ഭഗവാന്റെ എണ്ണം പറഞ്ഞ സൈന്യവ്യൂഹം ആവശ്യപ്പെട്ട് കൗരവവീരൻ ഉറപ്പാക്കി. അടുത്തത് അർജ്ജുനന്റെ ഊഴം. പാർത്ഥൻ ഭഗവാനോടപേക്ഷിച്ചു : "എനിക്ക് അങ്ങ് മാത്രം മതി." പാർത്ഥസാരഥിയുടെ ഭൗതിക ശക്തി കൗരവർക്ക്, കൃപാവരം പാണ്ഡവർക്കും.

മഹായുദ്ധത്തിന്റെ പരിണാമമെങ്ങനെ ? ഏത് യുദ്ധവും - വലുതും ചെറുതുമാവട്ടെ - സാമൂഹികമായ തിന്മയാണ്. ഒരു യുദ്ധത്തിലും, ആത്യന്തികവിശകലനത്തിൽ, ആരും ജയിക്കുന്നില്ല; ആരുമേ തോല്ക്കുന്നുമില്ല. ഭഗവാന്റെ സൈന്യം കൗരവപക്ഷത്ത് തോറ്റുതുന്നം പാടി. ഭഗവാന്റെ, അതേ ഭഗവാന്റെ സമ്പൂർണ്ണസാരഥ്യത്താൽ പാണ്ഡവർക്ക് അന്തിമവിജയം. അർജ്ജുനന്റെ തെരഞ്ഞെടുപ്പാണ് ഇവിടെ വിജയ രഹസ്യം. നല്ലത് തെരഞ്ഞെടുക്കുമ്പോൾ നാട്ടിൽ നന്മ വളരും, വിളയും. അർജ്ജുനൻ തെരഞ്ഞെടുത്തത് ഉത്തമ പുരുഷനെയാണ്, മാനവവേഷം കെട്ടിയാടിയ മാധവനെ.

ഇവിടെ ഒരു കാര്യം നാം ഓർമ്മിയ്ക്കുക. അർജ്ജുനൻ ധനുർധരനായെങ്കിൽ മാത്രമേ യോഗേശ്വരനായ കൃഷ്ണനെ ലഭിക്കുകയുള്ളു. രണ്ടുകൈയ്യുള്ള, ഉപകരണങ്ങളുപയോഗിക്കുന്ന, അദ്ധ്വാനശീലമുള്ള സാമൂഹിക മനുഷ്യനുമാത്രമേ ഭഗവദ്വിഭൂതികൾ ലഭിക്കുകയുള്ളു. അലസനും അഹങ്കാരിയ്ക്കും അഴിമതിക്കാരനും ദൈവരാജ്യം വിദൂരസ്ഥലിയായിരിക്കും തീർച്ച.

ജീവിതത്തിന്റെ കമ്പോളത്തിൽ ഇലക്ഷനും സെലക്ഷനുമുണ്ടല്ലോ. വൈരുധ്യങ്ങളിൽ നിന്നും ഒന്നിന്റെ സ്വീകരണമാണ് ഇലക്ഷൻ. വൈവിധ്യങ്ങളിൽ നിന്ന് ഒന്നും സ്വായത്തമാക്കലാണ് സെലക്ഷൻ. രണ്ടിടങ്ങളിലും അവശ്യം വേണ്ടത് മൂല്യവിചാരമത്രെ. മൂല്യാധിഷ്ഠിത ജീവിതത്തിന് മാത്രമേ കനവും കലാത്മവുമുണ്ടാകുകയുള്ളു.

നല്ലത് തെരഞ്ഞെടുക്കുമ്പോഴുണ്ടാവുന്ന ഭാവശബളിമ ഭഗവദ്ഗീത വരച്ചുകാട്ടുന്നുണ്ട്. വിജയവും ഐശ്വര്യവും നീതിയും അന്നേരം ഉറപ്പ്. സംസാരജീവിതമെന്ന യുദ്ധമുഖത്ത് യോഗപദ്ധതിയിലൂടെ മുന്നേറുന്ന ഒരുവന് വിജയം സുനിശ്ചിതം. ജീവിതയാത്രയിൽ പരാജയഭീതി അനുഭവപ്പെടില്ല. സർവ്വൈശ്വര്യങ്ങളും ലഭിയ്ക്കും. ശാശ്വതമായ നീതിയും ഒപ്പം.

യുദ്ധഭൂമിയിൽ നിന്നുകൊണ്ട് അർജ്ജുനൻ രണ്ടു പ്രതിജ്ഞയെടുത്തു. ഒന്ന് : നദൈന്യം. വെറുതേ വിഷാദിക്കില്ല. രണ്ട് : നപലായനം. ജീവിതത്തിൽ നിന്നും ഒളിച്ചോടുകയില്ല. ഒരിക്കൽ മാത്രം കിട്ടുന്ന ജീവിതത്തിന് അഴകും ആരോഗ്യവുമുണ്ടാകുവാൻ ഈ ശുഭദർശനം അനിവാര്യം തന്നെ.

ആശിക്കുന്നതെന്തും ജീവിതത്തിൽ കിട്ടിയെന്നുവരില്ല. കിട്ടുന്നവകളെ, ഇഷ്ടപ്പെടാനുള്ള മനോനിലയാണ് മെരുക്കി വളർത്തേണ്ടത്.

*ജീവിതം ഒരുവെല്ലുവിളിയാണ് -*
*നേരിടുക*
*ജീവിതം പ്രശ്നസങ്കീർണ്ണമാണ് -*
*പരിഹാരം തേടുക.*
*ജീവിതം ഒരു 'ഗെയിം' ആണ് -*
*നന്നായി കളിക്കുക.*
*ജീവിതം ഒരു സ്വപ്നമാണ് -*
*സാക്ഷാത്ക്കരിക്കുക.*

ഇവിടെയെല്ലാം ഒരു കാര്യം മറക്കാതിരിക്കാൻ ഓർമ്മിയ്ക്കുക - നല്ല തെരഞ്ഞെടുപ്പ്.

■കഥ

## ദുഃഖം

അശോക് കുമാർ പെരുവ
9497872701

**ഭാ**ര്യയുടേയും മക്കളുടേയും ദുഃഖം കണ്ടുനിൽക്കുന്നവരുടെയെല്ലാം കരളലിയിച്ചു. "കൊണ്ടുപോകരുതേ..." വിലാപത്തിൽ വീടും, മനസ്സുകളും നനഞ്ഞുകുതിർന്നു. സംസ്കാരശുശ്രൂഷകൾക്കു ശേഷം കുഴിയിലേക്കെടുക്കാൻ തുനിഞ്ഞ ബന്ധുക്കളേയും അയൽക്കാരേയും അവർ തൊടാൻ സമ്മതിച്ചില്ല.

"ഇദ്ദേഹമില്ലാതെ ഒരു നിമിഷം ഞങ്ങൾക്ക് ജീവിക്കാൻ വയ്യോ... കൊണ്ടുപോകാൻ ഞങ്ങൾ സമ്മതിക്കൂല്ല."

ശവത്തലക്കലെ തിരി എണ്ണ വറ്റി കെട്ടു. ചന്ദനത്തിരികൾ ചാരമായി അടർന്നുവീണു. പകലിരുണ്ടപ്പോൾ ബന്ധുക്കളും അയൽക്കാരും സ്വകാര്യങ്ങളിൽ മുഴുകി. വീണ്ടും നേരം പുലർന്നപ്പോഴും കരച്ചിൽ തുടരുക തന്നെയാണ്. മൂന്നാം ദിവസത്തിലേക്ക് കടന്ന കരച്ചിൽ എന്തു പറഞ്ഞവസാനിപ്പിക്കണമെന്നോർത്ത് കോലായിലെത്തിയ ബന്ധുമിത്രാദികൾ അമ്പരന്നു. കൂട്ടക്കരച്ചിലോടെ ഭാര്യയും മക്കളും പറഞ്ഞു:

"ആരെങ്കിലും ഇദ്ദേഹത്തെ ഒന്ന് കൊണ്ടുപോണേ..."

# എസ്. കെ. പൊറ്റെക്കാടും നാടൻ പ്രേമവും



മുക്കം ഭാസി
9846138693

**കോ**ഴിക്കോട് പട്ടണത്തിൽ നിന്ന് 18 നാഴിക കിഴക്കുമാറി സ്ഥിതിചെയ്യുന്ന ഒരു മലയോരഗ്രാമമാണ് മുക്കം. വേണമെങ്കിൽ ഒരു പുഴയോരഗ്രാമമെന്നും വിളിയ്ക്കാം.

വടക്കും, കിഴക്കും, തെക്കും ഇരുവഞ്ഞിപ്പുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ ഗ്രാമം ഒരർത്ഥത്തിൽ ഒരു എയർകണ്ടീഷൻഡ് ഗ്രാമം തന്നെയായിരുന്നു. നദിയിൽ നിന്ന് വീശിയടിയ്ക്കുന്ന കുളിർകാറ്റ് സൗമ്യനായ മുത്തച്ഛന്റെ തലോടൽ പോലെ സുഖപ്രദം.

അവിടവിടെ ഉയർന്നു നിൽക്കുന്ന കൊച്ചുകുന്നുകളും ചെറിയ മലകളും വീതി കുറഞ്ഞ നെൽപ്പാടങ്ങളും കുന്നിൽ നിന്ന് ഒലിച്ചിറങ്ങുന്ന ഉറവ വറ്റാത്ത ചോലകളും തോടുകളുമെല്ലാം ഒരുകാലത്ത് എന്റെ ഗ്രാമത്തിന്റെ സൗന്ദര്യക്കാഴ്ചകൾ ! വിവിധതരം പക്ഷികൾ, അവയുടെ കൂജനങ്ങൾ, മലരണിക്കാടുകൾ, ഓളിയിടുന്ന കുറുക്കന്മാർ, മുള്ളൻ പന്നികൾ, സാക്ഷാൽ പന്നികൾ, നരികൾ, പാമ്പിൻ കൂട്ടങ്ങൾ... ഇവിടമാണദ്ധ്യാത്മ വിദ്യാലയം എന്ന് തോന്നിപ്പോകുമായിരുന്നു – രമണനിൽ ചങ്ങമ്പുഴ പാടിയതുപോലെ 'മതി, മമ, വർണ്ണനം നിങ്ങളൊന്നാ മലനാട് കണ്ടാൽ കൊതിച്ചു പോകും' എന്ന അവസ്ഥ. അതായിരുന്നു ഞങ്ങളുടെ ഗ്രാമം.

അവിടേയ്ക്കാണ് പിൽക്കാലത്ത് അതിപ്രശസ്തനായി തീർന്ന സഞ്ചാരസാഹിത്യകാരൻ എസ്. കെ. പൊറ്റെക്കാട് വരുന്നത്, 1940കൾക്ക് മുൻപ്. മുക്കത്തിന്റെ പ്രകൃതി ഭംഗിയും ഗ്രാമീണരുടെ നിഷ്കളങ്കതയും കാപട്യമറിയാത്ത ഗ്രാമകന്യകമാരും എല്ലാം കൂടി കണ്ണിനും കരളിനും കർപ്പൂരകാഴ്ചയായി തീർന്നപ്പോൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് ഒരു റൊമാന്റിക് കാവ്യം ഉതിർന്നുവീണു! നാടൻ പ്രേമം എന്ന എസ്. കെ. യുടെ ആദ്യനോവൽ. ഞങ്ങളുടെ ഗ്രാമത്തിന്റെ ആദ്യകൃതി.

1940കളിൽ ഇതെഴുതുകയും 1941ൽ ബോംബേ മലയാളികൾക്ക് ഇത് സമർപ്പിയ്ക്കയും ചെയ്തു. ഈ കൃതിയിൽ മുക്കത്തിന്റെ ഗ്രാമീണസൗന്ദര്യം മുഴുവൻ പ്രതിബിംബിച്ചുകാണാം. പ്രകൃതിയുടേയും ജനതയുടേയും വിശിഷ്യാ ഗ്രാമീണ കന്യകമാരുടേയും. മുക്കത്തെ ചന്ത, കർഷകർ, പുഴ, ചെമ്മൺ പാതകൾ എന്നുവേണ്ട എല്ലാം എല്ലാം ഒപ്പിവെച്ചിരിയ്ക്കുന്നു നാടൻ പ്രേമത്തിൽ !

നഗരവാസിയായ ഒരു പ്രഭുകുമാരൻ തന്റെ സുഹൃത്തുക്കളോട് ക്ലബ്ബിൽവെച്ച് ഒരു ബെറ്റ് വെക്കുന്നു. നാളെ നിങ്ങൾ ക്ലബ്ബിൽ വരിക. അപ്പോൾ കാര്യങ്ങളറിയാം. എല്ലാവരും മദ്യലഹരിയിലായിരുന്നു. എന്തായിരിയ്ക്കും ആ രഹസ്യം ? രവിയുടെ – അതായിരുന്നു ആ പ്രഭുകുമാരന്റെ പേര് – വിവാഹകാര്യമായിരിയ്ക്കുമോ ? അതോ മറ്റുവല്ലതുമോ ? ഒരെത്തും പിടിയും കിട്ടുന്നില്ല. ങാ... നാളെയാവട്ടെ ! അപ്പോഴറിയാം ആ രഹസ്യം.

പിറ്റേന്ന് കാലത്തുതന്നെ സുഹൃത്തുക്കൾ ക്ലബ്ബിലെത്തി. അപ്പോൾ മേശപ്പുറത്ത് ഒരു കത്ത് 'ക്ലബ്ബിലെ അംഗങ്ങൾക്ക്' എന്ന മേൽവിലാസത്തിൽ. ജിജ്ഞാസുക്കളായ അവർ ആ കത്തെടുത്ത് വായിച്ചു. അതിങ്ങനെ. 'സ്നേഹിതരെ, ഞാൻ രണ്ടുമാസത്തേയ്ക്ക് ഒരജ്ഞാതവാസത്തിനു പോകുന്നു. എന്റെ ഗൂഢമായ വാസസ്ഥലം കണ്ടുപിടിയ്ക്കുന്നവർക്ക് എന്റെ പുതിയ മോറിസ്സ് കാർ സമ്മാനം.' – രവീന്ദ്രൻ.

രവീന്ദ്രൻ തെരഞ്ഞെടുത്തത് മുക്കം എന്ന ഗ്രാമത്തെ. മുൻകൂട്ടി ഏർപ്പാട് ചെയ്തിരുന്ന പുഴയരികിലുള്ള ഒരു വീട്ടിലേയ്ക്ക് അദ്ദേഹം താമസം മാറ്റുന്നു. വൈകുന്നേരം പുഴയുടെ മണൽത്തിട്ടിൽ കൂടി നടക്കുമ്പോഴാണ് 'ഒരനാഘ്രാത കുസുമം' അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടത്; ഒരു ഗ്രാമീണ സൗന്ദര്യം ! മാളു !!

ക്രമേണ മാളുവും രവീന്ദ്രനും പരസ്പരം ഇഷ്ടപ്പെട്ടു. പരിഷ്ക്കാരിയും പട്ടണവാസിയും സുന്ദരനുമായ രവീന്ദ്രന്റെ പഞ്ചാര വാക്കുകളിൽ മാളു മയങ്ങിപ്പോയതിൽ അത്ഭുതമില്ല. കാപട്യമറിയാത്തവരാണല്ലോ ഗ്രാമീണർ. അവർ വളരെ അടുത്തു. അടുക്കരുതാത്ത വിധം അടുത്തു. രവീന്ദ്രന് തിരിച്ചുപോവേണ്ട സമയമായി. പട്ടണത്തിൽ പോയി തിരിച്ചുവന്ന് മാളുവിനെ കൊണ്ടുപോകാമെന്ന് അയാൾ സത്യം ചെയ്തു. കണ്ണീരോടെ മാളു രവിയെ യാത്രയയച്ചു. പറഞ്ഞപ്രകാരം രവി വന്നില്ല. രവി മറ്റൊരു പ്രഭുകുമാരിയെ വിവാഹം ചെയ്ത് സുഖമായി കഴിഞ്ഞു.

രവിയുടേയും മാളുവിന്റേയും സകലരഹസ്യങ്ങളുമറിയുന്ന ഒരു ഗ്രാമീണൻ മുക്കത്തുണ്ടായിരുന്നു – ഇക്കോരൻ. ഇക്കോരൻ ഒരു പരോപകാരിയായിരുന്നു. ആർക്കും എന്തുസഹായവും എപ്പോൾ വേണമെങ്കിലും ചെയ്തുകൊടുക്കുന്ന പ •

രോപകാരി; പ്രതിഫലേച്ഛ കൂടാതെ! മാളുവിന്റേയും രവീന്ദ്രന്റേയും രഹസ്യസമാഗമം മാളുവിന്റെ ഉദരത്തിൽ വലുതാവാൻ തുടങ്ങി. അവളുടെ പ്രതീക്ഷ നശിച്ചു. ഒരു ദിവസം അവൾ തന്റെ ജീവിതം എന്നന്നേയ്ക്കുമായി ഇരുവഞ്ഞിയ്ക്ക് സമർപ്പിയ്ക്കാൻ തീരുമാനിച്ചു. ഒരുദിവസം രാത്രി കുലം കുത്തിയൊഴുകുന്ന നദിയിലേയ്ക്ക് അവൾ എടുത്തുചാടി. പക്ഷെ, എപ്പോഴും മാളുവിന്റെ നിരീക്ഷകനായിരുന്ന ഇക്കോരൻ ഇത് കാണുകയും നീന്തൽ വിദഗ്ദ്ധനായ അദ്ദേഹം മാളുവിനെ രക്ഷിയ്ക്കയും ചെയ്തു.

നാട്ടുകാരുടെ മുമ്പിൽ അവർ ഭാര്യാഭർത്താക്കന്മാരായി ജീവിയ്ക്കയും ചെയ്തു. സത്യസന്ധനായ കാലം രവി ദമ്പതികൾക്ക് ഒരു കുഞ്ഞിനെ കൊടുത്തില്ല. എന്നാൽ മാളു ഒരോമന കുഞ്ഞിനെ പ്രസവിച്ചു, ഒരാൺ കുഞ്ഞ്. അവൻ വളർന്നു ഇക്കോരന്റെ മകനായി, മിടുക്കനായി. മക്കളില്ലാത്ത രവി ദമ്പതികൾ നിരാശയുടെ പടുകുഴിയിൽ വീണു. കോടാനുകോടിയ്ക്ക് പിൻമുറക്കാരില്ലാത്തതിൽ അവർ അത്യന്തം ഖേദിച്ചു. തന്റെ ഒരു സുഹൃത്ത് മുഖേന മാളുവിന്റേയും മകന്റേയും വിവരം രവി അറിയുന്നു. രവി, ഒരു സുഹൃത്ത് മുഖേന ഇക്കോരനെ വിളിപ്പിയ്ക്കുന്നു. മകനെ വിട്ടുതരണമെന്നും ചോദിയ്ക്കുന്നതെന്തും നൽകാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഹൃദയം തകർന്ന ഒരു പിതാവിനെ ഇക്കോരൻ രവിയിൽ കാണുന്നു.

രവിയുടെ മകനെ വിട്ടുകൊടുക്കാൻ ഇക്കോരൻ മാളുവിനെ നിർബ്ബന്ധിയ്ക്കുന്നു. ഒടുവിൽ തന്റെ പ്രാണന്റെ പ്രാണനായ മകനെ അവൾ അച്ഛനായ രവിയ്ക്ക് വിട്ടുകൊടുക്കുന്നു. അതേരാത്രി മാളു ഇരുവഞ്ഞിപ്പുഴയുടെ അഗാധതയിൽ വിലയം പ്രാപിയ്ക്കുന്നു; ഇതറിഞ്ഞ ഇക്കോരനും അവളെ പിന്തുടരുന്നു. ഇതാണ് നാടൻ പ്രേമത്തിന്റെ രത്നച്ചുരുക്കം. എന്റെ ഗ്രാമത്തെക്കുറിച്ച് ആദ്യമായി പുറത്തുവന്ന 'ട്രാജിക്ക് നോവൽ' !

(തുടരും)

■ ലേഖനം

# വേണ്ടാ...

## ആശാന്റെ നെഞ്ചത്തും കളരിക്ക് പുറത്തും...




ഇന്ദു മാരാത്ത്
9947678213


പ്രവാസി സുഹൃത്തിന്റെ വീട്ടിലേക്ക് നൽകാൻ ഏൽപ്പിച്ച സാധനങ്ങളുമായി പുലർച്ചെ കാറിൽ ഡ്രൈവർക്കൊപ്പം പുറപ്പെട്ടതാണ്. മൊബൈലൊന്നും ഇറങ്ങിയിട്ടില്ലാത്ത കാലം. ഇടുക്കിയിലെ ഏതോ പ്രദേശത്താണ് വീട്. ഉച്ച തിരിഞ്ഞപ്പോൾ ഏകദേശം പറഞ്ഞ സ്ഥലമെത്തിയെന്ന് തോന്നി. ആകെ വിജനമായി നീണ്ടുകിടക്കുന്ന പാതയോരത്ത് ഒരു മരച്ചോട്ടിലെ ബൈക്കിൽ രണ്ടു ചെറുപ്പക്കാരെ കണ്ടപ്പോൾ ആശ്വാസത്തോടെ അവരോട് ആ വീട്ടിലെത്താനുള്ള വഴി, വിലാസം നീട്ടി ചോദിച്ചു. കലങ്ങിച്ചുവന്ന കണ്ണുകളോടെ യാത്രികനെ അവർ തുറിച്ചു നോക്കി എന്തോ ചവച്ചുകൊണ്ടിരുന്നതല്ലാതെ ഒരു മിണ്ടാട്ടവുമില്ല. കുറേത്തവണ ചോദിച്ചപ്പോൾ ഒരുത്തൻ നാനാവശത്തേക്കും കൈകൾ വീശി കുറേ ആംഗ്യങ്ങൾ കാട്ടിയെങ്കിലും ഒന്നും മനസ്സിലായില്ല. പിന്നീടതിലെ സൈക്കിളിൽ വന്നയാളും ചോദ്യത്തിന് വായിലെ മുറുക്കാൻ വെച്ച് എന്തോ അപശബ്ദങ്ങളുണ്ടാക്കി പോയതല്ലാതെ ഒരു രക്ഷയുമുണ്ടായില്ല. ഒരു ചെറു ഹോട്ടൽ പോലുമില്ലാത്ത സ്ഥലത്ത് വിശപ്പും ക്ഷീണവുമെല്ലാം കൊണ്ട് ഡ്രൈവർ ഒക്കെ കഞ്ചാവ് കേസുകളെന്ന് പറഞ്ഞ് ഉറക്കെ ദേഷ്യപ്പെടുന്നുണ്ടായിരുന്നു. ഒടുവിൽ എങ്ങനൊക്കെയോ മലമൂട്ടിനിടക്കുള്ള വീട് കണ്ടുപിടിച്ച് എല്ലാമേൽപ്പിച്ച് തിരിച്ച് സ്വന്തം വീടെത്തുമ്പോൾ അർദ്ധരാത്രി...! അവിടെത്താനുള്ള എളുപ്പവഴി ഇല്ലാഞ്ഞിട്ടല്ല അവർ കഷ്ടപ്പെട്ടതെന്ന് പറയേണ്ടതില്ല. കാരണം ആ ചെറുപ്പക്കാരുടെ വീടും ഈ സുഹൃത്തിന്റെ വീടിനടുത്തുതന്നെയായിരുന്നു !!

ചിലരങ്ങനെ. മറ്റു ചിലരാകട്ടെ ആരെങ്കിലുമൊന്ന് മിണ്ടാൻ കിട്ടാൻ കാത്തിരിക്കുന്നവരാണ്. ഒരിക്കലൊരാൾ കാൽതെറ്റി ഗ്രാമത്തിലെ പൊട്ടക്കിണറ്റിൽ വീണു. കിണറ്റിലേക്കെത്തിനോക്കി നിൽക്കുന്ന അയാളുടെ ചങ്ങാതിയെന്ന് തോന്നിക്കുന്നയാളോട് എന്താണ് സംഭവം എന്ന് അതിലേ പോകുന്നവർ ചോദിച്ചു. പ്രത്യേക ചുവടുവെപ്പുകളോടെ അയാൾ തുടങ്ങി.

ഏകപടേ ത്രിപടേ ദശപഞ്ചപടേ
ധകുണം ധകുണം
തധികുധാതൈ ധും...

കേട്ടവർക്ക് ഒന്നും തിരിഞ്ഞില്ലെന്ന് അവരുടെ ഭാവത്തിൽ നിന്നും തോന്നിയ ആൾ അതിന്റെ വിവരണം ആരംഭിച്ചു. 'അതായത് ആദ്യം ഒന്നാമത്തെ പടിയിൽ പിന്നെ മൂന്നാമത്തെ പടിയിലേക്ക്. അവിടന്ന് മറിഞ്ഞ് അഞ്ചാമത്തെ പടിയിൽ. പിന്ന വിടുന്നങ്ങട് ഉരുണ്ടുരുണ്ട് ധും എന്ന് കിണറ്റിനടിയിലേക്കൊരു വീഴ്ച. ഇതുകേട്ട് കൂടിയവർ ചിലർ എന്താപ്പോയിത് എന്നന്ധാളിക്കുമ്പോൾ ഭാഗ്യത്താൽ ഇതൊന്നും ശ്രദ്ധിക്കാതെ കുറച്ചുപേർ കയറൊക്കെയിട്ട് വീണയാളെ മുകളിലെത്തിച്ചതുകൊണ്ട് രക്ഷപ്പെട്ടു. അപ്പഴും പിന്നീട് കാണുന്നവരോട് വീണവിശേഷം ഈണത്തിൽ പാടിപ്പറഞ്ഞുകൊണ്ടിരിക്കുക തന്നെ നമ്മടെയാശാൻ...!

അമ്പലത്തിലെ ആൽത്തറയിൽ തനിച്ചിരിക്കുന്ന കാർന്നോരോട് തൊഴാൻ വന്നയാൾ എന്താ ഇവിടിങ്ങനെ ഇരിക്കുന്നത് എന്ന ലോ

ഹ്യം ചോദിച്ചതാണ്. ഇങ്ങട് വരൂ എന്ന് അടുത്തേക്ക് ക്ഷണിച്ചപ്പോൾ ആകാംക്ഷയോടെ അയാൾ കാർന്നോർക്ക് സീരിയസ്സായി എന്തോ പറയാനുണ്ടെന്ന് കരുതി ചെന്നു. ശ്രദ്ധിച്ചുകേട്ടോളൂ ട്ടോ എന്നും പറഞ്ഞ് കാർന്നോർ ഉറക്കെ ശ്ലോകം പോലെ ചൊല്ലി

ഒരുത്തൻ പോയൊരുത്തിയായ്
ഒരുത്തിപെറ്റിരുവരായ്
ഇരുവരും കരുത്തരായ്,
കരുത്തരും വിരുദ്ധരായ്
വിരുദ്ധരിൽ ഇളയവന്റെ
ബന്ധുവിന്റെ
ശത്രുവിന്റെ ഇല്ലം മുടിച്ചവന്റച്ഛന്റെ
വരവും കാത്തിരിപ്പാ ഞാൻ...

അന്തംവിട്ടിരിയ്ക്കുന്ന ആളെ നോക്കി വിസ്തരിച്ച് ചിരിച്ച് തന്റെ വിജ്ഞാനം പകർത്താൻ കിട്ടിയ അവസരം പാഴാക്കാതെ കാർന്നോർ തുടർന്നു. നിങ്ങക്കൊന്നും വേദോം പുരാണോം അറിയാത്ത ദോഷാണ്. എന്നെപ്പോലുള്ളോരടടുത്ത് വന്നാലല്ലേ വല്ലോം മനസ്സിലാക്കിത്തരാൻ പറ്റൂ. ശ്രീപാർവ്വതിടെ ശാപത്താൽ സരോവര നദീൽ ആണുങ്ങൾ കുളിക്കാനിറങ്ങിയാൽ പെണ്ണായി മാറും. ഇതറിയാതെ ഒരാൺ കുരങ്ങ് അതിലിറങ്ങുകയും പെൺ കുരങ്ങായി മാറുകയും – അരുണ എന്നാ അതിന്റെ പേര്. ഇന്ദ്രസൂര്യൻമാരിൽ യഥാക്രമം അവൾക്ക് ബാലിസുഗ്രീവൻമാരെന്ന ഇരുപുത്രൻമാർ ഉണ്ടാവുകയും ചെയ്തു. അവർ ശക്തരായി വളർന്നു. പിന്നെ ഇരുവരും ശത്രുക്കളായി. അതിൽ ഇളയവന്റെ, അതായത് സുഗ്രീവന്റെ ബന്ധു ആരാ ? ശ്രീരാമൻ. അദ്ദേഹത്തിന്റെ ശത്രു രാവണൻ. അയാൾടെ ഇല്ലം മുടിച്ചവനാരാ ? സാക്ഷാൽ ഹനുമാൻ. അദ്ദേഹത്തിന്റെ അച്ഛനോ ? അതാണ് വായു ഭഗവാൻ. അതായത് നമക്ക് കിട്ടണ ശുദ്ധമായ കാറ്റ്. ഇപ്പോ മനസ്സിലായല്ലോ വ്യക്തമായിട്ട്, ഞാനെന്തിനാ ഇവിടിരിക്കുന്നതെന്ന്. അമ്പരന്ന് കുന്തം വിഴുങ്ങിയ പോലെയിരിക്കുന്ന അയാളെ നോക്കി തന്റെ അറിവിൻ ഭണ്ഡാരം പങ്കുവെക്കാനായ ആനന്ദത്തിൽ "താൻ നാളേയും വരൂ, ഇതുപോലെ ധാരാളം പറഞ്ഞു തരാം" എന്നറിയിച്ച് കാർന്നോർ എണീറ്റ് പോയി. പാവം അയാൾ നോക്കുമ്പോഴേക്കും പൂജ കഴിഞ്ഞ് അമ്പലമൊക്കെയടച്ച് എല്ലാരും പോയിക്കഴിഞ്ഞിരുന്നു.

സരസമായി സംസാരിക്കുന്നവരേയും ശ്രദ്ധയുള്ള ശ്രോതാക്കളേയും എല്ലാരുമിഷ്ടപ്പെടും. എന്നാൽ മറ്റുള്ളോരെ ശ്രദ്ധിക്കില്ലെന്ന് മാത്രമല്ല സ്വന്തം വീരസാഹസികതയും ആത്മപ്രശംസയും നിറച്ച് ആളെ കാണുന്ന മാത്രയിൽ വാചാലരാകുന്ന കൂട്ടരെ കണ്ടാൽ തന്നെ മനുഷ്യർ മാറിപ്പോകാൻ നോക്കും. സംവാദങ്ങളിലും ചർച്ചകളിലുമെല്ലാം നാം കാണാറുള്ളതാണ്. ഒരാൾ സംസാരിച്ചു പൂർത്തിയാക്കും മുമ്പേ തന്നെ അഭിപ്രായങ്ങളെഴുന്നെള്ളിക്കാൻ വെമ്പി ഉച്ച ശബ്ദത്തിൽ ഒട്ടും മാന്യതയില്ലാതെ ബഹളം വെക്കുന്ന മഹാൻമാരേയും മഹതികളേയും. മറ്റുചിലരോ ചോദ്യങ്ങളിൽ നിന്നൊഴിഞ്ഞ് മാറുകയോ അഥവാ അതിനോട് യാതൊരു ബന്ധവുമില്ലാത്ത വർത്തമാനങ്ങൾ – അതുപോലും നേരാംവണ്ണം പറയാനാവാതെ മുക്കിയും മൂളിയും ഒപ്പിച്ച് പേ പിടിച്ച മട്ടിൽ ചിരിയും ഗോഷ്ടിയുമൊക്കെയായി സമയം മിനക്കെടുത്തുന്നവർ. ഓരോരുത്തരുടെ പ്രസംഗരീതികളും ഇതുപോലൊക്കെയാണ്. മൈക്ക് കിട്ടിയാൽ മണിക്കൂറുകൾ പോകുന്നതറിയാതെ സദസ്യരെ കൊല്ലാക്കൊല ചെയ്യുന്നവർ. നേർവിപരീതമായ സഭാഭയത്താൽ തൊണ്ട വറ്റി മേലാകെ വിറച്ച് ഒരക്ഷരം നേരേചൊവ്വെ മിണ്ടാനാവാതെ പരിഹാസ്യരാവുന്നവർ...

ഇനിയൊരു കൂട്ടം വ്യക്തികൾ സദാസമയവും ദുഃഖദുരിതമാറാപ്പുകളുടെ ഭാരം മുന്നിൽ പെടുന്നവരുടെ തലയിൽ വെക്കാൻ ഉന്നം വെച്ചിരിപ്പാണ്. ജനിച്ച തൊട്ടുള്ള ഓർമ്മകളിൽ വിഷമങ്ങളും പ്രയാസങ്ങളും ദൈവം അവർക്കുമാത്രമായി കൊടുത്തിരിക്കുകയും ബാക്കിയെല്ലാരും സന്തോഷമുള്ളവരും തങ്ങളുടെ വേദനകൾ മനസ്സിലാക്കാൻ ശ്രമിക്കാത്തവരുമാണെന്ന കുറ്റപ്പെടുത്തലുകളിലൂടെ സംസാരം തുടരുന്നു ഇവരെപ്പോഴും. വേറൊരു കൂട്ടരോ തങ്ങളീ ലോകത്തേയല്ല എന്ന ഭാവത്തിലും. വല്ലതും ചോദിച്ചാൽ അന്യഗ്രഹജീവികളെപ്പോലെ മിഴിച്ചുരുട്ടി ചെവി കേൾക്കാത്ത മട്ടിലോ ഭാഷയറിയാത്ത പോലെയോ ഒരു നോട്ടമായിരിക്കും മറുപടി. ഇപ്പഴൊരു മൊബൈൽ ഫോണും വന്നപ്പോൾ അധികമെണ്ണവും 'മുനിയാണ്ടി'പ്പാവകളായി മാറുകയും ചെയ്തു.

എന്താ സുഖമല്ലേ എന്ന് ഒരു ഭംഗിവാക്ക് ചോദിച്ചാൽ മതി ചിലരോട് സ്നേഹത്തിന്റെ പേരിൽ. ഹൊ കഥ കഴിഞ്ഞതുതന്നെ. മിക്കവാറും മധ്യവയസ്സുകഴിഞ്ഞവർക്കാണ് ഈ ചോദ്യം കൂടുതൽ പഥ്യം. ഒരു ഇരയെക്കിട്ടിയ ആക്രാന്തത്തിലാവും പിന്നെയവർ നിറുത്താതെയങ്ങ് ഒരു വാതുറക്കൽ. എന്റെ കുട്ടീ എന്തിനുപറയുന്നു നാലഞ്ച് കൊല്ലമായി ആകപ്പാടെ കഷ്ടപ്പാട് തൊടങ്ങീട്ട്... സമാധാനമായി ഒന്നുറങ്ങാൻ കൂടി പറ്റാതെ ദേഹമാസകലം എരിപൊരിസഞ്ചാരം തന്നെ. ചില നേരത്ത് മുഴുവനായി ചുട്ടുപൊള്ളുന്ന പോലെ. അതുകഴിഞ്ഞാൽ വല്ലാതെ കുളിർന്ന് വിറയലും. കൈയും കാലുമൊക്കെ മരത്തടിപോലാവും. ആകെ നീരുവന്ന് വീർത്തുകെട്ടും. പിന്നെ നെറുകന്തലയങ്ങട് വേദനിച്ച് പൊളിയും. കണ്ണിലൊക്കെ മുളകരച്ചിട്ടപോലെ നീറും. ചീരാപ്പും മൂക്കൊലിപ്പും ചുമയും കഫവും കൊണ്ട് ഒരു പരുവമായി. പ്രഷറും ഷുഗറും കാരണം വിശപ്പുണ്ടെങ്കിലും ഒന്നും കഴിക്കാനും വയ്യ. വയറാകെ അപ്സെറ്റാ, ഗ്യാസ്ട്രബിളുമുണ്ട്... എന്നിങ്ങനെ പോവും. ഇതിനൊരു ഫുൾസ്റ്റോപ്പ് അടുത്തൊന്നും ഉണ്ടാവില്ലെന്നറിയുന്ന ബന്ധുവിന്റെ ശ്വാസംമുട്ടൽ, പരവേശം ഇവരുണ്ടോ അറിയുന്നു. ഇതിൽ നിന്നൊരു രക്ഷാമാർഗ്ഗം കാണിക്കണേ ഈശ്വരാ എന്ന പ്രാർത്ഥന പലപ്പോഴും നിഷ്ഫലമാവുകയേയുള്ളു. അത് വേണമെങ്കിൽ അവർക്ക് അടുത്ത ഇരയെ കിട്ടണം.

ഇവരിൽ നിന്നും അങ്ങേ ധ്രുവത്തിലുള്ളവരാണ് സ്വന്തം കാര്യങ്ങളോ സുഖസൗകര്യങ്ങളോ ഒ

ന്നിലും ഒരു ചിന്തയുമില്ലാത്തവരും എന്നാൽ സ്വന്തമാളുകളുടെയെങ്കിലും വിഷയങ്ങളിൽ പോലും അൽപ്പവും ചുമതലയോ ഉത്തരവാദിത്തമോ കാട്ടാൻ പോലും താല്പര്യമില്ലാത്ത വർഗ്ഗങ്ങളും. ഒന്നിലും ഒരു നിഷ്കർഷതയും പാലിക്കാൻ ഇത്തരക്കാർ തയ്യാറുമല്ല. പറഞ്ഞാലും സ്വയം തിരുത്താൻ മെനക്കെടുകയുമില്ല. ഭക്ഷണം പോലും സമയത്തിന് വേണമെന്ന നിർബന്ധവുമില്ല, ആരോടുമൊന്നിനോടും പാടും പരാതികളുമില്ല.

ഉപദേശവാഹകരും ഭക്തി വിതരണക്കാരുമുണ്ട് ഇനിയൊരു വിഭാഗം. രണ്ടും നല്ലതുതന്നെ. പക്ഷെ സമയമൂല്യത്തിന്റെ തിരിച്ചറിവ് ഇവരെ ബോധ്യപ്പെടുത്താൻ ഒരിക്കലുമാവില്ല. അതിനെല്ലാം മേലേ സ്വയം ആത്മഭാവപ്രധാനികളായതിനാൽ... ബഹുജനം പലവിധം തന്നെ. എങ്കിലും ഒന്നുകിൽ അങ്ങോളം അല്ലെങ്കിൽ ഇങ്ങോളം എന്നവിധമല്ലാതെ ഒരു മധ്യമനിലവാരരീതി പെരുമാറ്റങ്ങളിൽ നടപ്പാക്കപ്പെടുമ്പോൾ സ്ഥാന ബഹുമാനങ്ങൾ സമൂഹത്തിൽ നിലനിർത്തപ്പെടും. അതിന് ശ്രമം തുടരാം...

■ കഥ



**ദേവസ്യാ അരമന**
**9946353713**


# പറഞ്ഞു തോറ്റ കഥ

**ഒ**രു ദേശം മുഴുവൻ വല്യപ്പൂപ്പന്റെ അധീശാധികാരത്തിലായിരുന്നു. ഇപ്പോഴും മാറ്റമില്ലാതെ തുടരുന്ന അധികാരം – മകൻ അപ്പൂപ്പനായിട്ടും കല്ലിട്ടു കളം വരയ്ക്കാതെ അധികാര പരിധി വെയിലുകൊണ്ടു പുളഞ്ഞു.

മകന്റെ മക്കൾ വെള്ളിക്കിരീടമണിഞ്ഞിട്ടും കഥ മാറാതെ കരഞ്ഞു കലങ്ങിക്കിടന്നു. നാട്ടുകാരൊക്കെയും പറഞ്ഞു തോറ്റ കഥ.

■ വിജ്ഞാനച്ചെപ്പ്

# പത്തും ഗുസ്തിയും



**ഡോ. ഒ. സി. പ്രമോദ്**
**9446071421**

**പ**ല തൊഴിലിന്റെയും അടിസ്ഥാന യോഗ്യതയായി ആവശ്യപ്പെടുന്നത് എസ്.എസ്.എൽ.സി. വിജയം ആണ്. ഒരു കാലത്ത് വലിയ തയ്യാറെടുപ്പുകൾ നടത്തുന്നവർ മാത്രമേ പത്താം തരം കടന്നുപോകാറുള്ളായിരുന്നുള്ളു. ഇന്നത്തെ കാലത്ത് പത്താം തരം ഒരു കടമ്പ അല്ല എന്ന് കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. എന്നാൽ നല്ല ഗ്രേഡോടുകൂടി പത്താം തരം പാസ്സാകണമെങ്കിൽ ഇന്നും നല്ല പരിശ്രമം ആവശ്യമാണ്. പത്താം തരം വരെ ചിട്ടയായി പഠിച്ച് നല്ല ഗ്രേഡ് വാങ്ങി വിജയിച്ചവർക്ക് തുടർ പഠനത്തിലും പിന്നീട് കൈവരുന്ന തൊഴിൽ മേഖലയിലും ശോഭിക്കാൻ സാധിക്കുന്നതാണ്. പത്താം തരം വരെയുള്ള നല്ല രീതിയിലുള്ള പഠനം ആജീവനാന്തം ഒരു കൈത്താങ്ങ് ആയിത്തീരും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. പത്താം തരം വരെയുള്ള പഠനം, ശക്തമായ ഒരു അടിത്തറയാണ്. തറ നല്ലതെങ്കിൽ ഏത് കെട്ടിടവും അതിൽ പണിതുയർത്താം. തറ നല്ലതല്ലെങ്കിൽ ചെറിയ കെട്ടിടം പണിത് അതിൽ സംതൃപ്തി നേടുന്നതാണ് നല്ലത്.

ചില കുട്ടികൾക്ക് സയൻസ് വിഷയങ്ങളിൽ താത്പര്യം ഉണ്ടാവുകയും മറ്റ് കുട്ടികളിൽ മാനവിക വിഷയങ്ങളിൽ പ്രാവീണ്യം ഉണ്ടാവുകയും ചെയ്യാറുണ്ട്. അങ്ങനെയുള്ള കുട്ടികൾക്ക് പ്ലസ് വണ്ണിന് അവരവരുടെ അഭിരുചിക്കനുസരിച്ച് വിഷയങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ഉണ്ട്. കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ചുള്ള വിഷയങ്ങൾ മാത്രമേ തെരഞ്ഞെടുക്കാവൂ. പൊതുവായി പറഞ്ഞാൽ ഹയർ സെക്കന്ററിയിൽ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റിസ് എന്നീ വിഭാഗങ്ങളാണ് ഉള്ളത്. ഇതിൽ തന്നെ പിന്നേയും പല തിരിവുകളും വീണ്ടും കാണാവുന്നതാണ്. ഉദാഹരണത്തിന് സയൻസിൽ തന്നെ ബയോളജിക്ക് പകരം ഇലക്ട്രോണിക്സും കമ്പ്യൂട്ടർ സയൻസും മറ്റും ചില സ്കൂളുകളിൽ കാണാം. മാത്തമാറ്റിക്സ് ഇഷ്ടമില്ലാത്ത സയൻസ് അഭിരുചി ഉള്ളവർക്ക് ഹോം സയൻസ് തെരഞ്ഞെടുക്കാവുന്നതാണ്. ഇതേപോലെ കൊമേഴ്സിലും ഹ്യുമാനിറ്റീസിലും പല വകഭേദങ്ങൾ കാണുവാൻ കഴിയും. ഹയർ സെക്കന്ററി കോഴ്സ് കൂടാതെ അല്പസ്വല്പം തൊഴിൽമേഖല കൂടി പരിചയപ്പെടുത്തിക്കൊടുക്കുന്ന രീതികളാണ് വൊക്കേഷണൽ ഹയർസെക്കന്ററിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

പത്താം തരത്തിൽ സയൻസ് വിഷയങ്ങൾക്ക് നല്ല മാർക്കും അഭിരുചിയും ഉള്ളവർ മാത്രം സയൻസ് വിഷയങ്ങൾ തെരഞ്ഞെടുക്കുക. അടുത്ത വീട്ടിലെ കുട്ടിയേക്കാൾ താഴണ്ട എന്ന് വിചാരിച്ച് സയൻസ് അറിയാത്തവർ സയൻസ് വിഷയങ്ങൾ എടുത്താൽ പണി പാളും. തുമ്പിയെക്കൊണ്ട് വലിയ കല്ലെടുപ്പിക്കാൻ ശ്രമിക്കുന്നത് പോലെ പരാജയം ആയിരിക്കും ഫലം. കൊമേഴ്സ്, ഹ്യുമാനിറ്റിസ് വിഷയങ്ങൾ മോശം വിഷയം ആണെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അവർ ഈ ലോകം കണ്ട പമ്പര വിഡ്ഢികളാണെന്ന് പറയാതെ വയ്യ. ലോകം കണ്ട പല പ്രഗത്ഭരും മാനവിക വിഷയങ്ങൾ പഠിച്ച് ലോകശ്രദ്ധ പറ്റിയവരാണെന്ന് മനസ്സിലാക്കുക. പ്ലസ് വൺ പ്രവേശ

നം നേടുമ്പോൾ കുട്ടിയുടെ അഭിരുചി മാത്രമേ നോക്കാവൂ, രക്ഷാകർത്താക്കളുടെ സ്റ്റാറ്റസ് അളക്കാനുള്ള ഉപകരണങ്ങളല്ല കുട്ടികൾ. താത്പര്യം ഇല്ലാത്ത വിഷയങ്ങളിലേക്ക് അവരെ തള്ളിവിട്ടാൽ അവർ വിഷാദരോഗത്തിനും ആത്മഹത്യയിലും അഭയം പ്രാപിക്കുകയേ ഉള്ളു. ഏത് വിഷയം നല്ലതുപോലെ പഠിച്ചാലും അവർ അതാത് മേഖലയിൽ വെട്ടിത്തിളങ്ങും എന്ന കാര്യത്തിൽ സംശയം വേണ്ട.

***പത്താം തരക്കാർക്കുള്ള തൊഴിൽ മേഖലകൾ***

പബ്ലിക്ക് സർവ്വീസ് നടത്തുന്ന ലോവർ ഡിവിഷൻ ക്ലർക്ക് (LDC)ന് അപേക്ഷിക്കാനുള്ള കുറഞ്ഞ യോഗ്യത 10-ാം തരം വിജയം ആണ്. പത്താം തരം വരെയുള്ള വിഷയങ്ങൾ നല്ലതുപോലെ പഠിച്ച് കൂടാതെ അല്പസ്വല്പം പൊതുവിജ്ഞാനം കൂടിയുണ്ടെങ്കിൽ LDC പരീക്ഷ വിജയിച്ച് ജോലിയിൽ പ്രവേശിക്കാനാവും. ചെറുപ്പത്തിൽ തന്നെ ജോലിയിൽ പ്രവേശിക്കുന്നവർക്ക് ഗസറ്റഡ് ആഫീസർ തസ്തിക വരെ അവരെ കാത്തിരിക്കുന്നു. പത്താം തരം സയൻസിന്റെയും കണക്കിന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ പോളിടെക്നിക്കുകളിലേക്ക് പ്രവേശനം ലഭ്യമാണ്. വിവിധ തരത്തിലുള്ള സാങ്കേതിക വിദ്യ പഠിച്ചിറങ്ങുന്ന ഇവർ ജൂനിയർ എഞ്ചിനീയർ എന്ന ഗണത്തിലാണ് പെടുന്നത്. ധാരാളം തൊഴിൽ സാധ്യതകൾ ഇവർക്കുണ്ട്. പ്രമോഷനുകൾ കിട്ടി വലിയ തസ്തികളിൽ വരെ ഇവർ എത്തപ്പെടാം.

എസ്.എസ്.എൽ.സി. കഴിഞ്ഞ് JDC (Junior Diploma in Co-operation) കഴിഞ്ഞാൽ Co-operative ബാങ്കുകളിൽ ക്ലർക്ക് ജോലികൾക്ക് ഇവർ യോഗ്യരാവും. പത്താം തരം കഴിഞ്ഞ് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ് കൂടി ചെയ്താൽ ഹെൽത്ത് സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ കയറിപ്പറ്റാവുന്നതാണ്. പത്താം തരവും (ANM) Auxiliary Nursing and Mid Wifery ഉം കഴിഞ്ഞാൽ നഴ്സിംഗ് അസിസ്റ്റന്റായി ജോലിയിൽ പ്രവേശിക്കാം. ആയുർവേദ നഴ്സിംഗ് പഠിക്കാൻ പത്താം തരം യോഗ്യത മതി.

കേരളത്തിലെ വിവിധ ITI കളിൽ ദ്വിവത്സര NCVT (National Council of Vocational Training) Certificate നേടാൻ സാധിക്കും. ടെക്നീഷ്യൻ ട്രേഡുകളിലാണ് ഇവർക്ക് ആദ്യം നിയമനം ലഭിക്കുന്നത്.

ഹാന്റ്‌ലൂം ടെക്നോളജി, റബ്ബർ ടെക്നോളജി, ടി.വി. റേഡിയോ റിപ്പയറിംഗ് തുടങ്ങിയ ട്രേഡുകൾ പഠിക്കാൻ പത്താം തരം പാസ്സായാൽ മതി. തുറമുഖങ്ങളിലുള്ള വിവിധ തരം തൊഴിലിന് പത്തും അല്പസ്വല്പം സാങ്കേതിക വിദ്യയും കരസ്ഥമാക്കിയവർക്ക് ധാരാളം അവസരങ്ങൾ ഉണ്ട്. പ്രൈവറ്റ് സ്ഥാപനങ്ങൾ നടത്തുന്ന പലവിധ തൊഴിൽ പരിശീലനങ്ങളിൽ പങ്കൊണ്ട് സമ്പാദിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ബലത്തിൽ പലരും വിദേശരാജ്യങ്ങളിൽ മോശമല്ലാത്ത ജോലി നേടിക്കൊണ്ടിരിക്കുന്നു.

കരസേനയിൽ പത്താം തരക്കാർക്ക് വൻ സാധ്യതകളാണ് ഉള്ളത്. കൃത്യമായി ടെസ്റ്റും മറ്റും എഴുതി പ്രാവീണ്യം തെളിയിക്കുന്നവർക്ക് വൻ പ്രമോഷൻ സാധ്യതകൾ ആണ് ഉള്ളത്. നാവിക സേനയിൽ ചുരുക്കം ചില തസ്തികകളിലേക്ക് പത്താം തരക്കാരെ എടുത്തുകാണുന്നുണ്ട് (എയർഫോഴ്സിലേക്ക് പ്ലസ് ടു നിർബന്ധമാക്കിയിരിക്കുന്നു. നാവിക സേനയിലും ഭൂരിഭാഗം തസ്തികകളിലേക്കും പ്ലസ് ടു സയൻസ് നിർബന്ധമാക്കിയിരിക്കുന്നു) അർദ്ധ സൈനിക വിഭാഗങ്ങൾ (Para Military Force) ആയ ആസ്സാം റൈഫിൾസ്, CRPF, BSF, CISF, Indo-Tibetan Border Police, National Security Guard (NSG), Sahastra Seema Bal (SSB) തുടങ്ങിയവയിലേക്ക് താഴത്തെ റാങ്കിൽ കയറിപ്പറ്റാൻ 10ാം തരം മതി.

വിവിധ സംസ്ഥാനങ്ങളിൽ 10ാം തരം അടിസ്ഥാന യോഗ്യതയുള്ള ധാരാളം തൊഴിലുകൾ ഉണ്ട്. പക്ഷെ പലപ്പോഴും ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവർ ഇത്തരം ജോലികൾ കയ്യാളുന്നതുകൊണ്ട് വെറും പത്താം തരക്കാർ നിസ്സഹായരാകാറുണ്ട്.

പ്രൈവറ്റ് സ്ഥാപനങ്ങളിലെ ആഫീസ് ജോലികൾക്ക് പത്താം തരം എങ്കിലും പഠിച്ചവരെ എടുക്കാറുണ്ട്. ജോലിയോടുള്ള ആത്മാർത്ഥതയും കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസ്സും ഉണ്ടെങ്കിൽ തീർച്ചയായും വിജയ പടവുകൾ പത്താം ക്ലാസ്സുകാരേയും തേടിയെത്തും. വിജയീഭവഃ ●

■ ലേഖനം

# തിരശ്ചീന രേഖയും ലംബരേഖയും




**പി. ആർ. ജോസ്**
9847946094

ഗണിത ശാസ്ത്രവും ദൈവശാസ്ത്രവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഗണിത ശാസ്ത്രത്തിൽ തിരശ്ചീന രേഖ (Horizontal line)യും ലംബ രേഖ (Vertical line)യുമുള്ളതായി അറിയാമല്ലോ ? തിരശ്ചീന രേഖ വരക്കാതെ ലംബ രേഖ നിർമ്മിക്കുക അസാധ്യമാണ്.

തിരശ്ചീന രേഖയെന്നത് നമുക്ക് ചുറ്റുമുള്ള സഹോദരങ്ങളാണ്. ലംബരേഖയെന്നത് അത്യുന്നതനായ ഈശ്വരനും. മനുഷ്യ സഹോദരങ്ങളെ പരിഗണിക്കാനോ സ്നേഹിക്കാനോ കഴിയാത്തവർക്ക് ഉന്നതനായ ഈശ്വരനോട് പ്രാർത്ഥിക്കുവാനോ ഈശ്വരനുമായി ബന്ധപ്പെടുവാനോ സാധ്യമല്ല.

എന്നാൽ ഇന്ന് പലരും നമുക്ക് ചുറ്റുമുള്ള അവശരും ആലംബഹീനരുമായ സഹോദരങ്ങളായ തിരശ്ചീനരേഖയെ മറന്നും അവഗണിച്ചും ഈശ്വരനായ ലംബരേഖ നിർമ്മിക്കാനുള്ള തത്രപ്പാടിലാണ്. അത് സാധ്യമല്ലെന്ന് ഗണിതശാസ്ത്രം നമ്മെ ഓർമ്മിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ●

# ചികിത്സയിലെ പാളിച്ചകൾ



ഡോ. സി. രാമകൃഷ്ണൻ
9447358663

**ചി**കിത്സകളിൽ പാളിച്ചകൾ സംഭവിച്ചാൽ പാവപ്പെട്ട രോഗികളുടെ അവസ്ഥ എന്തായിരിക്കും എന്ന് ആലോചിക്കേണ്ടതുണ്ട്. ഈയിടെയായി ചികിത്സകളിൽ പാളിച്ചകൾ സംഭവിച്ചുകൊണ്ടിരിക്കുന്നതിന്റെ എണ്ണം അനുദിനം പെരുകിക്കൊണ്ടിരിക്കുന്നു. ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്; ചികിത്സകർക്ക് രോഗികളോടുള്ള ധാർമ്മിക ഉത്തരവാദിത്വം തീരെ ഇല്ലെന്നുള്ള കാഴ്ചപ്പാടാണ്. ഇങ്ങിനെ വരുമ്പോൾ ദോഷഫലം അനുഭവിക്കുന്നത് രോഗികളാണ്. ചികിത്സ എന്നത് ഒരു കച്ചവടച്ചരക്കായി മാറുമ്പോൾ, ധാർമ്മികത്വത്തിന്ന് എന്തു ത്യാഗമാണുള്ളത്? രോഗികൾക്ക് ഫലപ്രദമായ ചികിത്സ കൊടുക്കേണ്ടത് ഒരു ഉത്തമ ചികിത്സകന്റെ കടമയാണ്. അങ്ങിനെ വരുമ്പോൾ പ്രതിഫലേച്ഛയിൽ മാത്രം താത്പര്യം കാണിക്കുന്നത് ഔചിത്യമല്ല. ഉപജീവനമാർഗ്ഗത്തിന്നായി മാത്രം ചികിത്സാപ്രവർത്തികളിൽ ഏർപ്പെടുന്നവർ മാന്യമായ പ്രതിഫലം വാങ്ങുന്നതിൽ തെറ്റില്ല. അങ്ങിനെ പ്രതിഫലം പറ്റുമ്പോൾ ചികിത്സയിൽ മാന്യത കാണിക്കുകയും വേണം. ഇതിൽ രണ്ടാമത് പറഞ്ഞ കാര്യം മിക്ക ചികിത്സകരും കാണിക്കുന്നില്ല എന്ന പ്രവണത നിലനിൽക്കുന്നു. ഇത് രോഗികളോട് കാണിക്കുന്ന അപരാധമാണ്. ചികിത്സയിലെ പാളിച്ചയെപ്പറ്റി പറയുമ്പോൾ ചൂണ്ടിക്കാണിക്കേണ്ടത് ഈയിടെ പത്രങ്ങളിൽ വന്ന രണ്ട് സംഭവങ്ങളെപ്പറ്റിയാണ്. അതിൽ ഒന്ന്, ഒരു കുട്ടിയുടെ മൂക്കിലെ ദശക്കുള്ള ശസ്ത്രക്രിയ (ദശക്ക് ശസ്ത്രക്രിയ കൂടാതെ മരുന്നുകൾ മൂലം മാറ്റാവുന്നതാണ്) ചെയ്യേണ്ടതിന്നുപകരം, ആ കുട്ടിക്ക് ഹെർണ്ണിയയ്ക്കുള്ള ശസ്ത്രക്രിയയാണ് നടത്തിയത്. മറ്റൊന്ന് സ്ത്രീയുടെ മാറിടത്തിൽ ഉള്ള മുഴ, അർബുദമെന്ന് തെറ്റായ നിഗമനത്തിൽ കീമോതെറാപ്പി ചെയ്ത സംഭവം. ഇത് രണ്ടും സംഭവിച്ചത് ചികിത്സയുടെ പാളിച്ചകൾമൂലമാണ്. ഇതുപോലെ ധാരാളം ഉണ്ടായിട്ടുള്ളത് പരസ്യമാവാത്ത സംഭവങ്ങളാണ്. ഇതിൽ ദോഷഫലം അനുഭവിക്കേണ്ടിവന്നത് പ്രസ്തുത രോഗികൾക്കാണ്. പ്രസ്തുത സംഭവങ്ങളിൽ ചികിത്സകനും, പരിശോധന നടത്തിയ ലാബിലെ വ്യക്തികൾക്കും ഉത്തരവാദിത്വമുണ്ട്. ഇതിൽ കുറ്റവാളികൾ ശിക്ഷാനടപടികൾക്ക് വിധേയമാവേണ്ടിവരും എന്നതിനേക്കാൾ ഉപരി പ്രസ്തുത സംഭവങ്ങൾക്കിരയായ രോഗികളുടെ ശോചനീയാവസ്ഥ നാം കാണേണ്ടിയിരിക്കുന്നു. രോഗികൾ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. രോഗം നിർണ്ണയിക്കുന്നതിന്നുമുമ്പ് രണ്ടോ മൂന്നോ വിദഗ്ദ്ധരുടെ അഭിപ്രായം അറിയുന്നത് ഗുണകരമായിരിക്കും കാഠിന്യ രോഗാവസ്ഥയിൽ. അതുപോലെത്തന്നെ ലാബോറട്ടറിയിലെ പരിശോധനകളിലും ചില ചികിത്സകർക്ക് രോഗികളുടെ മനോനിലയെ ചൂഷണരൂപേണ പരിഭ്രാന്തരാക്കുന്ന സ്വഭാവം പ്രകടമാക്കുന്നുണ്ട്. ഇതിന്നടിമപ്പെടാതെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. ചില ആശുപത്രികളിൽ ലാബ് പരിശോധനകളിൽ കുഴപ്പമൊന്നുമില്ലെങ്കിലും പ്രസ്തുത റിപ്പോർട്ട് മറച്ചുവെച്ച് നിർബന്ധ ചികിത്സ എടുപ്പിക്കുന്ന പ്രവണതയും കാണുന്നുണ്ട്. അങ്ങിനെയുള്ള അവസരങ്ങളിൽ രോഗികൾ അവർ നടത്തിയ പരിശോധന റിപ്പോർട്ട് പരിശോധിക്കേണ്ടതുണ്ട്.

ഇന്ത്യാരാജ്യത്ത്, മരുന്നുകളുടെ (അലോപ്പതി) ഉപയോഗം കൂടുന്നത് വിദ്യാസമ്പന്നരായ കേരളത്തിലാണ്. ആവശ്യത്തിലധികം മരുന്നുകൾ ഉപയോഗിക്കുവാനുള്ള നിർബന്ധബുദ്ധി ഇവർ കാണിക്കുന്നു, ആരോഗ്യം നിലനിർത്തുവാനുള്ള തെറ്റായ കാഴ്ച്ചപ്പാടിൽ. ഇതുകാരണം ധാരാളം പാർശ്വഫലങ്ങൾ അനുഭവിക്കേണ്ട അവസ്ഥയിലേക്ക് എത്തിച്ചേരുന്നു ഇക്കൂട്ടർ. ഹൃദ്രോഗം, പ്രമേഹം മുതലായ മാരക രോഗങ്ങൾ കൂടുതൽ കാണുന്നത് കേരളത്തിലാണ്. മരുന്നുകളുടെ ദുരുപയോഗം മൂലം മാറാരോഗങ്ങളെ ക്ഷണിച്ചുവരുത്തുകയാണ് കേരളീയർ. ഇത് നിയന്ത്രിക്കാതിരുന്നാൽ രോഗികളുടെ ആരോഗ്യനില തീച്ചട്ടിയിൽ നിന്ന തീയിലേക്ക് വീഴുന്ന ദുരവസ്ഥയെ നേരിടേണ്ടിവരും. രോഗികളോട് കാണിക്കേണ്ട നീതിയും മാന്യതയും എല്ലാം നശിച്ചുകൊണ്ടിരിക്കുന്നു ചില ചികിത്സകരിൽ. ഇന്നത്തെ ചുറ്റുപാടിൽ ചികിത്സകർക്ക് തെറ്റുപറ്റിയാലും, അതിനെ മറികടക്കുവാനുള്ള പഴുതുകൾ അവർക്കുണ്ടാകും. പോരെങ്കിൽ അവർ സംഘടിതരാണ്. അതുകൊണ്ട് നിയമനടപടികളൊന്നും ഫലവത്താകുകയില്ല. മുള്ള് ഇലയിൽ വീണാലും ഇല മുള്ളിൽ വീണാലും കേട് ഇലക്കുതന്നെ എന്ന അവസ്ഥ രോഗികൾ അനുഭവിക്കേണ്ടിവരുന്നു. അതുകൊണ്ട് രോഗികൾ രോഗാവസ്ഥയെ ക്ഷണിച്ചുവരുത്താതെ ശ്രദ്ധിക്കണം. മരുന്നുകളുടെ അനാവശ്യ ഉപയോഗം വർജ്ജിക്കണം. അസുഖങ്ങൾക്ക് സ്വയം ചികിത്സിക്കുന്നത് ഒഴിവാക്കണം. ഫലപ്രദവും പാർശ്വഫലങ്ങളും ഇല്ലാത്ത ചികിത്സാ സംവിധാനത്തെ തിരഞ്ഞെടുക്കണം. കൂടാതെ പരിചയസമ്പന്നരായ ചികിത്സകരേയും തിരഞ്ഞെടുക്കണം. ചില രോഗികളുടെ തെറ്റായ കാഴ്ചപ്പാടുണ്ട്. അതായത് അധികം ഫീസ് വാങ്ങുന്നവരും അനവധി മരുന്നുകൾ നിർദ്ദേശിക്കുന്നവരും ആയിരിക്കും നല്ല ചികിത്സകർ

എന്നുള്ള കാഴ്ച്ചപ്പാട്. ഇത് തെറ്റായ നിഗമനവും അറിവില്ലായ്മയുമാണ്. ഇത് ഗുണത്തെക്കാളും ദോഷഫല ത്തെയായിരിക്കും സൃഷ്ടിക്കുക. ചികിത്സകർ രോഗികളോട് മാന്യത കാണിക്കേണ്ടത് ഒരു ഉത്തമകാര്യമാണ്. അത് രോഗികൾക്ക് കിട്ടുന്ന ഒരു വരദാനമായിരിക്കും. നേരേമറിച്ചാണെങ്കിൽ അവരുടെ അധമത്വത്തെ തുറന്നുകാണിക്കുകയായിരിക്കും ഫലം.

ചികിത്സകളുടെ പാളിച്ച മൂലം രോഗികൾക്കുണ്ടാവുന്ന നഷ്ടകഷ്ടങ്ങൾക്കും ജീവഹാനിക്കും ആരായിരിക്കും ഉത്തരവാദി ? ഇതിനെ ചോദ്യം ചെയ്യുവാനുള്ള രോഗികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ ഉള്ള അവകാശം അടിച്ചമർത്തുവാനുള്ള പ്രവണത ഖേദകരമാണ്. ചികിത്സകളിൽ മാന്യത കാണിക്കുന്ന ധാരാളം ചികിത്സകരുണ്ടാകാം. അത് അവരുടെ സന്മനസ്സിനെ കാണിക്കുന്നു. അവർക്ക് എല്ലാ ഭാവുകങ്ങളും ഉണ്ടാവട്ടെ എന്ന് ആശിക്കുന്നു.

●

# യജമാൻ

വിനോദ് ചെത്തല്ലൂർ
9562410046

**സ്**കൂളിലാണ് തിങ്ങി നിറഞ്ഞ ദുരിതാശ്വാസ ക്യാമ്പ്. മഴ നിന്നിട്ടില്ല. കൊടും തണുപ്പിൽ നനഞ്ഞ കുപ്പായവുമിട്ടതു കൊണ്ട് ബെഞ്ചിൽ കിടന്നു വിറച്ചുതുള്ളുന്ന മുതലാളി. താഴെ ചാക്ക് വിരിച്ചു കിടക്കുന്ന കുമാരനു സഹിച്ചില്ല... തന്റെ തലയ്ക്കടിയിൽ വച്ചിട്ടുള്ള പ്ലാസ്റ്റിക് സഞ്ചിയിൽ നിന്ന് ഒരു പിഞ്ഞിയ കുപ്പായം എടുത്ത് മുതലാളിക്ക് കൊടുത്ത് അവൻ പറഞ്ഞു.

“ഇതെടുത്തോ മൊതലാളി, പഴേതാണെങ്കിലും ഒണങ്ങീതാ..”

നന്ദിയോടെ അതു വാങ്ങുമ്പോൾ മുതലാളി കണ്ടു തന്റെ തന്നെ പഴയ കുപ്പായം ! കഴിഞ്ഞ കൊല്ലം കൊയ്ത്തിനിറങ്ങിയപ്പോൾ ദേഹം ചൊറിയാതിരിക്കാൻ അവനു കൊടുത്ത മുഴുക്കയ്യൻ കീറക്കുപ്പായം!!




ശാന്താ പി. നായർ



എ. പി. കോമള

# മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ

*ശാന്താ പി. നായർ*



ടി. വി. നാരായണൻ കുട്ടി
9446030344

**തൃ**ശ്ശൂരിലെ പ്രസിദ്ധമായ ‘അമ്പാടി’ തറവാട്ടിൽ ശ്രീ. വാസുദേവ പൊതുവാളിന്റേയും ലക്ഷ്മിയുടേയും അഞ്ചുമക്കളിൽ ഒരാളായി 1929 സപ്തംബർ 5ാം തിയതിയാണ് ശാന്ത പി. നായർ എന്നറിയപ്പെടുന്ന ‘ശാന്ത പൊതുവാൾ’ ജനിച്ചത്. മദ്രാസ് ക്വീൻ മേരീസ് കോളേജിൽ പഠനം പൂർത്തിയാക്കിയ ഇവർ നന്നേ ചെറുപ്പത്തിൽ തന്നെ തന്റെ സംഗീതാഭിരുചി പ്രകടിപ്പിച്ചിരുന്നു. പിന്നണി ഗാനരംഗത്തേക്ക് കടക്കുന്നതിന് മുമ്പിവർ കോഴിക്കോട് ആകാശവാണിയിലൂടെ ഗാനങ്ങൾ അവതരിപ്പിക്കുക പതിവായിരുന്നു.

1951നും 1967നും ഇടയ്ക്കുള്ള കാലങ്ങളിലാണ് ഇവർ പിന്നണി ഗാനരംഗത്ത് ഏറെ സജീവമായത്. ഇവരുടെ അരങ്ങേറ്റം ‘തിരമാല’ എന്ന സിനിമയിലെ ‘അമ്മ തൻ തങ്കക്കുടമേ’ എന്ന ഗാനമാലപിച്ചുകൊണ്ടായിരുന്നു. വിമൽ കുമാർ എന്നൊരു സംഗീത സംവിധായകന്റെ ഒരു താരാട്ട് പാട്ടാണിത്. 1951നും 67നും ഇടയിലിവർ ഏകദേശം നൂറോളം ഗാനങ്ങൾ ആലപിച്ചതായി പറയപ്പെടുന്നു. പൂവേ നല്ല പൂവേ/ കടവത്ത് തോണിയടുത്തപ്പോൾ/ കുരുവികളായ് ഉയരുവാൻ/ ഉണരുണരൂ ഉണ്ണിക്കണ്ണാ, ശ്രീധരാ, എന്നിവ അക്കാലത്തെ ശാന്താ പി. നായരുടെ ശ്രദ്ധേയമായ ഗാനങ്ങളായിരുന്നു.

സിനിമാ ഗാനങ്ങളോടൊപ്പം കർണ്ണാടക സംഗീതത്തിലും ഇവർ വൈദഗ്ദ്ധ്യം തെളിയിച്ചിരുന്നു. ഈ രംഗത്തിവർ അനവധി കച്ചേരികളിൽ പങ്കെടുത്തു. ലളിതഗാനാലാപനത്തോടെ കച്ചേരികൾ അവസാനിപ്പിക്കുന്ന ഒരു ശൈലിയും ഇവർ പിൻതുടർന്നിരുന്നത്രെ. ഇതിനിടെ സലീൽ ചൗധരിക്ക് ചില അസൗകര്യങ്ങൾ വന്നപ്പോൾ രാമു കാര്യാട്ടിന്റെ അഭ്യർത്ഥന മാനിച്ച് ഒരു ഗാനത്തിന് സംഗീതാവിഷ്കാരവും നടത്തി. ഈ ഗാനം കേട്ട സലീൽ ചൗ

ധരി ഏറെ ഇഷ്ടപ്പെടുകയും, യാതൊരു മാറ്റവും വരുത്താതെ ആ ഗാനം ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയുമാണുണ്ടായത്. 'മക്കത്ത് പോയി വരും മാനത്തെ' എന്ന പാട്ടാണിത്. പിന്നീട് സലീൽ ചൗധരിക്ക് വേണ്ടി 'ചെമ്മീൻ' സിനിമയിൽ 'കോറസ്സ്' പാടാനും ഇവർ തയ്യാറായി ('പെണ്ണാളേ, കണ്ണാളേ' എന്ന ഗാനം).

എസ്. ജാനകിയോടൊത്ത് 'മുറപ്പെണ്ണിൽ' പാടിയ 'കടവത്ത് തോണിയടുത്തപ്പോൾ പെണ്ണിന്റെ കവിളത്ത് മഴവില്ലിൻ നിഴലാട്ടം' എന്ന ഗാനമാണ് ഇവരുടെ അവസാന പിന്നണി ഗാനം. 'നസീർ' നായകനായ ഈ ബ്ലാക്ക് & വൈറ്റ് സിനിമയിലെ ഗാനരംഗത്ത് ശാരദയും പുതുമുഖമായ ജ്യോതി ലക്ഷ്മിയുമാണഭിനയിച്ചത്. 1967ൽ പുറത്തിറങ്ങിയ ഈ സിനിമയുടെ സംഗീതസംവിധാനം ചിദംബരനാഥിന്റേതാണ്. ഇത് കൂടാതെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പങ്കെടുത്ത ഒരു ചടങ്ങിൽ 'വന്ദേ മാതരം' ആലപിക്കാനുള്ള ഭാഗ്യവുമിവർക്കുണ്ടായി.

എഴുത്തുകാരനായ പത്മനാഭൻ നായരാണിവരെ വിവാഹം കഴിച്ചത്. ഇവരുടെ ഒരേ ഒരു മകൾ ലത, പിന്നണി ഗായികയും അഭിനേത്രിയുമായിരുന്നു. ചെമ്മീൻ സിനിമയിൽ പഞ്ചമിയുടെ റോളിൽ ഇവർ ശ്രദ്ധേയമായ അഭിനയം കാഴ്ചവെച്ചു. പിന്നണി ഗായകനായ ശ്രീ. ജെ. എം. രാജുവാണ് ലതയുടെ ഭർത്താവ്. ഇവരുടെ മകൻ ആലാപ് രാജു മലയാളം, തമിഴ് ഭാഷകളിൽ പിന്നണി ഗായകനായി വന്നുതുടങ്ങി.

### *ശാന്താ പി. നായരുടെ ചില പ്രധാന ഗാനങ്ങൾ*

1. യേശുദാസിന്റെ ആദ്യയുഗ്മഗാനം 'അറ്റൻഷൻ പെണ്ണെ അറ്റൻഷൻ' (കാൽപ്പാടുകൾ)
2. വയലാറിന്റെ ആദ്യത്തെ സിനിമ കൂടപ്പിറപ്പിൽ 'തുമ്പി തുമ്പി വാ വാ'
3. വയലാർ ദേവരാജൻ ജോഡികളുടെ ആദ്യസംരംഭം ചതുരംഗത്തിൽ 'ജനനി'.
4. ബാബുരാജിന്റെ ആദ്യ സംഗീത സംവിധാനം മിന്നാമിനുങ്ങിൽ 'വാലിട്ട് കണ്ണെഴുതണം'.
5) രാഘവൻ മാസ്റ്ററുടെ ആദ്യം റിലീസായ സിനിമാഗാനം നീലക്കുയിലിൽ 'ഉണരുണരൂ'.
6) ശാന്ത പി. നായരുടെ ആദ്യസിനിമാഗാനം 'അമ്മതൻ തങ്കക്കുടമേ' (തിരമാല)
7) രാരിച്ചൻ എന്ന പൗരനിലെ 'നാഴിയൂരി പാലുകൊണ്ട് നാടാകെ കല്യാണം'.
8) പൂവേ നല്ല പൂവേ (പാലാട്ട് കോമൻ)
9) പൂമുറ്റത്തൊരു മുല്ലവിരിഞ്ഞു, പൂമണമില്ലെന്നാര് പറഞ്ഞു

ഇവ കൂടാതെ ലൈലാമജ്നു, വേലുത്തമ്പി ദളവ, തസ്കരവീരൻ തുടങ്ങി മറ്റനേകം സിനിമകളിലുമിവർ ഗാനങ്ങളാലപിച്ചിട്ടുണ്ട്. 1987ൽ സംഗീത നാടക അക്കാദമി അവാർഡും ഇവരെ തേടിയെത്തി. 2008 ജൂൺ 26ാം തിയതി തന്റെ 79ാം വയസ്സിലാണ് ശാന്താ പി. നായർ അന്തരിച്ചത്.

നാഴിയൂരി പാലു കൊണ്ട് നാടാകെ കല്യാണം നാലഞ്ച് തുമ്പ കൊണ്ട് മാനത്തൊരു പൊന്നോണം (രാരിച്ചൻ എന്ന പൗരൻ) – ഈ ഗാനത്തിൽ ഇവരോടൊപ്പം ഗായത്രി എന്നൊരു ഗായിക കൂടി പാടിയിരുന്നു. തന്റെ പന്ത്രണ്ടാം വയസ്സിൽ 'മുഹമ്മദ് റാഫി'യോടൊത്ത് പാടാനവസരം കിട്ടിയ ഒരു ഗായിക കൂടിയാണിവർ. ഇവരുടെ കഴിവ് കണ്ടറിഞ്ഞ് ഹിന്ദി സിനിമകളിൽ പാടാൻ ഇവരെ റാഫി ബോംബേയിലേക്ക് ക്ഷണിക്കുകയും ചെയ്തു. രാരിച്ചൻ എന്ന പൗരനിൽ 'തെക്കന്ന് നമ്മളൊരു ചക്കൊന്ന് വാങ്ങിവന്നു' എന്ന ഗാനവും ഇവർ ആലപിച്ചിട്ടുണ്ട്. കോഴിക്കോട് റേഡിയോ നിലയത്തിൽ ജോലി നോക്കുമ്പോൾ അവിടത്തെ പുല്ലാങ്കുഴൽ വിദ്വാനായ ശ്രീകൃഷ്ണനെ ഇവർ വിവാഹം ചെയ്തു. അന്ത്യകാലങ്ങളിൽ ഇവരുടെ മകനും പുല്ലാങ്കുഴൽ വിദ്വാനുമായ ജി. എസ്. രാജനോടൊത്ത് ഡൽഹിയിൽ താമസിക്കയായിരുന്നു. ഇവർ 16-06-2019ന് അന്തരിച്ചു. 85 വയസ്സായിരുന്നു. റേഡിയോവിലെ ബാലലോകം പരിപാടിയിൽ ചേച്ചിയായും അവതാരകയായും നാടകനടിയായും തന്റെ ഔദ്യോഗിക ജീവിതം ധന്യമാക്കി.

### *എ. പി. കോമള*

28-8-1934ൽ ജനിച്ച എ. പി. കോമളയുടെ മുഴുവൻ പേര് 'ആർക്കാട്ട് പാർത്ഥസാരഥി കോമളം' എന്നാണ്. മലയാളം, തമിഴ്, തെലുങ്ക്, കന്നട ഭാഷകളിലായി അനേകം ഗാനങ്ങളിവർ ആലപിച്ചിട്ടുണ്ട്. ഇവർ 1949 – 73 കാലത്ത് തെന്നിന്ത്യയിലെ മികച്ചൊരു പിന്നണി ഗായികയായിരുന്നു. പക്ഷെ 1960വരെയാണിവർ ഏറെ സജീവമായത്. എങ്കിലും 1970 തുടക്കം വരെ ഇവർ മലയാള ചലച്ചിത്രങ്ങളിൽ തന്റെ സാന്നിദ്ധ്യമറിയിച്ചിരുന്നു.

തെന്നിന്ത്യയിലെ പല ഭാഷകളിലായി അക്കാലത്തെ സംഗീത സംവിധായകരായ കെ. വി. മഹാദേവൻ, സി. ആർ. സുബ്ബരാമൻ, ജി. രാമനാഥൻ, ടി. എ. കല്യാണം, എം. എസ്. വിശ്വനാഥൻ, എസ്. എം. സുബ്ബയ്യ നായഡു, വേദ, ടി. ആർ. പാപ്പ, ടി. ചലപതിറാവു, വിജയഭാസ്കർ, മലയാളത്തിൽ വി. ദക്ഷിണാമൂർത്തി, എം. എസ്. ബാബുരാജ്, എം. എ. ചിദംബരനാഥ്, ജി. ദേവരാജൻ, എൽ. പി. ആർ. വർമ്മ, കെ. രാഘവൻ, ബി. ആർ. ലക്ഷ്മൺ തുടങ്ങിയ പ്രഗത്ഭരുടെ കീഴിൽ പാടാനിവർക്ക് ഭാഗ്യമുണ്ടായി (ലിസ്റ്റ് അപൂർണ്ണം)

യുഗ്മഗാനങ്ങളിൽ ടി. എം. സൗന്ദരരാജൻ, ശീർകാഴി ഗോവിന്ദരാജൻ, എ. എം. രാജ, ഘണ്ടശാല, തിരുച്ചി ലോകനാഥൻ, സി. എസ്. ജയരാമൻ, ടി. ആർ. മഹാലിംഗം, ജെ. പി. ചന്ദ്രബാബു, എ. എൽ. രാഘവൻ, മലയാളത്തിൽ മെഹബൂബ്, കമുകറ, കെ. പി. ഉദയഭാനു, കെ. ജെ. യേശുദാസ്, പി. ജയചന്ദ്രൻ എന്നിവരോടൊത്തും പാടിയിട്ടുണ്ട്. ഗായികമാരിൽ പി. ലീല, ജമുനാറാണി, എം. എൽ. വസന്തകുമാരി, എം. എൻ. ഗാനസരസ്വതി, പി. ഭാനുമതി, ടി. വി. രത്നം, എസ്. വരലക്ഷ്മി, ജിക്കി, പി. സുശീല, എസ്. ജാനകി, ശാന്ത പി. നായർ, മാധുരി, ബി. വസന്ത, വൈദേഹി തുടങ്ങിയവരോടൊത്തിവർ പാടിയതായി കാണാം.

മലയാളത്തിൽ ശാന്ത പി. നായരും മച്ചാട്ട് വാസന്തിയുമൊക്കെ

ആലപിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ഗാനങ്ങളാലപിച്ചിട്ടുണ്ട്. സ്ഥല പരിമിതിമൂലം ചിലത് മാത്രം ഇവിടെ കുറിക്കുകയാണ്.

1) 1952ൽ 'ആത്മസഖിയിലെ' – മധുരഗായകാ
2) 1956 'മന്ത്രവാദി' – 'ചാഞ്ചാടുണ്ണി'
3) 1960ൽ 'നീലിസാലി'യിൽ 'ഓട്ടക്കണ്ണിട്ട് നോക്കും കാക്കേ'/ നീയല്ലാതാരുണ്ടെന്നുടെ/ മാനത്തെ കുന്നിൻ ചെരുവിൽ/ മനുഷ്യന്റെ നെഞ്ചിൽ.
4) 1961 – 'ക്രിസ്തുമസ് രാത്രി'യിൽ 'അപ്പോഴേ ഞാൻ പറഞ്ഞില്ലേ'
5) 1962 – ലൈലാമജ്നു – കൂട്ടിനിളം കിളി കുഞ്ഞാറ്റക്കിളി
6) 1963 – സ്നാപകയോഹന്നാൻ – ഓശാനാ, ഓശാനാ ദാവീദിൻ സുതനേ ഓശാന
7) 1964 – ആദ്യകിരണങ്ങൾ – കിഴക്ക് ദിക്കിലെ ചെന്തെങ്ങിൽ
8) 1964 – കുട്ടിക്കുപ്പായം – വെളുക്കുമ്പം കുളിക്കുവാൻ പോകുന്ന
9) 1964 – സ്കൂൾ മാസ്റ്റർ – ജയ ജയ ജയ ജന്മഭൂമി
10) 1968 – പാടുന്ന പുഴ – സിന്ധുഭൈരവി രാഗരസം/ പാടുന്നു പുഴ പാടുന്നു


84 വയസ്സായ ഇവരുടെ, ഇന്നും മനസ്സിൽ പച്ച പിടിച്ച് കിടക്കുന്ന മൂന്നുഗാനങ്ങൾ, പാടുന്ന പുഴയിലെ സിന്ധുഭൈരവി രാഗരസം (പി. ലീലയോടൊത്ത്), കുട്ടിക്കുപ്പായത്തിലെ 'വെളുക്കുമ്പം കുളിക്കുവാൻ പോകുന്ന വഴിവക്കിൽ' (ഷീല അഭിനയിച്ച കഥാപാത്രം പാടുന്നത്), കോമള റെക്കോർഡ് ചെയ്ത്, നാടക രംഗത്ത് കെ.പി.എ.സി. സുലോചന സ്ഥിരമായി പാടുന്ന ചക്കരപ്പന്തലിൽ തേൻമഴ ചൊരിയും ചക്രവർത്തി കുമാരാ എന്നിവയാണ്.

സിനിമാഗാനങ്ങൾക്ക് പുറമെ സംഗീത കച്ചേരികളും, ക്രിസ്തീയ ഭക്തിഗാനാലാപനവും ഇവർ നടത്തുക പതിവാണ്.

*അടുത്ത ലക്കം :*
*പി. ബി. ശ്രീനിവാസ്*
*കവിയൂർ രേവമ്മ*



# ജാതിഭ്രഷ്ടൻ



ബിന്ദു. കെ
9446422321

**ബോം**ബേയിലെത്തിയപ്പോൾ ജൂണും ജൂലൈയും മാസങ്ങളിൽ ഇന്ത്യാസമുദ്രം ക്ഷോഭിച്ചിരിക്കുമെന്നും ഗാന്ധിജിയുടെ ആദ്യസമുദ്രയാത്രയാകയാൽ നവംബർ വരെ പോകാൻ അനുവദിക്കരുതെന്നും ഏട്ടനോട് സുഹൃത്തുക്കൾ പറഞ്ഞു. കൊടുങ്കാറ്റിൽപെട്ട് ഒരു കപ്പൽ മുങ്ങിയതേയുള്ളു എന്നും ആരോ പറഞ്ഞു. ഇത് ഏട്ടനെ അസ്വസ്ഥനാക്കി. അദ്ദേഹം ഗാന്ധിജിയെ യാത്രയാക്കാൻ വിസമ്മതിച്ചു. ഗാന്ധിജിയെ ബോംബേയിൽ ഒരു സ്നേഹിതന്റെ കൂടെ ആക്കിയിട്ട് അദ്ദേഹം തന്റെ ജോലിക്കായി രാജ്കോട്ടിലേക്ക് മടങ്ങി. ഗാന്ധിജിയുടെ യാത്രാച്ചെലവുകൾക്കുള്ള പണം സൂക്ഷിക്കാനായി അളിയനെ ഏൽപ്പിക്കുകയും ഗാന്ധിജിക്കാവശ്യമായ എല്ലാ സഹായവും ചെയ്യണമെന്ന് ചില സ്നേഹിതന്മാരോട് പറയുകയും ചെയ്തിട്ടാണ് അദ്ദേഹം പോയത്.

ബോബേയിൽ സമയം തള്ളിനീക്കുക ബുദ്ധിമുട്ടായിരുന്നു. ഇംഗ്ലണ്ടിലേക്ക് പോകുന്നതിനെപ്പറ്റി ഗാന്ധിജി നിരന്തരം സ്വപ്നം കണ്ടുകൊണ്ടിരുന്നു. ഇതിനിടയ്ക്ക് ഗാന്ധിജിയുടെ സമുദായക്കാരായ ആളുകൾ ഗാന്ധിജി വിദേശത്ത് പോകുന്നതിനെപ്പറ്റി വെകിളി പിടിച്ചിരുന്നു. അതുവരെ മോഢ്ബനിയക്കാർ ആരും ഇംഗ്ലണ്ടിൽ പോയിട്ടില്ല. ഗാന്ധിജി അതിന് ധൈര്യപ്പെട്ടാൽ അദ്ദേഹത്തെ ഒരു പാഠം പഠിപ്പിക്കുമെന്ന് അവർ തീർച്ചയാക്കി. തങ്ങളുടെ സമുദായത്തിൽപ്പെട്ട എല്ലാവരുടേയും ഒരു പൊതുസമ്മേളനം അവർ വിളിച്ചുകൂട്ടി. അതിന് ഹാജരാകാൻ ഗാന്ധിജിയോട് കൽപ്പിച്ചു. ഗാന്ധിജി ചെന്നു. തനിക്ക് അതിനുള്ള ധൈര്യം സംഭരിക്കാൻ എങ്ങനെ കഴിഞ്ഞു വെന്ന് ഗാന്ധിജിക്കുതന്നെ അത്ഭുതമായി. ഒന്നും ഗാന്ധിജിയെ ഭയപ്പെടുത്തിയില്ല. യാതൊരു മടിയും കൂടാതെ അവിടെ സമ്മേളിച്ചവർക്കു മുന്നിൽ ഗാന്ധിജി ചെന്നു. സമുദായത്തലവനായ സേട്ട് ഗാന്ധിജിയുടെ അകന്ന ബന്ധുവും അച്ഛനോട് നല്ല അടുപ്പമുള്ള ആളുമായിരുന്നു. അദ്ദേഹം ഗാന്ധിജിയോട് പറഞ്ഞു : "നമ്മുടെ സമുദായക്കാരുടെ അഭിപ്രായത്തിൽ, ഇംഗ്ലണ്ടിൽ പോകാനുള്ള നിന്റെ ഉദ്ദേശ്യം ഉചിതമല്ല. വിദേശത്തേയ്ക്ക് സമുദ്രയാത്ര ചെയ്യുന്നത് നമ്മുടെ മതം വിലക്കിയിരിക്കുന്നു. നമ്മുടെ മതകാര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതെ അവിടെ കഴിയുക സാദ്ധ്യമല്ലെന്നും ഞങ്ങൾ കേട്ടിട്ടുണ്ട്. അവിടെ ചെന്നാൽ യൂറോപ്യൻമാരോടൊപ്പം ഭക്ഷണം കഴിക്കാനും മദ്യപിക്കാനും നിർബന്ധിതനായി ത്തീരും."

അതിന് ഗാന്ധിജി ഇങ്ങനെ മറുപടി നൽകി. "ഇംഗ്ലണ്ടിൽ പോകുന്നത് നമ്മുടെ മതത്തിന് എതിരാണെന്ന് ഞാൻ തീരെ വിചാരിക്കുന്നില്ല. തുടർന്നുള്ള പഠനത്തിനുവേണ്ടിയാണ് ഞാൻ അവിടെ പോകാൻ ഉദ്ദേശിക്കുന്നത്. നിങ്ങൾ ഏറ്റവും ഭയപ്പെടുന്ന മൂന്ന് കാര്യങ്ങളിൽ നിന്നും വിട്ടുനിന്നുകൊള്ളാമെന്ന് ഞാൻ എന്റെ അമ്മയുടെ അടുത്ത് വിധിപ്രകാരം പ്രതിജ്ഞ ചെയ്തിട്ടുണ്ട്. ആ പ്രതിജ്ഞ എന്നെ രക്ഷിക്കുമെന്ന് എനിക്കുറപ്പുണ്ട്."

"എന്നാൽ നമ്മുടെ മതകാ

രൃങ്ങൾ പാലിക്കാൻ നിനക്കവിടെ സാദ്ധ്യമല്ലെന്ന് ഞങ്ങൾ പറയുന്നു. നിന്റെ അച്ഛനുമായി എനിക്കുണ്ടായിരുന്ന അടുത്ത ബന്ധം നിനക്കറിയാമല്ലോ. നീ എന്റെ ഉപദേശം അനുസരിക്കണം'' എന്ന് സേട്ട് മറുപടി പറഞ്ഞു.

ഗാന്ധിജി പറഞ്ഞു: ''എനിക്കാ ബന്ധമൊക്കെ അറിയാം. അങ്ങ് എനിക്ക് ഒരു കാരണവരെപ്പോലെ ആണ്. പക്ഷെ ഇക്കാര്യത്തിൽ ഞാൻ നിസ്സഹായനാണ്. ഇംഗ്ലണ്ടിലേയ്ക്ക് പോകാനുള്ള എന്റെ നിശ്ചയം മാറ്റാവുന്നതല്ല. എന്റെ അച്ഛന്റെ സ്നേഹിതനും ഉപദേഷ്ടാവുമായ ബ്രാഹ്മണ പണ്ഡിതൻ, ഞാൻ ഇംഗ്ലണ്ടിൽ പോകുന്നതിൽ ഒരു തെറ്റും കാണുന്നില്ല. എന്റെ അമ്മയും ഏട്ടനും എനിക്ക് അനുവാദം തന്നിട്ടുമുണ്ട്.''

''പക്ഷെ നീ സമുദായത്തിന്റെ കല്പനകളെ അവഗണിക്കുമോ?''

''ഞാൻ തീർച്ചയായും നിസ്സഹായനാണ്. ഇക്കാര്യത്തിൽ സമുദായം ഇടപെടരുതെന്ന് എനിക്ക് തോന്നുന്നു.''

ഇത് സേട്ടുവിനെ കുപിതനാക്കി. അദ്ദേഹം ഗാന്ധിജിയെ വഴക്ക് പറഞ്ഞു. ഗാന്ധിജി നിശ്ശബ്ദത പാലിച്ചു. അപ്പോൾ സേട്ടു തന്റെ കല്പന പ്രഖ്യാപിച്ചു: ''ഇന്നുമുതൽ ഈ കുട്ടിയെ സമുദായഭ്രഷ്ടനായി കണക്കാക്കണം. അവനെ സഹായിക്കുകയോ യാത്രയയ്ക്കാൻ തുറമുഖത്തേയ്ക്ക് പോവുകയോ ചെയ്യുന്നവർ ഒന്നേകാൽ രൂപ വീതം പിഴ അടയ്ക്കാൻ ശിക്ഷിക്കപ്പെടും.''

ആ കല്പന ഗാന്ധിജിയിൽ ഒരു മാറ്റവും ഉണ്ടാക്കിയില്ല. അദ്ദേഹം സേട്ടുവിന്റെ അടുത്തുനിന്നും പോന്നു. എന്നാൽ ഗാന്ധിജിയുടെ ഏട്ടൻ ഇതിനെ എങ്ങനെ കണക്കാക്കുമെന്ന് ഗാന്ധിജിക്ക് സംശയം തോന്നി. പക്ഷെ ഏട്ടൻ ഉറച്ചുനിന്നു. സേട്ടുവിന്റെ കല്പനയ്ക്ക് വിരുദ്ധമാണെങ്കിലും പോകാൻ ഏട്ടന്റെ അനുവാദം ഗാന്ധിജിക്കുണ്ടെന്ന് ഗാന്ധിജിയെ എഴുതി അറിയിക്കുകയും ചെയ്തു. എങ്കിലും ഏട്ടനെ സ്വാധീനിക്കത്തക്കവിധം സമ്മർദ്ദം ചെലുത്തുന്നതിൽ അവർ വിജയിച്ചാലോ എന്ന ചിന്ത ഗാന്ധിജിയെ കപ്പൽ യാത്രയ്ക്ക് മുമ്പുണ്ടായിരുന്നതിലേറെ തിടുക്കമുള്ളവനാക്കിമാറ്റി. അങ്ങനെ ചിന്താധീനനായി ഇരിക്കുമ്പോൾ ബാരിസ്റ്റർ പരീക്ഷയ്ക്ക് പഠിക്കാനായി ജുനാഗദിലെ ഒരു വക്കീൽ സെപ്റ്റംബർ നാലിന് ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറുന്നതായി കേട്ടു. ഏട്ടൻ എന്നെ സഹായിക്കാനേല്പ്പിച്ചിരുന്ന സ്നേഹിതനോട് ഈ വിവരം ഗാന്ധിജി പറഞ്ഞു. അത്തരം ഒരാളുടെ കൂടെ യാത്രചെയ്യാനുള്ള അവസരം നഷ്ടപ്പെടുത്തരുതെന്ന കാര്യത്തിൽ അവരും യോജിച്ചു. ഒട്ടും സമയം കളയാനുണ്ടായിരുന്നില്ല. അനുവാദത്തിനായി ഗാന്ധിജി ഏട്ടന് കമ്പിയടിച്ചു. അദ്ദേഹം അനുവദിച്ചു. അളിയനെ ഏല്പ്പിച്ചിരുന്ന പണം തരാൻ ഞാൻ ആവശ്യപ്പെട്ടു. അദ്ദേഹം സേട്ടുവിന്റെ കല്പനയെപ്പറ്റി സൂചിപ്പിക്കുകയും തനിയ്ക്ക് സമുദായബന്ധം നഷ്ടപ്പെടുത്തുക വയ്യെന്ന് പറയുകയും ചെയ്തു. അപ്പോൾ ഗാന്ധിജി തന്റെ ഒരു കുടുംബസുഹൃത്തിനെ തിരഞ്ഞുപിടിച്ച് തന്റെ യാത്രയ്ക്കും അത്യാവശ്യച്ചെലവുകൾക്കും ഉള്ള തുക തരാനും അത് ജ്യേഷ്ഠനിൽ നിന്ന് വാങ്ങിക്കൊള്ളാനും അപേക്ഷിച്ചു. ആ സ്നേഹിതൻ ഗാന്ധിജിയുടെ അപേക്ഷ സ്വീകരിക്കുക മാത്രമല്ല ഗാന്ധിജിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അദ്ദേഹം തന്ന പണത്തിലെ ഒരുഭാഗം കൊണ്ട് ഉടനെ യാത്രാടിക്കറ്റ് എടുത്തു. അതുകഴിഞ്ഞ് കപ്പൽ യാത്രയ്ക്ക് പ്രത്യേകമായ ഒരുക്കങ്ങൾ ചെയ്യേണ്ടിയിരുന്നു. ഇക്കാര്യത്തിൽ പരിചയമുള്ള മറ്റൊരു സ്നേഹിതൻ ഉണ്ടായിരുന്നു. അദ്ദേഹം വസ്ത്രങ്ങളും മറ്റും തയ്യാറാക്കിക്കൊടുത്തു. ചില വസ്ത്രങ്ങൾ ഗാന്ധിജിക്ക് ഇഷ്ടപ്പെട്ടെങ്കിലും ചിലത് തീരെ ഇഷ്ടപ്പെട്ടില്ല. പില്ക്കാലത്ത് അണിയുന്നതിൽ ഗാന്ധിജി ആഹ്ലാദം കണ്ടിരുന്ന കഴുത്തിലെ 'ടൈ' അന്ന് ഗാന്ധിജിയിൽ അറപ്പുളവാക്കിയിരുന്നു. കുറിയ ജാക്കറ്റ് ധരിക്കുന്നത് മര്യാദകേടായിട്ടാണ് ഗാന്ധിജിക്ക് തോന്നിയത്. പക്ഷെ ഗാന്ധിജിയ്ക്ക് ഇംഗ്ലണ്ടിലേയ്ക്ക് പോകാനുള്ള ആഗ്രഹത്തിന് മുൻപിൽ ഈ അനിഷ്ടം ഒന്നുമല്ലായിരുന്നു.

കപ്പൽ യാത്രയ്ക്ക് വേണ്ടതിലേറെ ഭക്ഷണസാധനങ്ങളും എടുത്തിരുന്നു. ജുനാഗദിൽ നിന്നുള്ള വക്കീൽ ശ്രീ. ത്ര്യംബകറായ് മജുംദാറിന്റെ മുറിയിൽത്തന്നെ ഗാന്ധിജിക്ക് ഒരു ബർത്ത് സ്നേഹിതന്മാർ ഏർപ്പാട് ചെയ്തിരുന്നു. അവർ ഗാന്ധിജിയെ നല്ല വാക്കുകളോടെ അദ്ദേഹത്തെ ഏല്പ്പിക്കുകയും ചെയ്തു. അദ്ദേഹം ലോകപരിചയവും അറിവും നേടിയവനും പ്രായം കൊണ്ട് പക്വത വന്നവനും ആയിരുന്നു. ഗാന്ധിജിയ്ക്കാകട്ടെ ലോകപരിചയം തീരെ ഇല്ലാത്ത, പതിനെട്ട് വയസ്സ് മാത്രം പ്രായമുള്ള കുട്ടിയും. ശ്രീ. മജുംദാർ ഗാന്ധിജിയുടെ സ്നേഹിതൻമാരോട് ഗാന്ധിജിയെ ഓർത്ത് വിഷമിക്കേണ്ട എന്നുപറഞ്ഞു. അവസാനം സെപ്റ്റംബർ നാലാം തിയതി ഗാന്ധിജി ബോംബേയിൽ നിന്നും കപ്പൽയാത്ര ആരംഭിച്ചു.

■ കവിത

## ഞാൻ അടുത്തുള്ളപ്പോൾ


ജലജാപ്രസാദ്
9074676288



ഉണ്ടില്ലെങ്കിൽ നിനക്കെന്ത് ?
ഉറങ്ങിയില്ലെങ്കിൽ നിനക്കെന്ത് ?
കളിച്ചില്ലെങ്കിൽ...
ചിരിച്ചില്ലെങ്കിൽ...
കുളിച്ചില്ലെങ്കിൽ...
നിനക്കെന്ത്...?
ഒന്നുമില്ലെന്നറിയാം.

ഞാനടുത്തില്ലെങ്കിൽ...?
എനിക്കറിയാം
എങ്കിൽ,
എങ്കിൽ മാത്രം
നിനക്കെന്തോ ഉണ്ട്...!

# ന്യൂ ജനറേഷൻ



ഏഴംകുളം മോഹൻകുമാർ
9447743242

**ഇ**ന്ന് സജീവമായി പ്രയോഗിക്കപ്പെടുന്നതും ചർച്ചയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതുമായി പദങ്ങളിലൊന്നാണ് ന്യൂ ജനറേഷൻ. ഇതൊരു പുതിയ പ്രതിഭാസമൊന്നുമല്ല. തലമുറകൾ തമ്മിലുള്ള അന്തരം എല്ലാക്കാലത്തും ചരിത്രത്തിന്റെ ഭാഗമാണ്. ആശയപരവും പ്രവർത്തന പരവുമായ സംഘർഷങ്ങൾ തലമുറകൾ തമ്മിൽ എന്നും ഉണ്ടായിട്ടുണ്ട്. പഴയകാലം നന്മയുടെ ഇരിപ്പിടമായിരുന്നുവെന്നും പുതിയവർ എല്ലാം തകർത്ത് അരാജകത്വം സൃഷ്ടിക്കുകയാണെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. സ്വാഭാവികമാറ്റങ്ങൾ ഉൾക്കൊള്ളാനും സഹകരിക്കാനുമാകാതെയുള്ള രോഷപ്രകടനം മാത്രമാണിത്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് സമൂഹത്തിലും കുടുംബത്തിലും വ്യക്തിയിലുമുണ്ടാകുന്ന അവസ്ഥാഭേദങ്ങൾ സങ്കല്പത്തെ കടത്തിവെട്ടുന്നതായിരിക്കും. സാങ്കേതികവും വിജ്ഞാനപരവുമായ പുരോഗതിയിലൂടെയാണ് ജീവിതം എല്ലാക്കാലത്തും മുന്നോട്ടുപോയിട്ടുള്ളത്. അപ്പോൾ ചിന്തകളിലും ധാരണകളിലും പ്രവർത്തനങ്ങളിലും പഴയവരും പുതിയവരും തമ്മിൽ പ്രകടമായ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുക സ്വാഭാവിക പ്രക്രിയ മാത്രമാണ്. അയിത്തവും അന്ധവിശ്വാസവും ജാതീയ വ്യവസ്ഥിതികളും കുറേയെങ്കിലും ഉന്മൂലനം ചെയ്യാനായത് ഇത്തരം ആശയപരവും ചിന്താപരവുമായ പ്രവർത്തനത്താലാണ്.

ഇന്ന് കൂടുതൽ വിമർശന വിധേയമായിക്കൊണ്ടിരിക്കുന്നത് ന്യൂ ജനറേഷൻ സിനിമയും സാഹിത്യവും വസ്ത്രധാരണവും ഫാഷനും പെരുമാറ്റവും മറ്റുമാണ്. വ്യക്തിയുടെ ചിന്താധാരയിലുണ്ടാകുന്ന മാറ്റങ്ങൾ സിനിമയിലും സാഹിത്യത്തിലും പ്രതിഫലിച്ചേ പറ്റൂ. ‘പഴയകാല സിനിമാഗാനങ്ങളും സിനിമകളുമേ കൊള്ളാവൂ’ എന്ന് പഴയതലമുറക്കാർ പറയുമ്പോൾ പുതിയവർ അംഗീകരിക്കില്ല. ഇന്നത്തെ പഴയ തലമുറക്കാർക്ക് മുമ്പുള്ളവരും ഇതേ അഭിപ്രായം പറഞ്ഞിരിക്കും. അവർ ഇന്നത്തെ പഴയ തലമുറയെ ഇതേ രീതിയിൽ കുറ്റപ്പെടുത്തിയിട്ടുമുണ്ടാകും.

പുരാണകഥകൾ മാത്രം ചലച്ചിത്രമാക്കിക്കൊണ്ടിരുന്ന കാലത്ത് സാമൂഹ്യപശ്ചാത്തലമുള്ള കഥകൾ തുടക്കത്തിൽ പലർക്കും ഉൾക്കൊള്ളാനായില്ല. സാഹിത്യത്തിന്റെ അവസ്ഥയും ഇതുതന്നെയായിരുന്നു. സിനിമയിലും നാടകത്തിലും അഭിനയിക്കുന്ന സ്ത്രീയെ സമൂഹം പുച്ഛിച്ചിരുന്ന കാലത്തിൽ നിന്നും ഇന്നിലെത്തുമ്പോൾ അത് അന്തസ്സിന്റെ ഇടമായിത്തീർന്നത് തലമുറകളുടെ ചിന്തകളുടേയും സംഘർഷാധിഷ്ഠിതമായ ആശയങ്ങളുടേയും പരിണിതഫലമായിട്ടാണ്. ‘ന്യൂ ജനറേഷൻ’ എന്ന് ഇന്ന് അറിയപ്പെടുന്നവരേയും അനന്തരതലമുറ പഴഞ്ചൻ എന്നും വിളിക്കും. വിമർശനങ്ങൾ അവരും ഏറ്റുവാങ്ങേണ്ടിവരും, അത് ചരിത്രസത്യമാണ്.

ഇന്ന് ലഭ്യമായ സുഖസൗകര്യങ്ങളും പുരോഗതിയും പഴയ തലമുറയുടെ അദ്ധ്വാനഫലമാണെന്ന് ന്യൂ ജനറേഷൻ തിരിച്ചറിയണം. അതുപോലെ കാലം സൃഷ്ടിക്കുന്ന മാറ്റം പഴയതലമുറ അംഗീകരിക്കുകയും വേണം. എങ്കിലും ആശയപരവും ധാരണാപരവുമായ ഐക്യം തലമുറകൾ തമ്മിൽ അസാധ്യമാണ്. അത് കാലത്തിന്റേയും പ്രകൃതിയുടേയും ചരിത്രത്തിന്റേയും ഭാഗമായി എല്ലാക്കാലത്തും നിലനിൽക്കുക തന്നെ ചെയ്യും. ●

■പാചകം



ജയ ചന്ദ്രൻ
8593949935

# പച്ചച്ചുണ്ടങ്ങപ്പുളി

**ചു**ണ്ടങ്ങ ചതച്ച് കഴുകി വൃത്തിയാക്കിയത് 1 കപ്പ്.

*വറുത്തരക്കാൻ* : മല്ലിപ്പൊടി 2 വലിയ സ്പൂൺ, ഉലുവ 1/2 സ്പൂൺ, വെളുത്തുള്ളി അല്ലി 1, ചുവന്നുള്ളി 5, മുളകുപൊടി 1 സ്പൂൺ, മഞ്ഞൾപൊടി 1 സ്പൂൺ.

കുതിർത്ത പുളി പിഴിഞ്ഞെടുത്തത് 1/2 കപ്പ്
തേങ്ങ ചിരകിയത് - 1/2 കപ്പ്
ഉപ്പ് - പാകത്തിന്
ശർക്കര - 1 ചെറിയ കഷണം
കറിവേപ്പില - 1 തണ്ട്
കടുക് - 1 സ്പൂൺ
എണ്ണ - കുറച്ച്

ഒരു പാത്രത്തിൽ കുറച്ചെണ്ണ ഒഴിച്ച് ചുണ്ടങ്ങ വഴറ്റുക. പിന്നീട് വറുത്തരച്ച ചേരുവകളും ഉപ്പും പുളിവെള്ളവും ചേർന്ന് ചുണ്ടങ്ങ വേവിക്കണം. ശേഷം തേങ്ങ അരച്ചത്. ശർക്കരയും ചേർക്കാം. കടുകും കറിവേപ്പിലയും വറത്തിടുക. ചുണ്ടങ്ങയുടെ കയ്പ്പും പുളിരസവും ക്രമീകരിക്കാനാണ് ശർക്കര ചേർക്കുന്നത്. ●



# കോട്ടയ്ക്കൽ മധു

തയ്യാറാക്കിയത് : കൃഷ്ണ എഴക്കാട്
9847469166



***1. കോട്ടയ്ക്കൽ മധു എന്ന പേര് കഥകളി സംഗീതരംഗത്ത് പ്രശസ്തമാണ്. കഥകളിസംഗീത വഴിയിൽ എത്തിപ്പെട്ടത് എങ്ങനെയെന്ന് വിശദീകരിക്കാമോ ?***

ഉ. 1980ലാണ് കോട്ടയ്ക്കൽ ആര്യ വൈദ്യ ശാലയുടെ കീഴിലുള്ള പി. എസ്. വി. നാട്യസംഘത്തിൽ ഞാനെത്തുന്നത്. എന്റെ ജന്മദേശം കോങ്ങാടാണ്. പണ്ട് കഥകളിയും സംഗീതവും പഠിക്കാൻ കുട്ടികളെ അന്വേഷിച്ച് ആശാൻമാർ ഗ്രാമങ്ങളിൽ വരാറുണ്ട്. അങ്ങനെ കോട്ടയ്ക്കൽ ഗോപാലകൃഷ്ണപ്പിഷാരടി ആശാൻ കോങ്ങാട് എത്തുകയും കഥകളി സംഗീതത്തിൽ താത്പര്യമുള്ള കുട്ടികളെ അന്വേഷിക്കയും ചെയ്തു. സംഗീതവാസനയുണ്ടെന്നതിനാൽ അച്ഛൻ ഗോവിന്ദൻ നായർ എന്നെ ഇവിടെ കൊണ്ടുവന്നു. ഇന്റർവ്യൂവിൽ പങ്കെടുത്തുപാട്ടുപാടി. സെലക്ഷൻ കിട്ടി.

കോട്ടയ്ക്കലിൽ പഠിക്കുന്നവർ ചെണ്ടയായാലും സംഗീതമായാലും പേരിനൊപ്പം കോട്ടയ്ക്കൽ എന്ന് ചേർക്കാറുണ്ട്. അങ്ങനെ ഞാനും കോട്ടയ്ക്കൽ മധു എന്ന പേര് സ്വീകരിച്ചു.

***2. എത്രവർഷം കഥകളിസംഗീതം അഭ്യസിച്ചു ? ഗുരുക്കൻമാർ ? കർണ്ണാടക സംഗീതവും അഭ്യസിച്ചിരുന്നോ ?***

ഉ. എട്ടുവർഷം കഥകളിസംഗീതം പഠിച്ചു. ഗോപാലകൃഷ്ണ പിഷാരടി ആശാൻ ആണ് എന്റെ ആദ്യ ഗുരു. ഇവിടെയുണ്ടായിരുന്ന മറ്റ് ഗുരുക്കൻമാർ കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, പരമശിവൻ നമ്പൂതിരി, കലാമണ്ഡലം ഉണ്ണികൃഷ്ണക്കുറുപ്പ്. കലാമണ്ഡലം നീലകണ്ഠൻ നമ്പീശനാശാന്റെ അവസാനത്തെ ശിഷ്യനാണ് ഞാൻ.

കർണ്ണാടക സംഗീതത്തെക്കുറിച്ചാണെങ്കിൽ ബാലപാഠങ്ങൾ കോങ്ങാട് വിലാസിനി ടീച്ചറും പരമേശ്വരയ്യരും (ധനലക്ഷ്മി ബാങ്ക് ഉദ്യോഗസ്ഥൻ) പഠിപ്പിച്ചു. കോട്ടയ്ക്കൽ പി. എസ്. വി.യിലെ മാധവൻ നായർ ആശാന്റെ കീഴിൽ 10 കൊല്ലം പഠിച്ചു.

***3. പി. എസ്. വി. എന്നത് എന്താണ് ?***

ഉ. പരമശിവ വിലാസം നാടകക്കമ്പനിയായിരുന്നു പണ്ട്. പിന്നീട് കഥകളി പഠനത്തിനായി നാട്യസംഘമായി. വേഷം, സംഗീതം, ചെണ്ട എല്ലാം പഠിപ്പിക്കുന്നു.

***4. ഗുരുകുല പഠനരീതി ആയിരുന്നോ ഇവിടെ ?***

ഉ. തീർച്ചയായും. രാവിലെ മൂന്നേ മുക്കാലിന് ഉണരും. സാധകം ചെയ്യണം. പിന്നീട് എണ്ണ തേച്ച് കുളി, കഞ്ഞി പുഴുക്ക് പ്രഭാത ഭക്ഷണം. വീണ്ടും പരിശീലനം. കഠിന തപസ്യ തന്നെ. ഇതുകൊണ്ടൊന്നും പാട്ടുകാരനാകാൻ പറ്റില്ല. അരങ്ങത്ത് പരിചയം ലഭിക്കണം. ആശാൻ കൂടെ കൊണ്ടുപോകും. ഹാർമോണിയം ശ്രുതി മീട്ടിക്കൊടുക്കുക, കളി മുഴുവൻ കാണുക, ഗുരുക്കൻമാർ പറയുന്നത് അനുസരിക്കുക അത്ര തന്നെ.

***5. ഈ രംഗത്തെ പൂർവ്വസൂരികൾ?***

ഉ. കഥകളി വേഷത്തിലാണെങ്കിൽ കീഴ്പ്പടം കുമാരൻ നായർ, കലാമണ്ഡലം രാമൻകുട്ടി നായർ, വാഴേങ്കട കുഞ്ഞുണ്ണി നായർ, പത്മനാഭൻ നായർ, കോങ്ങാട് വാസുപ്പിഷാരടി, ചാത്തുണ്ണിപ്പണിക്കർ. ഇവരുടെയൊക്കെ ശിങ്കിടി പാടാൻ അവസരം ലഭിച്ചത് ഭാഗ്യമായി കരുതുന്നു. കഥകളി സംഗീതരംഗത്ത് ഞാൻ നേരത്തെ പറഞ്ഞ ഗുരുക്കൻമാർ, കലാമണ്ഡലം ഹൈദരലി, ശങ്കരൻ എമ്പ്രാന്തിരി മുതലായവർ ഉണ്ട്.

***6. സാധാരണ ജനങ്ങൾ പുരാണ കഥാസ്വാദനത്തിൽ നിന്നും അകന്നിരിക്കുന്ന ഇക്കാലത്ത് കഥകളി സംഗീതം പൊതുജനങ്ങളിൽ എത്തിക്കാൻ എന്താണ് ചെയ്യുന്നത് ?***

ഉ. പണ്ട് കോവിലകങ്ങളിലും ഇല്ലങ്ങളിലും മാത്രം ഒതുങ്ങിയിരുന്നു കഥകളി. മുമ്പിലിരിക്കുന്ന ആസ്വാദകന് കേൾക്കുന്നവിധം ഒച്ചത്തിൽ പാടുക മാത്രമാണ് പാട്ടുകാരന്റെ ധർമ്മം. പിന്നീട് മൈക്ക് വന്നു. ഹാർമോണിയം വന്നു. പണ്ട് ചേങ്ങില ശ്രുതിയിലാണ് പാടിയിരുന്നത്. മുണ്ടായ വെങ്കിട കൃഷ്ണ ഭാഗവതർ കർണ്ണാടക സംഗീതജ്ഞനും കൂടി

ആയിരുന്നു. അദ്ദേഹമാണ് ഇന്ന് കാണുന്ന രീതിയിൽ കഥകളി സംഗീതം ചിട്ടപ്പെടുത്തിയത്. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു നീലകണ്ഠൻ നമ്പീശൻ.

*7. കർണ്ണാടകസംഗീതം പഠനം കഥകളി സംഗീതത്തിന് അത്യാവശ്യമാണോ ?*

ഉ. കഥകളിസംഗീതത്തിന് നൊട്ടേഷനില്ല. ഭാവസംഗീതമാണ്. കലാമണ്ഡലം നീലകണ്ഠൻ നമ്പീശനാശാനാണ് കഥകളി സംഗീതം പഠിക്കുന്നവർ കർണ്ണാടക സംഗീതം പഠിക്കുന്നത് നല്ലതാണെന്ന് കണ്ട് ഒരു സിലബസ്സ് കൊണ്ടുവന്നത്.

സോപാന സംഗീത ശൈലിയാണെങ്കിലും കർണ്ണാടക സംഗീതത്തിന്റെ സ്വാധീനം ഇന്ന് കാണുന്നതിന് കാരണം ഇതാണ്. കലാമണ്ഡലം ശങ്കരൻ എമ്പ്രാന്തിരി, ഹൈദരലി, ഗംഗാധരൻ തുടങ്ങിയവരിലൂടെയാണ് കഥകളി സംഗീതം ഭാവസാന്ദ്രമായത്. ഞാനും പുതുതലമുറ പാട്ടുകാരും പുതിയ രാഗങ്ങൾ സന്ദർഭോചിതമായി മേളപ്പദത്തിൽ പരീക്ഷിക്കാറുണ്ട്.

*8. ഈ രംഗത്തെ പുതിയ പ്രവണതകൾ പറയാമോ ?*

പണ്ട് വീടുകളിൽ കുറേ മക്കൾ ഉണ്ടാവും എല്ലാവരും വല്ല വഴിയും രക്ഷപ്പെടണം എന്നേ രക്ഷിതാക്കൾക്ക് ഉള്ളു. ഇന്ന് ഒന്നോ രണ്ടോ കുട്ടികൾ മാത്രം. സ്കൂൾ വിദ്യാഭ്യാസത്തിനൊപ്പം ജോലി നേടണം എന്ന ചിന്ത. അതിനാൽ കോട്ടയ്ക്കലും കലാമണ്ഡലത്തിലും അത്തരം മാറ്റം ഉണ്ടായി. കലാമണ്ഡലം കല്പിതസർവ്വകലാശാല ആയി. പക്ഷെ ഗുരുകുല പഠനരീതിയിൽ ധാരാളം പ്രതിഭകൾ കഠിനശ്രമത്തിലൂടെ പുറത്തുവരുമ്പോൾ ഇന്ന് 20 കുട്ടികൾ പഠിച്ചാൽ മൂന്നോ നാലോ രംഗത്ത് തിളങ്ങും. കാരണം കഥകളും ആട്ടക്കഥകളും പഠിച്ചെടുക്കാൻ ധാരാളം സമയം ആവശ്യമാണ്. രണ്ട് വിദ്യാഭ്യാസവും കൂടിയാവുമ്പോൾ പ്രയാസം നേരിടുന്നു. പക്ഷെ ഇന്ന് ധാരാളം സംഘാടകർ, വേദികൾ എന്നിവയുണ്ട്. സോഷ്യൽ മീഡിയ വഴി പ്രൊമോഷൻ ഉണ്ട്. കഥകളിക്ക് വളർച്ചയുണ്ട് ഇന്ന്. സംശയമില്ല.

*9. കഥകളിയുടെ സാഹിത്യം ? ചരിത്രം പറയാമോ ?*

ഉ. ആദ്യകാലത്ത് പാളയിൽ ചായം തേച്ച് മുഖത്ത് വെച്ച് കെട്ടിയാണത്രെ കളിച്ചിരുന്നത്. പിന്നീട് മുഖത്ത് ചുട്ടികുത്തി പാട്ട് പാടിക്കളിക്കണം. അതിന് പ്രയാസം നേരിട്ടപ്പോൾ പിൻപാട്ടുകാരൻ വേണമെന്നായി. ഇയാൾക്ക് സഹായിയായി ഒരാൾ കൂടി വന്നു. അങ്ങനെ പ്രധാന പാട്ടുകാരൻ 'പൊന്നാനി' എന്നും കൂടെ പാടുന്നയാൾ 'ശിങ്കിടി' എന്നും വിളിക്കപ്പെട്ടു. ആട്ടക്കഥകളിൽ പ്രധാനം കോട്ടയം കഥകൾ. അത് നാലെണ്ണമാണ്. കിർമ്മീരവധം, കാലകേയവധം, കല്യാണ സൗഗന്ധികം, ബകവധം.

ഇരയിമ്മൻ തമ്പിയുടെ ഉത്തരാസ്വയംവരം, കീചകവധം, ദക്ഷയാഗം, ഉണ്ണായിവാര്യരുടെ നളചരിതം. കൂടാതെ കുചേലവൃത്തം, രുഗ്മാംഗദ ചരിതം, സന്താനഗോപാലം, കർണ്ണശപഥം തുടങ്ങി മുപ്പതോളം ആട്ടക്കഥകൾ പാടിവരുന്നു.

*10. പാട്ടുകാരനെന്ന നിലയിൽ പ്രത്യേകിച്ച് വീണ്ടും വീണ്ടും പാടി നോക്കാൻ ഇഷ്ടപ്പെടുന്ന പദം ഏതാണ് ?*

ഉ. അത് പറയാൻ ബുദ്ധിമുട്ടാണ്. ചിലത് ചിട്ട പ്രധാനമാണ്. മറ്റ് ചിലത് ഭാവപ്രധാനം, സംഗീത പ്രധാനം. കുചേലവൃത്തത്തിന് ഭക്തിയാണ്. അങ്ങനെ ആട്ടക്കാരന്റെ ഭാവം പുറത്ത് കൊണ്ടുവരാൻ സഹായിക്കുന്ന വിധം പാടുക എന്നത് ഞാനെന്ന പാട്ടുകാരന്റെ ധർമ്മമാണ്.

11. ധാരാളം ശിഷ്യസമ്പത്തുണ്ടാവുമല്ലോ ?

ഉ. വേങ്ങേലി നാരായണൻ, കോട്ടയ്ക്കൽ സന്തോഷ്, വിനീഷ്, ജയൻ, മൃദുല വാര്യർ (സിനിമാഗാനരംഗം)

*12. കലയുടെ നിലനിൽപ്പിനായി പുതിയ രീതികൾ എന്തൊക്കെയാണ്?*

ഉ. പ്രധാനമായും ഫ്യൂഷൻ, കർണ്ണാടക സംഗീതവുമായി ജുഗൽബന്ദി, അഷ്ടപദിയുമായും പോപ് സംഗീതവുമായും ജുഗൽബന്ദി ചെയ്യാറുണ്ട്. സാഹിത്യം മുറിച്ച് മുറിച്ച് പാടുന്നതും പുതിയ രാഗങ്ങൾ പരീക്ഷിക്കുന്നതും ആസ്വാദകർക്ക് ഇഷ്ടമാവുന്നുണ്ട്.



***13. സന്ദർശിച്ച വിദേശരാജ്യങ്ങൾ ? അനുഭവങ്ങൾ ?***

ഉ. സ്വിറ്റ്സർലാന്റ്, സിംഗപ്പൂർ, അബുദാബി, ദുബായ്, ഷാർജ്ജ, മാലിദ്വീപ്, ശ്രീലങ്ക, മലേഷ്യ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. അവിടത്തെ ജനങ്ങൾ നമ്മുടെ കലയെ വളരെ ബഹുമാനത്തോടെയാണ് കാണുന്നത്.

***14. പുരസ്കാരങ്ങൾ ?***

ഉ. വിശ്വംഭര ക്ഷേത്രത്തിൽ വെച്ച് മാധവൻ നായരാശാന്റെ പൊന്നാട, 2002ൽ ഞാങ്ങാട്ടിരി പുരസ്കാരം, കൊച്ചനിയൻ പുരസ്കാരം, കലാമണ്ഡലം ഹൈദരലി പുരസ്കാരം, കോങ്ങാട് കഥകളി ആസ്വാദകരുടെ വക വീരശൃംഖല, ഗോപിയാശാൻ വേഷത്തോടെ വന്ന് കൈയിൽ അണിയിച്ചത് മറക്കാനാവാത്ത അനുഭവമാണ്. 2017ൽ കേരള സംഗീത നാടക അവാർഡ് ലഭിച്ചു. നാലഞ്ച് സിനിമകളിൽ പാടിയിട്ടുണ്ട്. (വാനപ്രസ്ഥം, ഞാൻ, ആനന്ദ ഭൈരവി, സോപാനം, മധുരമീയാത്ര)

കുടുംബത്തെ സ്നേഹിക്കുന്ന പോലെ കലയെ ഞാൻ സ്നേഹിക്കുന്നു. അതെന്റെ ജീവന്റെ ഭാഗമാണ്.

***15. വീട് ? കുടുംബം ?***

ഉ. സ്വന്തം ജന്മഗേഹം കോങ്ങാട്. അച്ഛൻ ഗോവിന്ദൻ നായർ. അമ്മ സത്യഭാമ. അഞ്ച് സഹോദരങ്ങൾ. സഹോദരി ഗീത മ്യൂസിക് ടീച്ചറാണ്. അനിയൻ ജയൻ മൃണാളിനി സാരാഭായിയുടെ ദർപ്പണയിൽ സംഗീത വിഭാഗത്തിലാണ്. പ്രസാദ്, ലത, മായ എന്നീ സഹോദരങ്ങൾ കൂടിയുണ്ട്. ഭാര്യ വൃന്ദ നല്ലൊരു സംഗീത ആസ്വാദകയാണ്. മൂത്ത മകൾ കൃഷ്ണേന്ദു അഡയാർ മ്യൂസിക് കോളേജിൽ ഡിഗ്രിക്ക് പഠിക്കുന്നു. രണ്ടാമത്തെ മകൾ കീർത്തന PSV യിൽ പാർട്ട്ടൈം കഥകളി വേഷം പഠിക്കുന്നു. അരങ്ങേറ്റം കഴിഞ്ഞു. ഒരു കലാകുടുംബമാണെന്നതിൽ അഭിമാനിക്കുന്നു.

●



# ചോറ്റുരുള



**അശോകൻ രാജീവം**
**9447533850**

**കൊ**ടിയമഴക്കാലം അത്ര ഇഷ്ടമല്ലെങ്കിലും മീനം മേടം മാസങ്ങളിൽ ഇടമഴപ്പെയ്യുന്നത് ആവോളം ആസ്വദിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു ദാമുവിന്. ഇന്നിപ്പോൾ അടുത്തൂൺ പറ്റാറായ ഈ പ്രായത്തിലിരുന്നുകൊണ്ട് ഓർമ്മകളുടെ ചിതലരിച്ചു തുടങ്ങിയ താളിയോലക്കെട്ടുകളിലൊന്ന് പൊടിതട്ടിയെടുത്ത് നീലനിലാവെളിച്ചത്തിൽ മങ്ങിപ്പോയ തന്റെ ഉൾക്കാഴ്ച കൊണ്ട് വായിച്ചെടുക്കുവാൻ ശ്രമിക്കുകയായിരുന്നു അയാൾ.

ആറാം തരത്തിലെ കൊല്ലപ്പരീക്ഷ കഴിഞ്ഞ് വേനലവധിക്ക് സ്കൂൾ പൂട്ടിയ കാലം. ദാമുവിന് ഏറ്റവും പ്രിയം അപ്പനോടൊപ്പമുള്ള നിമിഷങ്ങളായിരുന്നു. കാക്ക കരയുമ്പോഴേ ഉണരുന്ന അപ്പനോടൊപ്പം ദാമുവും ഉണരും. പിന്നെയൊരു അരമുക്കാൽ മണിക്കൂർ അപ്പനോടൊപ്പം തൊടിയിൽ നടക്കും. വെളിച്ചം വെള്ളത്തിൽ വീഴും മുമ്പേ കുളത്തിലിറങ്ങി മുങ്ങിക്കുക അപ്പന്റെ ശീലമാണ്. അതിപ്പോൾ എത്ര കൊടും മഴക്കാലമാണെങ്കിലും ശരി. അപ്പോഴൊക്കെയും ദാമു കുളക്കടവിൽ അപ്പനു കൂട്ടിരുന്നുകൊണ്ട് കലപില സംസാരിക്കും. അവന്റെ എല്ലാ സംശയങ്ങൾക്കും അപ്പന്റെ കൈയിൽ മറുപടിയുണ്ടാകും. അപ്പനെത്ര പഠിച്ചിട്ടുണ്ടെന്ന് അവന് അറിയില്ലെങ്കിലും അപ്പനോളം ഉത്തരങ്ങളും സഹിഷ്ണുതയും മനപാകതയും തന്റെ സ്കൂളിലെ ഒരു മാഷ്മാർക്കും ഇല്ലെന്ന് അവന് കണിശമായും അറിയാം. എന്തെങ്കിലും ചോദിച്ചാൽ അവർ കണ്ണുരുട്ടുന്നതും ചൂരലെടുത്ത വിരട്ടുന്നതും അവന് ഭയമാണ്. അതിനാൽ ആ ചോദ്യങ്ങളെല്ലാം സ്വരുക്കൂട്ടിവെയ്ക്കും. അപ്പനോടൊത്തുള്ള നിമിഷങ്ങളിൽ അതിനുള്ള മറുപടികൾ കിട്ടുമെന്നുറപ്പുള്ളതുകൊണ്ട്. കുളി കഴിഞ്ഞ് വസ്ത്രം മാറി അപ്പൻ പണിക്കുപോകാൻ തയ്യാറാകുമ്പോഴേക്കും അമ്മ എഴുന്നേറ്റിട്ടേയുണ്ടാവുള്ളു.

“ഈ ചെക്കനെന്തിനാ ഇത്ര വെളുപ്പിനേ എണീറ്റ് മഞ്ഞും മഴയും കൊള്ളിണത് ? എള്ളുണങ്ങണത് എണ്ണയ്ക്ക്, കുറുഞ്ചാത്തനെന്തിനാ കൂടെയുണങ്ങണത്...?”

അവനത് കേട്ട് ചിരിക്കും. കുട്ടികള് മണ്ണും വിണ്ണും ഉണരുന്നതിനുമുമ്പ് ഉണരണം. സൂര്യനുദിച്ചു വരുമ്പോൾ ആദ്യം തിരക്കുന്നത് കുട്ടികളെയാവും. ആ നേരം എന്തെല്ലാം ഉണരുമെന്നറിയോ ? മാനം ചുവക്കും, കിളികൾ പാടും, പൂക്കൾ ചിരിക്കും, ഈ ഭൂമിയാകെ പൂത്തുലഞ്ഞ് നിൽക്കും. ഇതൊക്കെ ആർക്ക് കാണാനാ ? നേരത്തെയുണരുന്നവർക്ക്... അവനിതൊക്കെ കണ്ടു വളരണം.”

“ഓ പിന്നെ, നിങ്ങളങ്ങ്ട് പോയിക്കഴിഞ്ഞാ മതി, പിന്നേം പോയി ചുരുണ്ടുകിടക്കും. ഇവനെന്താ സാധനം... !”

“ഏയ്... ആണോ കണ്ണാ ?”

അമ്മയുടെ പഴി പറയലല്ല അവന് സങ്കടം. അപ്പന്റെ മുമ്പിൽ തെറ്റുകാരനാകരുത്. “ഇല്ലപ്പാ ഈ അമ്മ...”

“ഓ... കില്ലപ്പാ... നുണയൻ. കണ്ണനല്ലിവൻ പൊണ്ണനാണ്. നിങ്ങ

ളിവനെ ഇങ്ങനെ കൊഞ്ചിച്ചു വഷളാക്കരുത്.''

അമ്മയെന്തൊക്കെ പറഞ്ഞാലും അപ്പനത് കാര്യമാക്കാറില്ല. പുറത്തേക്കിറങ്ങാൻ നേരം ആരും കാണാതെ അപ്പൻ അമ്പതുപൈസയുടെ തുട്ട് അവന്റെ കൈയിൽ പിടിപ്പിച്ചിട്ടേ ഇറങ്ങൂ. അവനത് അനാവശ്യമായി ചെലവാക്കുകയൊന്നുമില്ല. തന്റെ പൗഡർ ടിന്നുകൊണ്ടുള്ള കുടുക്കയിലത് ഭദ്രമായിരിക്കും. അപ്പൻ ചിലപ്പോൾ രാത്രിയെത്താൻ വൈകുന്ന ദിവസങ്ങളിൽ അമ്മയോ ഏടത്തിയോ ഉപ്പോ മുളകോ എണ്ണയോ വാങ്ങിക്കാൻ അവനോടാണ് ചോദിക്കാറുള്ളത്. അപ്പോളവൻ തന്റെ നീക്കിയിരുപ്പ് നിധിയിൽ നിന്നും പണമെടുത്ത് ചെലവാക്കുമെന്ന് അപ്പനും അറിയാമായിരിക്കും.

രാത്രിയെത്ര വൈകിയാലും അപ്പൻ വരുംവരെ കാത്തിരിക്കും. രാത്രിയും തൊടിയിലെ കുളത്തിൽ പോയി കുളിച്ച് വന്ന് അപ്പൻ അത്താഴം കഴിക്കാനിരിക്കുമ്പോഴേ അവനും ഉണ്ണാറുള്ളു. ചിലപ്പോൾ അതിനുമുമ്പേ അമ്മ പോലും കഴിച്ചിട്ടുണ്ടാവും. ആരും ആരേയും വിശന്നുകൊണ്ട് കാത്തിരിക്കുന്നത് അപ്പനിഷ്ടമല്ല. അപ്പൻ ഒരുപാട് വൈകുന്ന രാത്രികളിൽ അമ്മ അവനെ നിർബന്ധിപ്പിച്ച് കഴിപ്പിക്കാറുണ്ട്. അഥവാ, അവൻ കഴിച്ച്, കാത്തിരുന്ന് കാത്തിരുന്ന് ഉറങ്ങിപ്പോയാൽ പോലും അപ്പൻ വന്ന് ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ അമ്മ അവനെ വിളിച്ചുണർത്തും. അല്ലെങ്കിൽ അപ്പന്റെ ''കണ്ണാ'' എന്നൊരു വിളിയും കാത്ത് അവന്റെ കൺപീലികൾ തുറക്കാൻ വെമ്പി നിൽക്കുകയാവും. അവനുറങ്ങുന്നതും ഉറക്കത്തിൽ സ്വപ്നം കാണുന്നതുമെല്ലാം അപ്പനോടൊത്തുള്ള നിമിഷങ്ങളാവും. അപ്പനോട് ഓരോന്ന് ചോദിച്ചുകൊണ്ടിരിക്കുന്ന നേരത്തിലാവും പെട്ടെന്ന് അപ്പന്റെ വിളിയെത്തുക - തൊട്ടടുത്തെന്ന പോലെ...

''കണ്ണാ... എണീക്കെടാ..''

ചോറിൽ കറിയൊഴിച്ച് നന്നായി കുഴച്ച് അപ്പൻ ഉള്ളം കൈയിലിട്ട് ഒരു താളത്തിൽ തൊട്ടിലാടും പോലെ ഉരുള ഉരുട്ടിയെടുക്കും. എന്നിട്ടാ ഉരുളയുടെ മുകളിലൊരു പപ്പടതുണ്ടും വെച്ച് അപ്പൻ അത് അവനു കൊടുക്കും. അതിനുമുമ്പ് അവൻ എത്ര കഴിച്ചിരുന്നാലും എന്തമൃത് കഴിച്ചിരുന്നാലും അതൊന്നും എവിടേയും എത്തിയിട്ടുണ്ടാവില്ല. അപ്പന്റെ കൈയിൽ നിന്നും സ്നേഹവായ്പോടെ കിട്ടുന്ന ആ ചോറ്റുരുളയുടെ രുചി വേറൊരു വിശിഷ്ട ഭക്ഷണത്തിലും കണ്ടിട്ടില്ല. ആ ചോറ്റുരുളയും വാങ്ങി കഴിച്ചിട്ടേ ദാമുവിന് തൃപ്തിയാകാറുള്ളു.

ഉറക്കവും അപ്പന്റെ ചൂരും ചൂടും പറ്റിക്കൊണ്ടുതന്നെയാവണം അവന്. ചില ദിവസങ്ങളിൽ സ്കൂളിലേക്കുപോകുമ്പോൾ കാലത്ത് കഴിക്കാനൊന്നും കാലായിട്ടുണ്ടാവില്ല. ഉച്ചഭക്ഷണം തൂക്കുപാത്രത്തിലാക്കി കൊണ്ടുപോകാറാണ് പതിവ്. അത് ചിലപ്പോൾ അമ്മയോ ഏടത്തിയോ കൊണ്ടുതരാറുമുണ്ട്. എന്നാലും കാലത്തൊന്നും കഴിക്കാതെ പടിയിറങ്ങുമ്പോൾ പിന്നിൽ നിന്നും അമ്മ വിളിച്ചുപറയും ''കൃഷ്ണേട്ടന്റെ ചായക്കടേന്ന് രണ്ട് ദോശ കഴിച്ചോ ന്താ കൊടുത്തോളാം പൈസ പറഞ്ഞാ മതി.'' അതിന്റെയൊന്നും ആവശ്യം വേണ്ടിവരില്ല. ചായക്കടയെത്തുമ്പോഴേക്കും കൃഷ്ണേട്ടൻ തനിക്കുവേണ്ടി നാല് ഇഡ്ഡലിയും കാപ്പിയും തയ്യാറാക്കി വെച്ചിട്ടുണ്ടാവും. അത് അപ്പൻ തനിക്കുമാത്രമായി പറഞ്ഞേൽപ്പിച്ച സത്യമാണ്. അപ്പനോളം സ്നേഹമുള്ള സത്യം. കൃഷ്ണേട്ടനത് ഒരിക്കലും മുടക്കിയിട്ടില്ല. ഉമ്മറത്ത് എത്തുമ്പോഴേ കൃഷ്ണേട്ടൻ ഉള്ളിൽ നിന്നും വിളിക്കും - ''ദാമുവേ വാ, വന്ന് കഴിച്ചിട്ടുപോ.''

കൃഷ്ണേട്ടനും ശാന്ത ചേച്ചിക്കും മക്കളില്ല. വായ നിറയെ എപ്പോഴും മുറുക്കാൻ കൂട്ടുമായി ചവച്ചരച്ച് നടക്കുന്ന ഒരു തമിഴത്തിയാണ് ശാന്ത ചേച്ചി. ദാമുവിനെ അവർക്കും നല്ലയിഷ്ടമാണ്. കൃഷ്ണേട്ടൻ എല്ലാ വർഷവും ശബരിമലയ്ക്ക് തീർത്ഥാടനം പോകുന്ന സമയങ്ങളിൽ ശാന്ത ചേച്ചിയാണ് ചായക്കട നടത്തിപ്പ്. കടയിൽ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ - പഞ്ചസാരയോ, ചായപ്പൊടിയോ അങ്ങനെന്തെങ്കിലും വേണമെങ്കിൽ കൃഷ്ണേട്ടൻ ദാമുവിനോട് പറയാനാവും ഏൽപ്പിച്ചിട്ടുണ്ടാവുക.

അപ്പനോളം സ്നേഹമുള്ളയാളാണ് കൃഷ്ണേട്ടനും. വേനലവധിയിലാണ് വിഷു വരുന്നത്. വിഷുക്കണി ഒരുക്കുന്നതും അപ്പനും ദാമുവും കൂടിയാണ്. നിറഞ്ഞ നിലവിളക്കിന്റെ വെളിച്ചത്തിൽ അവൻ അപ്പൻ കണിയൊരുക്കുന്നതും നോക്കിയിരിക്കും. അവന്റെ വിഷുക്കണിയും അപ്പൻ തന്നെയായിരുന്നു.

വിഷുകഴിഞ്ഞ് നാലാം നാൾ അപ്പനൊരു നെഞ്ചുവേദന വന്ന് പണിസ്ഥലത്തുനിന്ന ഏട്ടൻമാരും ചെറിയപ്പൻമാരും കൂടി അപ്പനെ ആശുപത്രിയിലെത്തിച്ചു. അന്നുരാത്രി ഏറെ നേരം അവൻ അപ്പനെ കാത്തു കാത്തിരുന്നു. അന്ന് അമ്മയും വീട്ടിലുണ്ടായിരുന്നില്ല. ഏടത്തിയും അനുജത്തിമാരും കിടന്നുറങ്ങിയിട്ടും അവൻ മുനിഞ്ഞുകത്തുന്ന മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിൽ അപ്പനേയും കാത്തിരുന്നു.

ഏടത്തി എത്ര നിർബന്ധിച്ചിട്ടും ഭക്ഷണമൊന്നും കഴിക്കാൻ തോന്നിയില്ല. അപ്പൻ വരണം, എന്നിട്ട് അപ്പന്റെ കൈയിൽ നിന്നും ഒരു ചോറ്റുരുള വാങ്ങണം. അത് പതുക്കെ പതുക്കെ നുണഞ്ഞ് നുണഞ്ഞ് കഴിക്കണം എന്നിട്ടേ ഉറക്കം വരൂ. ആ ഇരുപ്പിലെപ്പോഴോ അവനുറങ്ങിപ്പോയി.

ഒരു കൂട്ടനിലവിളി കേട്ടുകൊണ്ടാണ് ദാമു കണ്ണുതുറന്നത്. ചുറ്റും ആളുകൾ കൂട്ടം കൂടി നിൽക്കുന്നു. തന്റെ തൊട്ടടുത്ത് അമ്മ കിടന്ന് പിടഞ്ഞുകരയുന്നു. അതിനപ്പുറം വെള്ളത്തുണിയിൽ പൊതിഞ്ഞ പോലെ ആരോ കിടക്കുന്നു. കൈകാലുകളൊന്നും പുറത്ത് കാണാനില്ല. തലയിൽ ഒരു വെള്ളത്തുണി കെട്ടിയിരിക്കുന്നു. അടഞ്ഞ കണ്ണുകൾ... അപ്പൻ ! അപ്പനെപ്പോൾ വന്നു...? ഇതെന്താ ഇങ്ങനെ കിടക്കുന്നത് ? ഇത്ര വെളുക്കും വരെ അപ്പൻ ഉറങ്ങാറില്ലല്ലോ... അപ്പനിന്നലെ രാത്രി തന്നെ വന്നുകാണും. എന്നാലും ചോറുണ്ണുമ്പോൾ തന്നെ വിളിക്കുമായിരുന്നല്ലോ ? മറന്നതാവുമോ ? അപ്പോൾ...

തനിക്ക് കിട്ടേണ്ടിയിരുന്ന ചോറ്റുരുള...?

ആരോ വന്ന് തന്നെ പിടിച്ചെഴുന്നേൽപ്പിച്ചു. ഏടത്തി പറഞ്ഞു - ദാമു... നമ്മടെ അപ്പൻ നമ്മളെ വിട്ടുപോയെടാ...

''അപ്പൻ... അപ്പാ...''

അണപൊട്ടിയൊഴുകിയ ഒരു ആർത്തനാദം അവന്റെ തൊണ്ടക്കുഴിയിൽ തളം കെട്ടിക്കിടന്നു. കൈകാലുകൾ തളർന്ന്, നൂലുപൊട്ടിയ പട്ടം പോലെ അവനാ ആൾക്കൂട്ടത്തിൽ ഒറ്റപ്പെട്ടു. കുറേയാളുകൾ ചേർന്ന് അപ്പനെ ചുവന്ന പട്ടിൽ പൊതിഞ്ഞ് മുളമഞ്ചത്തിലേറ്റി ചുമന്നുകൊണ്ടുപോകുന്നത് നീർമിഴി പാടകൾക്കപ്പുറത്ത് ഒരു നിഴൽ ചിത്രം പോലെ തോന്നിച്ചു. പിന്നെയുള്ള ദിവസങ്ങൾ ഒരു തരം നിർവ്വികാരത കൊണ്ട് നിറഞ്ഞവയായിരുന്നു. അപ്പനില്ലാത്ത പുലരി, അപ്പനില്ലാത്ത രാത്രി, അപ്പൻ കുളിക്കാത്ത കുളം, അപ്പനില്ലാത്ത അത്താഴം... ഒന്നിനും അവനെ ഉണർത്താനായില്ല...

ഇടമുറിഞ്ഞ പാമ്പിനെപ്പോലെ അവനിഴഞ്ഞു. എത്ര വെള്ളം കുടിച്ചിട്ടും ദാഹം ശമിക്കുന്നില്ല. എത്ര ഭക്ഷണം കഴിച്ചിട്ടും വയർ നിറയുന്നില്ല. എത്ര ഉറങ്ങിയിട്ടും ഉറക്കം തെളിയുന്നില്ല... അവൻ ഓരോ നിമിഷവും വരണ്ടുണങ്ങാൻ തുടങ്ങി.

വീട്ടിൽ പുലകുളി അടിയന്തിരം കഴിയുന്നതുവരെ ആരും അവനെ അറിഞ്ഞില്ല. ചടങ്ങുകളെല്ലാം കഴിഞ്ഞ് ഓരോരുത്തരായി ജീവിതത്തിലേക്ക് തിരിച്ചുവന്നിട്ടും ദാമു മാത്രം വഴിമാറിയവനെപ്പോലെ ചടഞ്ഞുകൂടി ഇരുന്നു. സദാനേരവും അവൻ തന്റെ അപ്പനോട് വർത്തമാനം പറഞ്ഞുകൊണ്ടേയിരുന്നു. അപ്പൻ ഉണ്ണുന്നത് സാകൂതം നോക്കിയിരുന്നു. അടുത്ത ഒരു ചോറ്റുരുള തനിക്കാണെന്നമട്ടിൽ കൈയ്യും നീട്ടി കാത്തിരുന്നു.

ഏടത്തി പറഞ്ഞാണ് അമ്മ അവനെ ശ്രദ്ധിക്കാൻ തുടങ്ങിയത്. അവന്റെ കൈകാലുകൾ ശോഷിച്ചിരിക്കുന്നു. മുഖം നീർകെട്ടി വീർത്തിട്ടുണ്ട്. വയറൊട്ടി വലിഞ്ഞുകിടക്കുന്നു. നോട്ടം ചലിക്കുന്നില്ല. ചുണ്ടുകൾ പിറുപിറുത്തുകൊണ്ടേയിരിക്കുന്നു ശബ്ദം കേൾക്കുന്നില്ലെങ്കിലും.

എന്റെ ദൈവങ്ങളേ... എന്റെ മകനെന്തുപറ്റീ ? അമ്മ അവനേയും എടുത്ത് ഡോക്ടർമാരുടെ അടുത്തേക്ക് ഓടി. അവർ പരിശോധിച്ചു, മരുന്നു കൊടുത്തു. അവൻ തിരിച്ചുവന്നില്ല. ഓർമ്മകളിലെവിടെയോ ബന്ധിക്കപ്പെട്ടതുപോലെ അവൻ അങ്ങനെ തന്നെയിരുന്നു.

പണിക്കർ ജാതകം പരിശോധിച്ചു. ഇടറിനിൽക്കുന്ന ദിശകളിലേക്ക് കരുക്കൾ നീക്കി കണിശം പറഞ്ഞു. കുട്ടി അപ്പന്റെ തണലിലാണിപ്പോഴും... അപ്പൻ പോയത് വിശ്വാസം വന്നിട്ടില്ല. അപ്പനിന്നുവരും നാളെ വരും എന്ന കാത്തിരിപ്പിലാണ്. അത് മാറ്റിയെടുക്കണം. അപ്പന്റെ മരണം അവന് ഉൾക്കൊള്ളാനാവണം എന്നാലേ തിരിച്ച് ജീവിതത്തിലേക്ക് വരൂ...

അമ്മ കണ്ണീരുകൊണ്ട് മുഖം കഴുകി. പിന്നീടുള്ള ഓരോ ദിവസവും അവർ അപ്പനാവാൻ ശ്രമിച്ചു. അവനോടൊപ്പം നേരത്തേ എണീക്കാനും, പറമ്പിൽ ചുറ്റിനടന്ന്, മഞ്ഞുവീണു കിടക്കുന്ന കുളത്തിൽ മുങ്ങിക്കുളിക്കാനും, അവനോട് മിണ്ടാനും ചിരിക്കാനും ഒക്കെ ശ്രമിച്ചുകൊണ്ടിരുന്നു. രാത്രിയിൽ അത്താഴം കഴിക്കുമ്പോൾ അപ്പനെപ്പോലെ ചോറ്റുരുള ഉണ്ടാക്കാൻ അമ്മ വളരെ ശ്രമപ്പെട്ടു. അമ്മയുടെ ചോറ്റുരുളയ്ക്ക് ഉപ്പുരസം കൂടുതലായിരുന്നു.

''യ്ക്ക് കഴിയിണില്ല കണ്ണാ... അപ്പനെപ്പോലെ നീയിത് കഴിക്ക്... അപ്പനാ തരണത് എന്ന് കരുത്യാ മതി...''

ഒരു നെടുവീർപ്പിലത് ഏറ്റുവാങ്ങിക്കൊണ്ട് അവൻ പതുക്കെ പതുക്കെ അമ്മയുടെ ലോകത്തേക്ക് തിരിച്ചുവരാൻ ശ്രമിച്ചു. സ്കൂൾ തുറന്ന് പുതിയ പുസ്തകവും കുടയുമായി നടന്നുനീങ്ങുമ്പോൾ ചായക്കടയുടെ മുന്നിൽ നിന്നും കൃഷ്ണേട്ടൻ വിളിച്ചു - ''ദാമുവേ വാ വന്ന് കാപ്പിം പലഹാരോം കഴിച്ചുപോടാ.''

അവന്റെ കാലുകൾ തളർന്നു. അപ്പന്റെ കരുതൽ... ''വേണ്ട കൃഷ്ണേട്ടാ... ന്റെ കൈയിൽ പൈസയില്ല... തരാൻ അപ്പനും.''

കൃഷ്ണേട്ടൻ ഓടി അടുത്തുവന്നു. ''അങ്ങനെ പറയല്ലെടാ... നീയിവിടുന്ന് ദെവസോം കഴിക്കണം. കണക്കൊന്നും പറയണ്ടാ... അത് നിന്റെ അപ്പന്റെ കരുതലാണ്.''

ചില സ്നേഹങ്ങൾ അങ്ങിനെയാണ്. അവർക്ക് കണക്ക് പറയാനാകില്ല. ''ഇപ്പെന്തിനാ ഇതൊക്കെ ഓർത്ത് വിഷമിക്കുന്നേ?'' ഭാര്യ അടുത്ത് ഇരുന്ന് കാൽതടവുന്നുണ്ടായിരുന്നു. ''അല്ല രമേ, ഞാനോർക്ക്വായിരുന്നു... ഇപ്പഴത്തെ കുട്ടികളുടെ ഒരു കാര്യേ...''

''ഓ, പേരക്കുട്ടിക്ക് ചോറ്റുരുള കൊടുക്കാൻ പറ്റാത്തതിന്റെ വെഷമാണോ ? അവർക്കതൊന്നും ഇഷ്ടമാവില്ല. സ്പൂണുകൊണ്ട് കോരി കഴിക്കുന്നവരല്ലേ. കത്തീം മുള്ളും ഇല്ലാതെ ഭക്ഷിക്കാനറിയോ അവർക്ക്... ഹൈജീനിക്കല്ലേ... പോയി പണിനോക്കാൻ പറ... ഹല്ല പിന്നെ... നിങ്ങള് വന്ന് കെടന്നേ... വെറുതെയിരുന്ന് മഞ്ഞുകൊള്ളേണ്ട... ഇതാപ്പോ നന്നായേ...''

അവൾ പതുക്കെ എഴുന്നേൽക്കാൻ തുടങ്ങി. അയാൾ അവളെ പിടിച്ചെഴുന്നേൽപ്പിച്ചു. ●

## ആദരാഞ്ജലികൾ



ഏക തത്ത്വ കുടുംബാംഗവും ശ്രീ. ടി. കെ. ഉണ്ണികൃഷ്ണൻ സാറുടെ സഹോദരനുമായ ശ്രീ. ടി. കെ. അരവിന്ദാക്ഷ മേനോൻ (അരവിന്ദൻ) ന് ഏക തത്ത്വ കുടുംബാംഗങ്ങളുടെ ആദരാഞ്ജലികൾ... ഏക തത്ത്വയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഒരുപാട് നിർദ്ദേശങ്ങൾ തരുകയും നിരന്തരം ഫോണിൽ വിളിച്ച് പ്രോത്സാഹനങ്ങളും അഭിനന്ദനങ്ങളും അഭിപ്രായങ്ങളും അറിയിക്കുമായിരുന്ന ടി. കെ. എ. മേനോന്റെ വേർപാട് ഏക തത്ത്വയ്ക്ക് തീരാ നഷ്ടമാണ്.

# ഒരു പുനർജ്ജനിയുടെ ഓർമ്മ



**ഈശ്വർകുമാർ തരവത്ത്**
**9946655277**

ഉത്തരവാദിത്വങ്ങളുടെ നടുവിൽ, തൊഴിലന്വേഷകനായി നടക്കുന്ന കാലം. അറിവില്ലായ്മയിൽ നിന്നുണ്ടായ ഒരാഗ്രഹം !

ജൻമശാപങ്ങളൊഴിവാക്കണം, ജൻമ മോക്ഷങ്ങൾ നേടണം. അതിനു വില്ല്വമലയിലെ പുനർജ്ജനി ഗുഹയൊന്നു നൂഴണം. സുഹൃത്തും അയൽവാസിയും വിശിഷ്യ തിരുവില്വാമലയിൽ പരിചയ സമ്പത്തുമുള്ള വാരിയരുടെ പങ്കാളിത്തത്തോടെ അതു നടപ്പിലാക്കാനൊരുങ്ങി.

ഭാരതഖണ്ഡത്തിലെ ജനിമൃതികളൊടുങ്ങുന്ന ഐവർമഠം അന്ന് വിസ്മൃതിയിലായിരുന്നു. ലെക്കിടിയിൽ വണ്ടിയിറങ്ങി നടക്കുമ്പോൾ, നിള മനസ്സിനെ മോഹിപ്പിച്ചുകൊണ്ട് പരന്നൊഴുകുന്നു. പുഴയോരം ഹരിതവസന്തത്തിന്റെ മുറ്റിത്തഴച്ച വസന്തമായി നിൽക്കുന്നു. കിഴക്ക് തുറന്നിട്ട വിദൂര നീലിമയോളം വനമില്ലാ മലയോര ഗ്രാമങ്ങളുടെ ഒടുങ്ങാത്ത സൗന്ദര്യ സമ്പത്ത്...

സോമേശ്വരം ക്ഷേത്രത്തിനും ഐവർമഠത്തിനുമിടയിലുള്ള ഇത്തിരിവട്ട ഭൂമിയിലൂടെ നടക്കുമ്പോൾ, പാണ്ഡവ സ്മൃതികളേക്കാൾ എന്നെ ആകർഷിച്ചത്, പ്രകൃതിയുടെ പ്രശാന്തിയാണെന്നു തോന്നി.

കിഴക്കൻ മലയുടെ താഴ്വാരത്തിനു മുകളിൽ, ധ്യാനത്തിലുറച്ച വില്വാദ്രി മഹാക്ഷേത്രം. കവിത തേടുന്നവരുടെ അരയാൽത്തണലുകൾ... താഴെ നീരൊഴുക്കുമായി നിളാനദി... കുഞ്ഞിരാമൻ നായരുടെ കാവ്യാശ്രമമെന്ന് അന്നറിയില്ലായിരുന്നു. ശ്രീരാമനും ലക്ഷ്മണനും ജ്യോതിർലിംഗവും മുക്കിലെ സരസ്വതിയും അടക്കം എണ്ണമറ്റ ദൈവസാന്നിദ്ധ്യങ്ങൾ... പുല്ലിലും പൂവിലും നിറഞ്ഞ ജൈവകോടികൾ... മലതരുന്ന കാറ്റിന്റെ വെളിപാടുകൾ...

അർത്ഥമറിയാതെ തൊഴുത്, വാരിയർക്കു പിന്നാലെ വിജനമായ നടപ്പാതയിലൂടെ നടന്നു. പുനർജ്ജനി ഗുഹയിലേക്ക്... രണ്ടു നാഴികയിലധികം ദൂരമുണ്ട്. ഗുരുവായൂർ ഏകാദശി ദിവസമാണ് ശരിക്കും പുനർജ്ജനി ഗുഹ നൂഴേണ്ടത് ! ഇപ്പോൾ കാടുപിടിച്ചു കിടക്കും. പലവഴി പോകുന്ന വളഞ്ഞു പുളഞ്ഞ ഗുഹയിലൂടെ അപ്പുറം കടന്നാൽ, ജന്മപാപങ്ങളെല്ലാമൊടുങ്ങി, പിന്നീട് പുനർജൻമമില്ല...

ഉച്ചനേരം. ഈ വെയിലത്ത്, ഇത്ര ദൂരം നടന്ന് ആരും ഗുഹകാണാൻ വരില്ല, വാരിയർ പിറുപിറുത്ത് കൊണ്ടിരുന്നു. അന്നത്തെ എന്റെ അശാന്തിയുടേയും അനാഥത്വത്തിന്റേയും കാഴ്ചപ്പാടിൽ, ജൻമങ്ങളുടേയും ആവർത്തനങ്ങളുടേയും വ്യഥകളിൽ നിന്ന്, രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗമാണെന്ന് ഞാൻ മനസ്സിൽ കണക്കുകൂട്ടി വെച്ചിരിക്കുകയാണ്. എങ്ങിനേയും നൂഴണം... രക്ഷപ്പെടണം...

ഞങ്ങൾക്ക് വഴിതെറ്റിയിരിക്കുന്നു എന്നു മനസ്സിലാക്കാൻ വൈകിപ്പോയിരുന്നു. ഉച്ചവെയിലിൽ മണിക്കൂറുകൾ നടന്നിരിക്കണം. താഴെ പരന്നുകണ്ട താഴ്വരയിൽ ഒരാശ്വാസമായി പുഴ കാണാമായിരുന്നു. അധികദൂരമൊന്നും വഴിതെറ്റിയിട്ടില്ലെന്ന് പുഴ ഞങ്ങളെ ആശ്വസിപ്പിച്ചു.

വെയിലാറാൻ തുടങ്ങിയതു കണ്ട്, തിരിച്ചുപോകാൻ വാര്യർ നിർബന്ധിക്കാൻ തുടങ്ങി. പെട്ടെന്ന് അയാൾ ഒരു പാറക്കെട്ടിനെ ചൂണ്ടി, ഇതിന് താഴെയാണ് ഗുഹയുള്ളതെന്നും താഴെക്കിറങ്ങാമെന്നും പറഞ്ഞു.

പാറയിലെ പഴയ അമ്പടയാളത്തിലൂടെ അള്ളിപ്പിടിച്ച് ഞങ്ങൾ ഒരു വിധം ഗുഹാമുഖത്തെത്തി.

എന്റെ മുക്തിമാർഗ്ഗം മുന്നിൽ കണ്ട ഞാൻ സന്തോഷംകൊണ്ട് ഗുഹയിലേക്ക് പൊത്തിപ്പിടിച്ച് കയറി, ആർത്തുവിളിച്ചു...

ജീർണ്ണഗന്ധം നിറഞ്ഞുനിന്ന ഗുഹയിൽ നിന്ന് കുറേ കടവാതിലുകൾ തലക്കുമീതെ ഒച്ചവെച്ചു പറന്നുപോയി. ഞാൻ ചുറ്റും നോക്കി. ഇത്രയും നേരം ഞങ്ങൾ വഴി തെറ്റിയലഞ്ഞത്, മലയുടെ മറ്റേവശത്തുകൂടെ വന്നതുകൊണ്ടാണ്. ഏതോ ഒരുനിമിത്തം കൊണ്ട് നേർവഴിയുടെ വാതിൽ തുറന്നു കിട്ടി.

ഗുഹയിലേക്കു കടക്കുന്തോറും എന്റെ ഭയം വർദ്ധിച്ചുകൊണ്ടിരുന്നു. തുടക്കത്തിൽ നിവർന്നു നിൽക്കാൻ കഴിഞ്ഞെങ്കിലും, പിന്നീട് കുനിഞ്ഞു കടക്കാൻപോലും വയ്യാത്തവിധം ഇടുങ്ങിയും ഇരുണ്ടും കാണപ്പെട്ടു. ശ്വാസം മുട്ടിക്കുന്ന ദുർഗന്ധവും...

"ഇവിടെ വന്നിട്ട് നൂഴാതെ മടങ്ങാൻ പാടില്ല. പോകാവുന്നിടത്തോളം പോയി നോക്കാം" വാര്യർ പറഞ്ഞു.

തിരിച്ചറിവിന്റെ പേടിയിൽ യാത്രയുടെ തുടക്കത്തിലുള്ള എന്റെ നൈരാശ്യതയും അനാഥത്വവും എന്നെ വിട്ടൊഴിഞ്ഞതായി എനിക്കു തോന്നി.

ഇവിടെനിന്ന് താഴേക്കു നോക്കുമ്പോൾ പൂത്തുലയുന്ന താഴ്വര കാണുന്നു. ഗുഹക്കുള്ളിലാകട്ടെ ജൻമങ്ങളൊടുങ്ങുന്ന ഇരുട്ടും...

പ്രകൃതിയോടും ജീവിതത്തോടുമുള്ള അടക്കാനാവാത്ത അഭിനിവേശം മനസ്സിൽ നിറഞ്ഞു. പ്രകൃതി താഴെ വസന്ത ഭംഗികളിലേക്ക് വിളിക്കുന്നു.

ഗുഹാമുഖത്തുനിന്ന് വാര്യർ വീണ്ടും വിളിച്ചപ്പോൾ ഞാൻ വിളിച്ചു പറഞ്ഞു, ഇല്ല, ഞാനില്ല. പുഴയും നിലാവും കിനാവുമൊക്കെ ഈ മണ്ണിലാണ്. ഈ ജൻമത്തിലും അടുത്ത ജന്മങ്ങളിലും ഇവിടെത്തന്നെയുണ്ടാവണം... ജന്മങ്ങളൊടുങ്ങുന്ന ഇരുട്ടിലേക്ക് ഞാനില്ല...

അസ്തമയത്തിന്റെ പുഴയോരത്തിലൂടെ വാര്യരേയും കൂട്ടി ഞാൻ വേഗത്തിൽ നടന്നു... തിരിഞ്ഞുനോക്കാതെ...


■ വ്യക്തിപരിചയം



# സംഗീത തപസ്യ

**മുരളീധർ കൊല്ലത്ത്**
**9526714203, 9387475851**

**നാ**ദധാരയുടെ തീരത്ത് സാധകം ചെയ്ത് ചെയ്ത് ഒരു ജന്മം. ജന്മജന്മാന്തരങ്ങളുടെ സുകൃതം പോലെ ഈ കൈവിരലുകൾ ഹാർമോണിയപ്പെട്ടിയിലെ കറുത്തതും വെളുത്തുമായ കട്ടകളെ കൂട്ടുപിടിച്ച് 'സാമജവരഗമന...' എന്നും 'സരിഗ സരി സരിഗമപധനി...' എന്നും പാടാൻ തുടങ്ങിയിട്ട് വർഷങ്ങളുടെ പഴക്കം. നാവിലുതിരുന്നതോ മോഹന രാഗവും. ശ്രീ. ശിവാനന്ദൻ എന്ന സംഗീതസംവിധായകന്റെ വിനയവും ലാളിത്യവും, അഹങ്കരിച്ചുകൊണ്ടിരിയ്ക്കുന്ന മലയാളി കണ്ടുപഠിയ്ക്കണം. സഹധർമ്മിണിയുടെ പരിപൂർണ്ണ പിന്തുണയാണ് ശിവാനന്ദനെ ഇപ്പോൾ സംഗീത വഴിയെ നടത്തിയ്ക്കുന്നത്. ഒരു പാട്ടിന് വേണ്ട സർവ്വ ഉപകരണങ്ങളും ഈ മനുഷ്യന് വഴങ്ങുന്നു എന്നുള്ളതാണ് ഈ സംഗീതാദ്ധ്യാപകന്റെ പ്രത്യേകത. തന്റെ ഗുരു തിരൂർ 'ഷാ'യെക്കുറിച്ചോർക്കുമ്പോൾ കണ്ണിൽ ഇത്തിരി നനവ് ബാക്കിയാകുന്നുണ്ടെങ്കിൽ അത് ഗുരുശിഷ്യബന്ധത്തിന്റെ അഗാധമായ ആഴം തന്നെ. ഈയിടെ പ്രാങ്ങോട്ടപ്പന്റെ സവിധത്തിൽ ശിവാനന്ദൻ ചെന്നപ്പോൾ കാലിടറി വീണതും അപ്പോൾ കൈയിലും കഴുത്തിലും ഭസ്മം പൂശി രുദ്രാക്ഷ മാലയും കഴുത്തിലണിഞ്ഞ് ഒരാൾ വന്ന് തന്റെ ചോരയൊഴുകുന്ന മുട്ടുകാലിൽ കളഭം പുരട്ടിക്കൊടുത്തതും മടങ്ങിയ കാൽവിരലുകൾ താഴേയ്ക്ക് വലിച്ച് ശരിയാക്കിക്കൊടുത്തതും ഇദ്ദേഹം പറയുമ്പോൾ ഭക്തിയുടെ നിറവിൽ ആ മിഴികൾ നിറഞ്ഞൊഴുകുന്നത് ഒന്ന് കാണേണ്ടതുതന്നെ. അതുമാത്രമല്ല അകത്തിരിയ്ക്കുന്നത് ഞാൻ തന്നെയാണ് എന്നുപറഞ്ഞാണത്രെ അദ്ദേഹം അവിടുന്ന് അപ്രത്യക്ഷനായത്. ഏക തത്ത്വയുടെ ചരിത്രത്തിൽ ആദ്യമായാവാം ഇത്തരം തുറന്നുപറച്ചിൽ. ഇവിടെ വിശ്വാസത്തിന്റേയും അവിശ്വാസത്തിന്റേയും പ്രശ്നമുദിയ്ക്കുന്നില്ല. ഭക്തിയുടെ മറവിൽ ഒരുപാട് ചൂഷണങ്ങൾ നടക്കുന്ന കാലഘട്ടത്തിൽ സംഗീതത്തിന് വേണ്ടി മുഴുവൻ സമയവും ഉഴിഞ്ഞുവെച്ച ഒരു പാവം സംഗീതജ്ഞന്റെ അപൂർവ്വമായ ഒരനുഭവം മാത്രമാവാം ഇത്. അതുകൊണ്ടുകൂടിയാണ് ഈ സംഗീതജ്ഞന്റെ ഫോൺ നമ്പർ താഴെ കുറിയ്ക്കുന്നതും. അറിവും അനുഗ്രഹവും വർദ്ധിച്ചപ്പോൾ പരിധിയില്ലാത്ത സംഗീതം കോരിനിറച്ചുകൊടുത്തു ശിവനും പാർവ്വതിയും. ശിവാനന്ദന്റെ ശിവഭക്തിയിൽ ഈ ദേവൻ എപ്പോഴുമുണ്ടത്രെ. ഏതിരുട്ടിലും കയറിവരുന്ന സംഗീതത്തെ നെഞ്ചോട് ചേർത്തുപിടിച്ച് ഇയാൾ സ്വയം മറന്നുപാടാറുണ്ടത്രെ. ആ പാട്ടിന്റെ താളത്തിൽ എത്രയെത്ര ലളിതഗാനങ്ങൾ ഇയാൾ ചിട്ടപ്പെടുത്തി. എത്ര ഭക്തിഗാനങ്ങൾ സ്വന്തമെഴുതി സംഗീതം ചെയ്തു. എല്ലാം മാതാപിതാക്കളുടേയും ഗുരുവിന്റേയും അനുഗ്രഹമെന്ന് ഇയാൾ പറയുമായിരിയ്ക്കും. അങ്ങൊരുങ്ങുക. നാദവീചികളുടെ വിസ്മയക്കാഴ്ചകൾ കാറ്റിന്റേയും കടലിന്റേയും അമരഗീതത്തെ അടങ്ങാത്ത പ്രേമത്തോടെ അങ്ങ് കീഴടക്കുക. അപ്പോൾ കൽവിളക്കുകൾ പ്രകാശിയ്ക്കും. ആ പ്രകാശധാരയിൽ ശിവാനന്ദന്റെ മിഴികൾ സന്തോഷം കൊണ്ടുനിറയും. നിറയെ നിലാപ്പൂക്കൾ ആ ശിരസ്സിന് മേലേ സംഗീതം പൊഴിച്ചുകൊണ്ടേയിരിയ്ക്കും. ●



**ശിവാനന്ദൻ : 9539504936**

■ കവിത

# ഭൂമിയുടെ തേങ്ങൽ

**പ്രേമ ആർ**
**9645585260, 9645696668**

മുളയ്ക്കാത്ത വിത്തുക്കൾ
ഭൂമിക്കടിയിൽ നിന്ന്
ശ്വാസംമുട്ടി നിലവിളിച്ചു.

* * *

കാർമേഘവർഷത്തിന്റെ
തുള്ളികൾ അവയുടെ മേൽ
സംഹാര താണ്ഡവമാടി.

* * * * *

മനുഷ്യമനസ്സിന്റെ സ്നേഹത്തിന്റെ
വിത്തുകൾ - ചോരത്തുള്ളികൾ കൊണ്ട്
ഭൂമിക്കുമേലേ നിന്ന് ഓരോ നിമിഷവും
സഹസ്രം മുളച്ചുകൊണ്ടിരിക്കുന്നു.
അതിനുവേണ്ട വെള്ളവും വളവും
പതിനായിരം കൈകളിലൂടെ ഒലിച്ചിറങ്ങുന്നു.

* * * * *

പൈൻ മരത്തിനു ചില്ലകളില്ലാത്തതുപോലെ
കാരുണ്യ കനിവിൻ ഉണർന്ന കണ്ണുകൾ
ലോകത്തിനന്യമായ്
പാഴ്മരചെടികൾ എങ്ങും പൂത്തു-
തളിർത്തു കായ്ചു
വിഷകായകൾ നിലത്തുവീണ്
ദുർഗന്ധം പരത്തുന്നു. എന്നിട്ടും
അത് സുഗന്ധമാണെന്നോതി കപട
മനുഷ്യസ്നേഹികൾ
ശ്രീകോവിലിനുള്ളിലെ ദേവന്
മധുചഷകം കൊണ്ട് നീരാട്ടു നടത്തുന്നു.
കാരണം ഇന്നലെ ചെയ്തൊരബദ്ധം
ലോകർക്കിന്നത്തെ ആചാരമാകാം
നാളത്തെ നിയമവും അതാകാം.

* * * * *

ഇവിടെ ഭൂമിയാം ജനനി
ശ്വാസംമുട്ടി നിലവിളിക്കുന്നു.

# പൊതുവിജ്ഞാനം



**നൗഷാദ് ഖാൻ**
**9846454199**

1. പ്രവർത്തനക്ഷമമായ ആദ്യത്തെ സ്പേസ് സ്റ്റേഷൻ എന്ന ബഹുമതിക്കർഹമായത്തീർന്ന ബഹിരാകാശ സ്റ്റേഷന്റെ പേരെന്ത് ?
ഉ. സ്കൈലാബ് (Skylab)

2. സാധാരണയായി ക്ഷേത്രങ്ങളിൽ ദേവനെ/ദേവിയെ പള്ളിയുണർത്തുന്നതിന് നാദസ്വരം വായിക്കാറുണ്ട്. ഇത് ഏത് രാഗത്തിലാണ് വായിക്കുക?
ഉ. ഭൂപാളം

3. 'നിപാ' വൈറസ് ആദ്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടത് ഏത് രാജ്യത്താണ് ?
ഉ. മലേഷ്യ

4. 'പ്രകൃതിയുടെ ബൈബിൾ' എന്ന് വിശേഷിപ്പിക്കുന്ന പുസ്തകമേത് ?
ഉ. സൈലന്റ് സ്പ്രിങ്ങ്

5. മലയാള സർവ്വകലാശാലയുടെ ഔദ്യോഗിക പ്രസിദ്ധീകരണം ഏത് ?
ഉ. എഴുത്തോല

6. ഭാരത കേസരി എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ ?
ഉ. മന്നത്ത് പത്മനാഭൻ

7. ലോകത്തിലെ ഏറ്റവും വലിയ ദ്വീപാണ് 'ഗ്രീൻലാന്റ്'. ഈ ദ്വീപിന്റെ ഉടമസ്ഥാവകാശം ഏത് രാജ്യത്തിനാണ് ?
ഉ. ഡെൻമാർക്ക്

8. ജയിലിൽ തനിക്ക് ലഭിച്ച നമ്പർ തൂലികാ നാമമാക്കി ജയിലനുഭവങ്ങൾ രചിച്ച എഴുത്തുകാരൻ ആര് ?
ഉ. ഓസ്കാർ വൈൽഡ്

9. ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ തിരുവിതാംകൂർ രാജാവ് ?
ഉ. സ്വാതി തിരുനാൾ

10. വ്യാവസായികാടിസ്ഥാനത്തിൽ പൂർണ്ണമായും ഇന്ത്യൻ നിർമ്മിതമായ ആദ്യ കാർ ഏത് ?
ഉ. റ്റാറ്റാ ഇൻഡിക



# വയ്യിനി പെയ്യാൻ



**ഇ. എൻ. നാരായണൻ**
**9539307005**

കഴിഞ്ഞുപോയിയല്ലോ ഇടവപ്പാതിയെന്നു
മൊഴിഞ്ഞുഗമിക്കുന്നു കാർമേഘക്കൂട്ടങ്ങളും
സന്ദേശമയയ്ക്കുന്നു *പ്രേഷകരായുള്ളോർക്കു
സന്ദേഹമില്ലയൊട്ടും തന്നുടെ നിലപാടിൽ
കുടിവെള്ളവുമായി പുറപ്പെട്ടതാണല്ലോ
കുടങ്ങൾ കാണുംനേരം പകർന്നു നൽകീടുവാൻ
ഉർവ്വിതൻ ദാഹം തീർക്കാൻ ഉദ്യാനം സൃഷ്ടിക്കുവാൻ
ഉർവരമാക്കീടുവാൻ ഐശ്വര്യമേകീടുവാൻ
എത്തിയതാണല്ലോ താൻ, മധ്യാഹ്നമെത്തും മുമ്പേ
ചിത്തത്തിന്നുത്സാഹവും അസ്തമിച്ചുപോയല്ലോ !
പാപികളല്ലോ നാട്ടിൽ പെറ്റമാതാവിൻ കൊടും-
ശാപമേറ്റുവാങ്ങിയോർ, സഹജീവികളുടെ
കണ്ണീരൊപ്പാത്തവരും ദാഹിക്കും തൊണ്ടകൾക്ക്
തണ്ണീർ പകരാത്തവർ ആട്ടിയകറ്റുന്നവർ
വിണ്ണിലെ മാലാഖമാരായുള്ള കുഞ്ഞുങ്ങളെ
'പെണ്ണുങ്ങളാ'ക്കിമാറ്റി മാംസദാഹം തീർക്കുവോർ
നൊന്തുപ്രസവിച്ചീടും തന്നുടെ കണ്മണിയെ
ചീന്തിക്കളഞ്ഞീടുന്ന വീരരാം മാതാക്കളും
കാടായ കാടൊക്കെയും വെട്ടിനിരപ്പാക്കീട്ടു
ഓടീടും ജന്തുക്കളെ വീഴ്ത്തീടും തീയുണ്ടയാൽ
ആർഷസംസ്കാരത്തിന്റെ വക്താക്കളായുള്ളോരെ
ഈർഷ്യയാൽ പിച്ചിച്ചീന്തി രസിക്കും കാപാലികർ
നാടടക്കിവാഴുന്ന പ്രേതഭൂമിയിൽ നിന്നും
ഓടിയകന്നു ഞാനും പ്രാണസംരക്ഷണാർത്ഥം !
വയ്യിനി വർഷിക്കുവാൻ അതിജീവനത്തിന്റെ
തയ്യുകൾ നട്ടീടുവാൻ സുരക്ഷ നൽകീടുവാൻ
ഞാനിതാ പോയീടുന്നു; തിരിച്ചുവിളിക്കല്ലേ !
മാനികളായുള്ളോർക്കു കിട്ടില്ല സംരക്ഷണം.
ഓടുന്നു കാലവർഷം ഒക്കത്തു കുടവുമായ്
കാടുകടലുകൾതൻ പൊന്മകൾ വർഷിക്കാതെ !

* പ്രേഷകൻ - പറഞ്ഞയച്ചവൻ

# ചിന്തിക്കാൻ പഠിക്കൂ, പഠിപ്പിക്കൂ


## വി. എ. മേനോൻ
**9322666542**


**കു**ട്ടികൾ പഠിക്കണമെന്ന് നാമെല്ലാം ആഗ്രഹിക്കുന്നു. പക്ഷേ എന്താണ് പഠിപ്പെന്ന് നാമവരെ പഠിപ്പിക്കുന്നില്ല. കുട്ടികളോട് ചിന്തിക്കണമെന്ന് നാം പറയുന്നു പക്ഷെ എന്താണ് ചിന്തയെന്നും ശരിയായ ചിന്ത ഏതെന്നും നാമവർക്ക് പറഞ്ഞുകൊടുക്കാറില്ല. ഇതുമൂലമാണ് കുട്ടികളുടെ പഠനരീതികളും ചിന്തകളും വികലങ്ങളാകുന്നത്. വൈകാരികചിന്ത, സാങ്കല്പിക ചിന്ത, നിഗൂഢ ചിന്ത തുടങ്ങി ചിന്തകൾ പലവിധമുണ്ട്. പക്ഷെ ഏതാണ് ശരിയായ ചിന്ത ? ശാസ്ത്രീയ ചിന്ത അഥവാ യുക്തി ചിന്ത (logical thinking) യാണ് ശരിയായ ചിന്ത. സത്യാവസ്ഥയേയും ആധികാരികതയേയും മുൻ നിർത്തിയുള്ള ചിന്ത ഇതുമാത്രമാണ്. ചിന്തയുടെ ഫലങ്ങൾ സത്യങ്ങളാകണമെങ്കിൽ ചിന്ത യുക്തിപരമായിരിക്കണം. ഒരാൾക്ക് ജന്മനാ ലഭിക്കുന്ന ഒന്നല്ല യുക്തിപരമായി ചിന്തിക്കാനുള്ള കഴിവ്. വളർച്ചയുടെ ഭാഗമായി ഉൾക്കൊള്ളാവുന്നതുമല്ല മറിച്ച് പഠിപ്പിന്റെ ഭാഗമായി കുട്ടിയെ പഠിപ്പിക്കേണ്ട ഒന്നാണിത്. കാര്യകാരണ സഹിതം എങ്ങനെ ചിന്തിക്കാം, ചിന്തയെ എങ്ങനെ ഗവേഷണപരമാക്കാം എന്ന് കൂട്ടി പഠിക്കണം. അഥവാ, നമ്മളവരെ പഠിപ്പിക്കണം. വൈകാരികചിന്തകളും സാങ്കല്പികചിന്തകളും കുട്ടി വേഗം പഠിക്കും. പക്ഷെ യുക്തിപരമായി ചിന്തിക്കാൻ പഠിക്കാൻ കഠിനശ്രമം ആവശ്യമാണ്. ഒരു ശാസ്ത്രജ്ഞന് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് യുക്തിചിന്ത. ശാസ്ത്രജ്ഞരല്ലാത്തവരും യുക്തിചിന്ത ഉൾക്കൊണ്ടെങ്കിലേ ജീവിതത്തിൽ വിജയിക്കാനാവൂ. മനുഷ്യൻ ചിന്തിക്കുന്ന മൃഗമാണ്. കോടാനുകോടി വർഷങ്ങൾ നീണ്ടുനിന്ന പരിണാമത്തിലൂടെ ഉരുത്തിരിഞ്ഞതാണ് മനുഷ്യമസ്തിഷ്കം. ഈ മസ്തിഷ്ക പ്രവർത്തനഫലമായ ചിന്താശക്തിയും സംസാരശേഷിയുമാണ് മനുഷ്യനെ ഇതരജീവികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. പക്ഷെ ചിന്തിക്കുവാൻ നമുക്കറിയില്ലല്ലോ ? അഥവാ ചിന്താശക്തിയെ നാം ഉപയോഗിക്കുന്നില്ലല്ലോ ? ഭക്ഷണം തേടുക, ഭക്ഷിക്കുക, ഇണചേരുക, പുനരുല്പാദിപ്പിക്കുക, ഉറങ്ങുക എന്നീ ജൈവപ്രവർത്തനങ്ങൾ ജനനത്തിനും മരണത്തിനും ഇടയ്ക്ക് സകലജീവജാലങ്ങളും ചെയ്യുന്നവയാണ്. ഉന്നത മസ്തിഷ്ക പ്രവർത്തനഫലമായ യുക്തിചിന്ത ഈ പ്രവർത്തനങ്ങൾക്കൊന്നും ആവശ്യമില്ല. ചെറിയ കുട്ടികളെ ശ്രദ്ധിക്കൂ. അവരുടെ പല കളികളും ചെയ്തികളും യുക്തിപരമായവയായിരിക്കുകയില്ല. അവർ പാവകളെ കളിപ്പിക്കുന്നു, വേഷമണിയിക്കുന്നു, അവർക്ക് ഭക്ഷണം വിളമ്പുന്നു. പാവകൾക്ക് ജീവനില്ലെന്ന യുക്തിബോധം ഉൾക്കൊള്ളുവാനുള്ള ബുദ്ധിവികാസം ആ കുട്ടികളിൽ ഉടലെടുക്കുന്നില്ല.

ഇതുപോലെ അന്ധവിശ്വാസികളെ ശ്രദ്ധിക്കൂ. അവർ എന്തെല്ലാം പ്രവർത്തികളാണ് വിശ്വാസത്തിന്റെ പേരിൽ കാട്ടിക്കൂട്ടുന്നത്. എത്ര പണവും അദ്ധ്വാനവുമാണവർ ഇതിനായി ചെലവഴിക്കുന്നത്. നാളികേരം, നെയ്യ് പോലുള്ള എത്ര പ്രകൃതി വിഭവങ്ങളാണ് നശിപ്പിക്കപ്പെടുന്നത്. യുക്തിചിന്ത അവരുടെ മനസ്സിൽ പ്രവർത്തിക്കാത്തതാണിതിന് കാരണം. രാഷ്ട്രീയവൈരം, വർഗ്ഗീയത, കൊലപാതകങ്ങൾ, യുദ്ധങ്ങൾ തുടങ്ങി എന്തെല്ലാമാണ് യുക്തിചിന്തയുടെ അഭാവത്താലുണ്ടാകുന്നത്.

മനുഷ്യരാശിയുടെ മുന്നോട്ടുള്ള നിലനിൽപ്പിന് യുക്തിചിന്ത ആവശ്യമാണെന്നല്ലേ ഇതിൽ നിന്നെല്ലാം മനസ്സിലാക്കാൻ പറ്റുന്നത്. യുക്തിചിന്ത വികസിപ്പിക്കുവാൻ എന്തെല്ലാമാണ് നാം ചെയ്യേണ്ടത് ? പഠനത്തിന്റെ ഭാഗമായി കുട്ടികളെ പഠിപ്പിക്കേണ്ട ഒന്നാണ് യുക്തിചിന്ത എന്ന് ആദ്യമായി പറഞ്ഞുവല്ലോ. എന്താണ് പഠനം ? ഒറ്റയടിക്ക് നടത്താൻ പറ്റിയ ഒന്നല്ല പഠനം. ഘട്ടം ഘട്ടമായാണ് പഠനം നടക്കുന്നത്. കൂട്ടുവാനും കിഴിക്കുവാനും പഠിക്കും മുമ്പ് എണ്ണാൻ പഠിക്കണമല്ലോ. എണ്ണുവാൻ ആദ്യം പഠിപ്പിച്ചെങ്കിലേ മറ്റു ക്രിയകൾ ചെയ്യുവാൻ കുട്ടിയെ പഠിപ്പിക്കാനാവൂ. പഠനപ്രവൃത്തിയിൽ ഒരു അനുക്രമം ഉണ്ടന്നല്ലേ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. പഠന പ്രവൃത്തിയിലെ മുഖ്യമായ വായനയും എഴുത്തുമാണ് കുട്ടി എഴുതുന്നത്. എഴുതിയ വാക്കുകളെ വീണ്ടും വീണ്ടും നോക്കുന്നു. ഇതിനെ ശ്രദ്ധ (Concentration) എന്ന് പറയാം. ശ്രദ്ധ കേന്ദ്രീകരിക്കൽ സ്വയം പ്രേരിതമായ ഒന്നല്ല. നമ്മൾ നമ്മുടെ ഇച്ഛാശക്തി ഉപയോഗിച്ച് ചെയ്യേണ്ടതാണ്. ശ്രദ്ധ കേന്ദ്രീകരണത്തിനുശേഷം ചെയ്യുന്നത് എഴുതിയ, വായിച്ച കാര്യങ്ങളെ ഗ്രഹിക്കലാണ്. ഗ്രഹിക്കുന്ന കാര്യങ്ങൾ വസ്തുനിഷ്ഠമാണോ, സത്യാവസ്ഥയെ ആസ്പദപ്പെടുത്തിയിട്ടുള്ളതാണോ എന്ന് ഉറപ്പുവരുത്താൻ കുട്ടിയെ പ്രേരിപ്പിക്കണം. യുക്തിചിന്തയുടെ ആരംഭമിതാണ്. ഈ രീതിയിലുള്ള പഠനപ്രവർത്തനത്തിലൂടെ വളരുന്ന കുട്ടികളാണ് ഭാവിയുടെ വാഗ്ദാനങ്ങൾ.

അറിവ് വർദ്ധിപ്പിക്കാനുള്ള ഒരേ ഒരു കാര്യം വായനയാണ്. വായിക്കുക, വായിച്ച കാര്യങ്ങളെപ്പറ്റി യുക്തിപൂർവ്വം ചിന്തിക്കുക. ചിന്തയെ ഉദ്ദീപിപ്പിക്കുവാൻ കഴിവുള്ള ഗ്രന്ഥങ്ങളെ വായിക്കാവൂ. വായിക്കുന്ന വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചയും, വാഗ്വാദങ്ങളും നടത്തുന്നത് നന്നായിരിക്കും. കുട്ടികളുള്ള വീട് ഒരു ചർച്ചാവേദിയായി മാറണം. ടെലിവിഷൻ പരിപാടികൾ, പരദൂഷണം, അർത്ഥമില്ലാത്ത വാദപ്രതിവാദം എന്നിവ ബുദ്ധിയെ മുരടിപ്പിക്കുകയേയുള്ളൂ.

സമ്പത്തുകൊണ്ട് നേടുന്ന പലതും പലർക്കും അന്തസ്സിന്റെ ചിഹ്നങ്ങളാണ്. പക്ഷെ കൈവശമുള്ളത് ശൂന്യമായ മനസ്സാണെങ്കിലോ ?

●

# തെക്കീട്ടിൽ കഥകൾ

## 1) കാലത്തിന്റെ ശരികൾ

കടയിൽ നിന്നിറങ്ങി പോയ രാജീവൻ പെട്ടെന്ന് തിരിച്ചിറങ്ങി വന്ന് മേശപ്പുറത്ത് മറന്നുവെച്ച തന്റെ മൊബൈൽ ഫോൺ കൈയ്യിലെടുത്തു.

“എന്റമ്മോ ഇത് മറന്നാൽ പോയി എന്റെ ജീവനാണിത്, മനസ്സാണിത്”

രാജീവൻ ധൃതിയിൽ മടങ്ങി പോയതും പുച്ഛിച്ചു ചിരിച്ച അനന്തേട്ടനോട് ഹാഷിം പറഞ്ഞതിങ്ങനെ.

“ചിരിക്കേണ്ട അനന്തേട്ടാ ശരിയാണ് നിഷേധിക്കാൻ പറ്റില്ല മനസ്സു തന്നെയാണ് സ്വന്തം മൊബൈൽ ഫോൺ.”

“ഒന്നു പോടാ” എന്നായിരുന്നു അനന്തേട്ടന്റെ മുറുപടി.


“അനന്തേട്ടാ സത്യം അതാണ് നമുക്ക് വേണ്ടപ്പെട്ട ഒരാളെ നമ്മൾ മനസ്സോടു ചേർക്കുന്നത് അയാളുടെ നമ്പർ സേവ് ചെയ്തു കൊണ്ടാണ്. മനസ്സിൽ നിന്ന് ഒഴിവാക്കുന്നത് ആ നമ്പർ ഡിലീറ്റ് ചെയ്തു കൊണ്ടാണ്. വേണ്ടപ്പെട്ടവർക്കയക്കുന്ന സന്ദേശത്തിൽ പോലും ആ സൗഹൃദം മണക്കും. ഒരു മറുപടിക്ക് കാക്കും മനസ്സിൽ നിന്നകലുമ്പോൾ എല്ലാം സാവധാനം നിലച്ചുകൊണ്ടിരിക്കും.

കേട്ടിരുന്ന പൊതുവേ ഒന്നിനോടും പ്രതികരിക്കാത്ത കുമാരൻ നായരും പ്രതികരിച്ചു.

“ശരിയാ അനന്താ എന്റെ ഫോണിൽ നമ്പരില്ല എന്നു പറഞ്ഞാൽ അത്ര ബന്ധമേ ഉള്ളൂ എന്നു തന്നെയാണർത്ഥം.വിളിച്ച് എടുക്കാഞ്ഞാലും വിളിച്ചിട്ടു കിട്ടാഞ്ഞാൽ തിരിച്ചു വിളിക്കാഞ്ഞാലുമൊക്കെ അത്ര പ്രാധാന്യമേ ഉള്ളൂ എന്നു തന്നെയാണർത്ഥം. നിഷേധിച്ചിട്ടു കാര്യമൊന്നുമില്ല.

## 2) വാസ്തവം

മൂവായിരം നേന്ത്ര വാഴയുണ്ട് ഓണം കണക്കാക്കി വെച്ചതാ എന്ന് ഒന്നാമൻ.



സുരേഷ് തെക്കീട്ടിൽ
9446330957

എനിക്ക് രണ്ടായിരം വാഴയുണ്ട് അതും ഓണം കണക്കാക്കി തന്നെ വെച്ചതാ എന്ന് രണ്ടാമൻ എനിക്ക് ഇരുന്നൂറ്റമ്പത് വാഴയേ ഉള്ളൂ അത് ലാഭം കണക്കാക്കി വെച്ചതാ എന്നു മൂന്നാമൻ.

## 3) ജീവിതപാഠങ്ങൾ

മാതൃകയാക്കേണ്ടതായ ജീവിതരീതികൾ, സ്വീകരിക്കേണ്ടതായ മൂല്യങ്ങൾ, പാലിക്കേണ്ടതായ ചിട്ടകൾ തുടങ്ങി മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിച്ച് സദസ്സിനെ കൈയ്യിലെടുത്ത് വിശദവും വിജ്ഞാനപ്രദവുമായ ക്ലാസ്സ്.

രണ്ടര മണിക്കൂർ നീണ്ട ക്ലാസ്സിനു നന്ദി പറഞ്ഞയാൾ രണ്ടേ രണ്ട് വാക്യങ്ങളാൽ നൽകി ഒരു തിരുത്ത്.

“എല്ലാം ശരിയാണ് സാർ എന്നാൽ ജീവിതത്തിലെ ചില പാഠങ്ങൾ ജീവിച്ചുതന്നെ പഠിക്കേണ്ടതാണ് നീന്തലൊക്കെ പോലെ. അപ്പഴേ അറിയൂ, അപ്പഴേ മനസ്സിലാകൂ, അപ്പഴേ ധൈര്യം വരൂ.”

## 4) പിന്തുടർച്ച

എന്റെ മുഖത്തിനു നേരെ കൈ ചൂണ്ടി ആക്രോശിച്ച ശേഷം ദേഷ്യം തീർക്കാൻ മുന്നിലുണ്ടായിരുന്ന കസേര തട്ടിത്തെറിപ്പിച്ച് തറയിൽ അമർത്തി ചവിട്ടി മകൻ ഇറങ്ങി പോയി. മാനസികമായി ആകെ തളർന്ന് ഞാനവിടെ ഇരുന്നു. എന്ത് ചെയ്യണമെന്നറിയാതെ. അവനെ ഭാര്യ വയറ്റിൽ ചുമന്നു കൊണ്ടുനടക്കുന്നത്, പിന്നെ പ്രസവം ചോറൂണ് തുടങ്ങി ഓരോ രംഗവും എന്റെ മനസ്സിലൂടെ കടന്നുപോയി. ഒരൊറ്റ നിമിഷം കൊണ്ട്.

കണ്ടുനിന്ന പാവം ഭാര്യ ആശ്വസിപ്പിക്കാനെത്തി. പതിഞ്ഞ ശബ്ദത്തിൽ ഞാൻ മറുപടി നൽകി. ഏയ് ഇതിലൊന്നും എനിക്ക് ഒരു വിഷമവും തോന്നുന്നില്ല. അതൊക്കെ പിന്നീട് അവൻ തന്നെ ആലോചിച്ച് വിഷമിച്ചോളും. പണ്ട് ഇതുപോലൊരിക്കൽ ദേഷ്യം വന്ന് ഞാൻ എന്റെ അച്ഛനോട് പോയി പണി നോക്കാൻ പറഞ്ഞിരുന്നു. ഉമ്മറക്കോലായിൽ അന്തംവിട്ടു നിൽക്കുന്ന പാവം അച്ഛന്റേയും പിന്നിൽ നിസ്സഹായയായി നിന്നിരുന്ന അമ്മയുടേയും വേദന നിറഞ്ഞ മുഖങ്ങൾ തെളിയുന്നു. അതിലാണ് ഇപ്പോൾ എനിക്കു വിഷമം. ●

# തിരിച്ചും മറിച്ചും

## ഇ. ടി. മുരളീധരൻ

**ജൂൺ 19:** “വായന മരിച്ചു” എഴുത്തുകാരൻ വാചാലനായി. പ്രസംഗം കഴിഞ്ഞ് മടങ്ങുമ്പോൾ യുവ എഴുത്തുകാർ അവരുടെ കൃതികളുടെ സമാഹാരങ്ങൾ അദ്ദേഹത്തിന് ഉപഹാരമായി നല്കി. എല്ലാം സ്വീകരിച്ച് വീട്ടിലെ ബുക്ക് ഷെൽഫിൽ ഭംഗിയായി അടുക്കിവെച്ച് എഴുത്തുകാരൻ വീണ്ടും എഴുതാനിരുന്നു.

**ജൂൺ 5** : വെറുതെ കിട്ടിയാൽ എന്തും കൈനീട്ടി വാങ്ങും മലയാളികൾ. ജൂൺ 5ന് ഒരു ചെടി കിട്ടി. കിട്ടിയ ചെടിയുമായി വീട്ടിൽ വന്നു. മതിലോരത്തെ സിമന്റ് തറയിൽ ചെറിയ കുഴിയെടുത്ത് ചെടിനട്ട് സിമന്റിട്ട് ഉറപ്പിച്ചു (ആശയത്തെ).

**ജൂൺ 21** : ശക്തി തെളിയിക്കാൻ മാത്രമായി എന്തിനുള്ളതാണ് യോഗ എന്നറിയാതെ അഭിമാനപൂർവ്വം യോഗ ചെയ്ത് ചിലർ സംതൃപ്തി നേടി. അവർ രക്ഷപ്പെട്ടു. അല്ലാത്തവർ സ്ഥിരമായി യോഗ ചെയ്ത് പലവിധ പൊല്ലാപ്പിലുമായി.

# നമ്മുടെ ആരോഗ്യ മേഖല ശരിയായ ദിശയിലാണോ?



**ഡോ സുനീത് മാത്യു**
**09486382600**

**സ്വാ**തന്ത്ര്യ ലബ്ധിക്കുശേഷം ഇന്ത്യ ആരോഗ്യരംഗത്ത് വൻ കുതിപ്പ് കൈവരിച്ചിട്ടുണ്ട് എന്ന് പറയാതെ വയ്യ. എന്നിരിക്കിലും ഇന്നും ഇതിന്റെ ഗുണഭോക്താക്കളാകുവാൻ നല്ലൊരു പങ്ക് ഇന്ത്യൻ ജനതയ്ക്കും കഴിഞ്ഞിട്ടില്ല എന്നത് തികച്ചും നിരാശാകരമാണ്. ആയുർദൈർഘ്യം കുറച്ചു വർധിപ്പിക്കുവാൻ കഴിഞ്ഞു എന്നതൊഴിച്ചാൽ നമ്മുടെ ആരോഗ്യരംഗം അത്ര മികച്ചതാണ് എന്ന അഭിപ്രായം എനിക്കില്ല.

ഇന്ത്യയിലെ ആരോഗ്യരംഗം പരിപാലിക്കുന്നതിൽ സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും ഒരുപോലെ പങ്കുവഹിക്കുന്നു. ചിലയിടങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തങ്ങളും ഉണ്ടായേക്കാം. സർക്കാർ ആശുപത്രികൾ മിക്കതും സൗജന്യമെങ്കിൽ സ്വകാര്യ ആശുപത്രികൾ തികച്ചും ഭിന്നമാണ്. ഇവിടെ അമിത നിരക്കിലാണ് ചികിത്സ ലഭ്യമാകുന്നത്. നൂറ്റിമുപ്പതോളം വരുന്ന ഇന്ത്യൻ ജനതയുടെ വളരെക്കുറച്ചു ശതമാനം ആളുകൾക്ക് മാത്രം ലഭ്യമാകുന്ന സേവനം. ഇത്തരം ചികിത്സാഭേദം പല വികസിത രാജ്യങ്ങളിലുമില്ല. അവിടത്തെ പൗരന്മാർക്കെല്ലാം ഒരേ തരത്തിലുള്ള ചികിത്സ ലഭ്യമാക്കുകയാണ് അവിടത്തെ സർക്കാരുകൾ.

ഇന്ത്യയുടെ ആരോഗ്യരംഗത്തെ വീണ്ടും രണ്ടായി തിരിക്കേണ്ടി വരും. നഗരങ്ങളിലെയെന്നും ഗ്രാമങ്ങളിലെയെന്നും. ഗ്രാമങ്ങളിലെ ആരോഗ്യം വീണ്ടും രണ്ടായി തിരിക്കേണ്ടി വരുമെന്ന് ഞാൻ ഭയക്കുന്നു. വടക്കേയിന്ത്യ എന്നും തെക്കേ ഇന്ത്യ എന്നും. വടക്കേ ഇന്ത്യയിലെ ഗ്രാമങ്ങളിൽ ചികിത്സ ലഭ്യമാകുന്നത് പലയിടത്തും അത്ര എളുപ്പമല്ല. തെക്കേ ഇന്ത്യയിലും സ്ഥിതി അങ്ങനെതന്നെയാണെങ്കിലും നഗരസാന്നിധ്യം പലപ്പോഴും രക്ഷയാകാറുണ്ട്. ഇന്ത്യയിൽ ഭൂരിപക്ഷവും വസിക്കുന്നത് ഗ്രാമങ്ങളിലാണ്. അവർക്കുള്ള ചികിത്സ ഉറപ്പുവരുത്തുന്നതിന് ഇത്രയും കാലമായിട്ടും കഴിഞ്ഞിട്ടില്ല എന്നതാണ് നമ്മുടെ ആരോഗ്യ വ്യവസ്ഥയുടെ പ്രധാന പ്രശ്നം.

നാഷണൽ റൂറൽ മിഷൻ, പ്രധാനമന്ത്രിയുടെ ജന ആരോഗ്യ യോജന തുടങ്ങി പല പ്രവർത്തനങ്ങളും നടക്കുന്നുണ്ടെങ്കിലും അതിന്റെയൊന്നും പ്രയോജനം ഇനിയും സാധാരണക്കാരിൽ എത്തിയിട്ടില്ല. ആശുപത്രികളുടെ അഭാവവും ഉയർന്ന ജനസംഖ്യക്ക് അനുപാതമായി യോഗ്യതയുള്ള ചികിത്സകർ ഇല്ല എന്നതും ചികിത്സ ലഭ്യമാകാതിരിക്കുന്നതിനോ, വ്യാജ ചികിത്സ തേടുന്നതിനോ കാരണമാകുന്നു. ഇത് ആരോഗ്യരംഗത്തെ വൻ വീഴ്ച്ചയാണ്.

സബ് സെന്ററുകൾ എന്നറിയപ്പെടുന്ന ആരോഗ്യ പരിപാലന കേന്ദ്രങ്ങളാണ് ഇന്ത്യയിലെ ആരോഗ്യരംഗത്തെ ഏറ്റവും ചെറിയ യൂണിറ്റ്. ഇന്ത്യയിലുടനീളം 148124 കേന്ദ്രങ്ങൾ ഉണ്ട് എന്നാണു കണക്ക്. 8500 പേർക്ക് ഒരു സെന്റർ എന്ന തോതിൽ വരും ഇത്. പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ ഇതിൽ എത്രയോ താഴെയാണ്. ഗർഭകാല പരിചരണം, പ്രസവം, കുട്ടികളുടെ ആരോഗ്യം, പകർച്ചവ്യാധികളുടെ തടയലും ചികിത്സയും ആണ് ഇത്തരം സെന്ററുകളുടെ പ്രധാന ലക്ഷ്യം. ഡോക്ടർമാരോ രക്ത പരിശോധകരോ പലയിടങ്ങളിലുമില്ല. ഇതിനേക്കാൾ കുറച്ചുകൂടി ഉയർന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സ്ഥിതി വ്യത്യസ്തമല്ല. അത്യാവശ്യ ചികിത്സ പോലും കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രങ്ങളെയോ ജില്ലാ ആശുപത്രികളെയോ ആശ്രയിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. അവിടെയാണെങ്കിൽ ഇത്രയും രോഗികളെ ഉൾക്കൊള്ളുവാനുള്ള സാഹചര്യങ്ങളുമില്ല. പലയിടങ്ങളും ഡോക്ടർമാരുടെ ദൗർലഭ്യം, വേണ്ടത്ര ഉപകരണങ്ങളുടെ അപര്യാപ്തത തുടങ്ങിയവയാൽ ആവശ്യമായ ചികിത്സ നൽകുവാൻ കഴിയാത്ത അവസ്ഥയിലുമാണ്. പല വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെയും കാര്യം ഇക്കാര്യത്തിൽ ദയനീയം തന്നെ.

ആരോഗ്യകാര്യങ്ങളിൽ ഉള്ള അജ്ഞതയാണ് പ്രധാന പ്രശ്നം. ഇക്കാര്യങ്ങളിൽ കാര്യമായി ഇടപെടേണ്ട സ്ഥാപനങ്ങളാണ് മുകളിൽ പറഞ്ഞ രണ്ടു ചെറു കേന്ദ്രങ്ങളും. എന്നാൽ ആരോഗ്യസംരക്ഷണത്തിൽ ഇതിന്റെ പ്രവർത്തനക്ഷമത അത്ര തൃപ്തികരമല്ല. ഒരു സാധാരണ പൗരന്, ആവശ്യമായ ചികിത്സ ലഭ്യമാകാതിരിക്കുന്ന സാഹചര്യം ഇന്നും ഇവിടെ നിലനിൽക്കുന്നു എന്നതാണ് ഇത്തരം ഒരു ലേഖനം എഴുതണമെന്ന പ്രേരണയുണ്ടാക്കിയത്.

എന്തുകൊണ്ട് ഇങ്ങനെയെല്ലാം സംഭവിക്കുന്നു, പ്രത്യേകിച്ച് ആരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്ന് നാം അവകാശപ്പെട്ടുകൊണ്ടിരിക്കുമ്പോൾ. ആധുനിക സൗകര്യങ്ങളുമായി പഞ്ചനക്ഷത്ര ആശുപത്രികൾ ഉണ്ടായിക്കൊണ്ടുമിരിക്കു

ന്നു. അവിടത്തെ സൗകര്യങ്ങൾ ഒഴിച്ചുനിറുത്തിയാൽ ചികിത്സയുടെ ഗുണനിലവാരവും പലയിടങ്ങളിലും സംശയത്തിന്റെ നിഴലിൽത്തന്നെ. ആരോഗ്യരംഗത്തിന്റെ തകർച്ചക്ക് കാരണമായി എനിക്ക് തോന്നുന്ന ചില കാര്യങ്ങൾ ഞാനിവിടെ കുറിക്കുന്നു.

വർദ്ധിച്ചുവരുന്ന ഗ്രാമ ജനസംഖ്യാവർദ്ധനവിനോടുള്ള അവഗണന തന്നെയാണ് അതിൽ മുഖ്യ ഹേതു. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ഗ്രാമങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളുടെ എണ്ണം കൂടുന്നില്ല. ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ എണ്ണവും അങ്ങനെ തന്നെ. വടക്കേ ഇന്ത്യയിലെ ഗ്രാമങ്ങൾ എന്നാൽ പലതും നമുക്ക് സങ്കൽപ്പിക്കുവാൻ പോലുമാകാത്തത്ര കുഗ്രാമങ്ങളാണെന്നോർക്കണം. ഇരുപതു മുതൽ അമ്പതു കിലോമീറ്റർ ദൂരത്തിൽ ഒരു ചികിത്സാകേന്ദ്രങ്ങളുമില്ലാത്ത പലഗ്രാമങ്ങളും അവിടെയുണ്ട്. സാമാന്യം മെച്ചപ്പെട്ട ചികിത്സ ലഭിക്കണമെങ്കിൽ അടുത്തുള്ള ഭേദപ്പെട്ട നഗരത്തിൽ എത്തണം. അവിടെയെല്ലാം കൂടുതലായി ഉള്ളത് സ്വകാര്യ ആശുപത്രികളാണ്. സാധാരണക്കാർക്ക് ഇവിടെനിന്നും കാര്യമായ പ്രയോജനം കിട്ടാറുമില്ല.

നമ്മുടെ ആരോഗ്യരംഗം കൂടുതലായും പാശ്ചാത്യ ആരോഗ്യ മാനദണ്ഡങ്ങൾ നടപ്പിലാക്കുവാനാണ് ശ്രമിക്കുന്നത്. അവിടത്തെ ചികിത്സാരീതികൾ അതേപോലെ നടപ്പിലാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ഇന്ത്യ അതിൽനിന്നെല്ലാം വ്യത്യസ്തമാണ്. കുറഞ്ഞ സ്ഥലത്തു കൂടുതൽ ആളുകൾ വസിക്കുന്ന ഒരു രാജ്യം. ഇവിടത്തെ ആരോഗ്യപ്രശ്നങ്ങളും ജീവിത ഭക്ഷണ രീതികളും വ്യത്യസ്തമാണ്. അവ മനസ്സിലാക്കാതെ പാശ്ചാത്യ രീതി ഇവിടെയുള്ള രോഗികളിൽ അടിച്ചേൽപ്പിക്കുന്ന പ്രവണത ശരിയായ ദിശയിലുള്ള ഒരു പ്രവർത്തനമായി എനിക്ക് തോന്നുന്നില്ല. നമ്മുടെ തനതായ കാഴ്ചപ്പാടിലൂടെ ചികിത്സാരീതികൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. ചൈനയും റഷ്യയുമെല്ലാം ഇക്കാര്യത്തിൽ നമുക്ക് കണ്ടു പഠിക്കാവുന്ന രാജ്യങ്ങളാണ്. അവർ അവരുടെ തനതായ വൈദ്യശാസ്ത്ര രീതിയും ചേർത്ത് ആധുനിക വൈദ്യത്തെ ഉപകാരപ്രദമായ വിധത്തിൽ വിനിയോഗിക്കുകയാണ് ചെയ്യുന്നത്. അവർ കണ്ണടച്ചിരുട്ടാക്കുന്നില്ല എന്നർത്ഥം.

ഇന്ത്യയിൽ അംഗീകരിക്കപ്പെട്ട പല ചികിത്സാരീതികളുമുണ്ട്. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യൂനാനി എന്നിവയാണ് മുഖ്യധാരയിലുള്ളത്. ഇപ്പോൾ യോഗയും പ്രകൃതി ചികിത്സയും കൂടി അംഗീകരിച്ചു കഴിഞ്ഞു. എന്നാൽ ഇവിടെ നടക്കുന്നത് ചികിത്സാവിഭാഗങ്ങൾ തമ്മിൽ നടക്കുന്ന ചേരിപ്പോരാണ്. എല്ലാ വിഭാഗത്തിലെ ചികിത്സകരും പഠിക്കുന്നത് ഒരേ വിഷയങ്ങൾ തന്നെയാണ്. പഠന കാലാവധിയും ഒന്ന് തന്നെ. മരുന്നുകളിൽ മാത്രമേ കാര്യമായ മാറ്റമുള്ളൂ. രോഗങ്ങളും അവസ്ഥയുമെല്ലാം എല്ലാവർക്കും ഒരുപോലെ അറിയാവുന്നതുമാണ്. ഈ വ്യത്യസ്ത ചികിത്സകരുടെ ഒരു സൗഹൃദവും സഹകരണവും ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാകുമെന്ന് ഞാൻ കരുതുന്നു. എല്ലാ ചികിത്സാരീതികൾക്കും അതിന്റേതായ മെച്ചങ്ങളും കോട്ടങ്ങളും ഉണ്ടാകാം. അത് മനസ്സിലാക്കി രോഗിക്ക് വേണ്ടത് നൽകുക എന്നതാണ് ഏറ്റവും ശ്രേഷ്ഠമെന്നു ഞാൻ കരുതുന്നു.

സാമൂഹ്യവ്യവസ്ഥയിലും സാമ്പത്തികവ്യവസ്ഥയിലുമുള്ള വ്യത്യാസമാണ് അടുത്തത്. എല്ലാവർക്കും ഒരേ ചികിത്സ കിട്ടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആർജ്ജവമുള്ള സർക്കാരുകൾ വിചാരിച്ചാൽ പരിഹരിക്കാവുന്ന കാര്യമേ ഇതിലുള്ളൂ. ഇൻഷുറൻസ് പരിരക്ഷകൾ പോലെയുള്ള കാര്യങ്ങൾ വഴി എല്ലാവർക്കും ഭേദപ്പെട്ട ചികിത്സ നൽകാവുന്നതാണ്. ഇൻഷുറൻസ് കമ്പനികളുടെ കൃത്യമായ മേൽനോട്ടമുണ്ടെങ്കിൽ അനാവശ്യ ചികിത്സകളും ചിലവുകളും സ്വകാര്യ ആശുപത്രികളിലും ഇല്ലാതാകും. രോഗിയുടെ അജ്ഞതയാണ് പല ആശുപത്രികളും മുതലെടുക്കുന്നത് എന്ന് പറയാതെ നിവൃത്തിയില്ല. ഇൻഷുറൻസിനോട് നമുക്ക് അത്ര താൽപ്പര്യമില്ല. അതെങ്ങനെയോ നമ്മുടെ മനോഭാവത്തിൽ കാലങ്ങളായി ഉടലെടുത്തതാണ്. എന്നാൽ ചികിത്സാ രംഗത്ത് ഇൻഷുറൻസിനു വലിയ പ്രാധാന്യമാണ് മറ്റു രാജ്യങ്ങൾ നൽകുന്നത്. അതുപോലെ തന്നെ സർക്കാർ ആശുപത്രികൾ അടിസ്ഥാന ഘടകം മുതൽ കുറച്ചുകൂടി അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. സാംക്രമിക രോഗങ്ങളെ കണ്ടെത്തുന്നതിനും ചികിൽസിക്കുന്നതിനുമുള്ള സൗകര്യങ്ങൾ എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തേണ്ടതാണ്. മെഡിക്കൽ കോളേജുകളും ജില്ലാ ആശുപത്രികളും നിലവാരമുള്ളവയാക്കുകയും സ്വകാര്യ ആശുപത്രികൾ സജ്ജീകരിക്കുന്ന സൗകര്യങ്ങൾ സ്ഥാപിക്കുകയും ഫലപ്രദമായി പ്രവർത്തിപ്പിക്കുകയും വേണം. ഇതിനു തടസ്സമായി നിൽക്കുന്നത്, ഇന്ത്യയിൽ എല്ലാ മേഖലകളിലുമുള്ള പോലെ, അഴിമതി തന്നെയാണ്. വൻ തുകകളാണ് ഓരോ ബജറ്റിലും ആരോഗ്യത്തിനായി നീക്കിവയ്ക്കുന്നത്. ഇതിന്റെ ചെറിയൊരു അംശം പോലും സാധാരണ രോഗികൾക്ക് ലഭ്യമാകുന്നില്ല എന്നത് അതീവ ദുഃഖകരം തന്നെ.

കൂടുതൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുകയും കൂടുതൽ ഡോക്ടർമാരെ സൃഷ്ടിക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. ഡോക്ടർമാരെ ഗ്രാമീണ ചികിത്സാ മേഖലയിലേക്ക് ആകർഷിക്കുന്ന പരിഷ്കരണങ്ങളും നടപ്പിലാക്കേണ്ടതാണ്. എല്ലാ ചികിത്സാ വിഭാഗക്കാരെയും ഒരേ കുടക്കീഴിലാക്കിയും പരീക്ഷണങ്ങൾ നടത്താവുന്നതാണ്. അതേപോലെ തന്നെ ആരോഗ്യരംഗത്തെ ഗവേഷണങ്ങൾക്കുള്ള സാഹചര്യങ്ങൾ കൂട്ടുക എന്നത് ഏറ്റവും മുഖ്യമായ ഒന്നാണ്. ഹൃദ്രോഗവും പ്രമേഹവും ഇന്ന് നമ്മുടെ പ്രധാന ആരോഗ്യ പ്രശ്നങ്ങൾ ആയി മാറിക്കഴിഞ്ഞു. എന്നാൽ ഈ രണ്ടു രോഗങ്ങൾക്കും മരുന്നുകളോ പ്രതിരോധ മാർഗ്ഗങ്ങളോ ഇന്ത്യയിൽ നിന്നും ഉണ്ടാകുന്നില്ല എന്നത് അത്ഭുതമാണ്. ഇതെല്ലാം നമ്മൾ പാശ്ചാത്യരെ അതേപടി അനുകരിക്കുകയാണ്. അമേരിക്കൻ ഡയ

ബെറ്റീസ് അസോസിയേഷൻ അല്ലെങ്കിൽ അമേരിക്കൻ ഹാർട്ട് അസോസിയേഷൻ പറയുന്നത് അങ്ങനെ തന്നെ വിഴുങ്ങുന്നു എന്നർത്ഥം. ഒരു കാലത്തു ശസ്ത്രക്രിയ പോലും കണ്ടുപിടിക്കപ്പെട്ടത് ഇന്ത്യയിൽ നിന്നായിരുന്നു എന്നുകൂടി ഓർക്കണം. അതുപോലെ മറ്റൊന്നാണ് മരുന്ന് മാഫിയകളുടെ പ്രവർത്തനവും. പലപ്പോഴും പലമരുന്നുകളും രോഗികളിൽ അനാവശ്യമായി അടിച്ചേൽപ്പിക്കുന്ന ഒരു പ്രവണത കാണുന്നുണ്ട്. ഇക്കാര്യത്തിൽ സ്വകാര്യമെന്നോ സർക്കാരെന്നോ വലിയ വ്യത്യാസമൊന്നുമില്ല. ഇത്തരമൊരു പ്രവണത പാശ്ചാത്യ ലോകത്ത് ഇല്ല എന്ന് തന്നെ പറയാം. അവർ മരുന്നുകൾ ശ്രദ്ധാപൂർവം ഉപയോഗിക്കുന്നു, അല്ലെങ്കിൽ അവരെ നിയന്ത്രിക്കുന്ന ഇൻഷുറൻസ് കമ്പനികൾ അവരെ അക്കാര്യത്തിൽ ശ്രദ്ധാലുക്കളാക്കുന്നു. മരുന്നുകൾക്ക് പാശ്ചാത്യരെ അനുകരിക്കുന്ന നമ്മൾ ഉപയോഗ നിയന്ത്രണത്തിൽ അവരെ തഴയുകയും ചെയ്യുന്നു. സേവനമാണ് ആരോഗ്യ രംഗമെന്ന് പറയുമ്പോഴും അതങ്ങനെ അല്ല എന്ന് പറയാതിരിക്കുവാനാകില്ല. ഇന്ന് ആരോഗ്യരംഗം ഒരു വ്യാപാര മേഖലയാണ്. ആരൊക്കെയോ ചേർന്ന് നിയന്ത്രിക്കുന്ന ഒരു കച്ചവടം. ഇവിടെ ആരും ആരോഗ്യത്തെക്കുറിച്ച് വ്യാകുലരാകുന്നില്ല. അവരവരുടെ പോക്കറ്റ് വീർപ്പിക്കുക എന്ന് മാത്രം ചിന്തിക്കുന്നു.

ആരോഗ്യരംഗം ഭദ്രമാകണമെങ്കിൽ ജനങ്ങൾക്കും ഒരു മുഖ്യ പങ്കുണ്ട്. ദിനംപ്രതി ഡോക്ടർമാരെ മാറ്റുന്ന ഒരു പ്രവണത ഇന്ന് കണ്ടുവരുന്നുണ്ട്. ക്ഷിപ്രശമനം ആണ് എല്ലാവർക്കും വേണ്ടത്. എന്റെ അഭിപ്രായത്തിൽ വിശ്വസിക്കുവാൻ കൊള്ളുന്ന ഒരു ഡോക്ടർ എല്ലാവർക്കും വേണം. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം മാത്രം വിദഗ്ധ ചികിത്സകരെ കാണുന്ന രീതി നടപ്പിലാകണം. കുടുംബ ഡോക്ടർ എന്നൊരു രീതി പുനഃസ്ഥാപിക്കപ്പെടണം. അത്തരം ഡോക്ടർമാരെയും അതിനുതകുന്ന ആരോഗ്യ വിദ്യാഭ്യാസത്തെയും പ്രോത്സാഹിപ്പിക്കണം.

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയപ്പെട്ട ഏക തത്ത്വയ്ക്ക്,

ഞാൻ പ്രേമ ആർ. ഏക തത്ത്വയുടെ പുതിയ വായനക്കാരി. ഈ മാസിക എന്നെ പരിചയപ്പെടുത്തിയത് എന്റെ പ്രിയ സുഹൃത്ത് മുരളി മൂത്തേടമാണ്. ആ സുഹൃത്തിന് ഒരായിരം നന്ദി അർപ്പിച്ചുകൊണ്ട് എന്റെ അഭിപ്രായം മുരളി സാറിനെ അറിയിക്കുന്നു. ഏപ്രിൽ ലക്കം (ലക്കം 5) വായിച്ചു. മൊത്തത്തിൽ പറയുകയാണെങ്കിൽ best എന്ന് പറയുന്നു. എങ്കിലും സാറിന്റെ 'എനിക്ക് പറയാനുള്ളത്' എന്ന പറച്ചിൽ വളരെ നല്ലതായി എന്നുമാത്രമല്ല ഇങ്ങിനെ തുറന്ന് എഴുതുമ്പോൾ എഴുത്തുകാരനുകിട്ടുന്ന ആത്മസംതൃപ്തി ഞാനും അനുഭവിച്ചു എന്നുപറയാം.

നൗഷാദ് സാറിന്റെ 'പൊതുവിജ്ഞാനം', തെക്കീട്ടിൽ സാറിന്റെ 'കഥകൾ' ഉഗ്രനായി. എങ്കിലും എന്റെ മനസ്സിനെ പിടിച്ചുലച്ചത് ഉണ്ണി വിശ്വനാഥിന്റെ 'പുലരുമ്പോൾ പറയാം' എന്ന കഥയാണ്. ജീവിച്ച് ജീവിക്കാൻ മറന്നുപോയ മകൾ സ്വന്തം അച്ഛന്റെ കൂടെയുള്ള നല്ല നിമിഷങ്ങളെ നഷ്ടപ്പെടുത്തിയത്, വല്ലാതെ നോവായി. മുക്കം ഭാസി സാറിന്റെ അനുഭവക്കുറിപ്പുകൾ ആദ്യലക്കങ്ങൾ അറിയില്ലെങ്കിലും വളരെ ഹൃദ്യമായി.

ഈശ്വർ സാറിന്റെ 'യാത്രാവിവരണം' അദ്ദേഹം കുറച്ചുകൂടി വിവരിച്ച് എഴുതിയതാണെങ്കിൽ അങ്ങോട്ട് പോവാൻ കഴിയാത്ത ദുഃഖം വായിച്ചുതീർക്കാമായിരുന്നു. മുരളിയുടെ 'തിരഞ്ഞെടുപ്പുകാലത്തെ തിരിഞ്ഞ് നോട്ടങ്ങൾ' ഒരു വ്യക്തി ഒരു പൗരൻ എല്ലാം അറിയുന്നവനാണെങ്കിലും സമൂഹത്തിൽ പണത്തിനുമേൽ എല്ലാ ആധിപത്യവും അവസാനിക്കുന്നു. അത് വളരെ വ്യക്തമായി മുരളി ചൂണ്ടിക്കാട്ടുന്നു.

ഇതുവരെ ജമ്മുകാശ്മീരിൽ ഒരു തപാൽ ഓഫീസ് ഉണ്ടെന്ന് എനിക്ക് അറിയില്ലായിരുന്നു. ടി. ജെ. നായർ സാറിന്റെ ലേഖനം, എനിക്ക് പുതിയ ഒരു അറിവ് തന്നു. പ്രമോദ് സാറിന്റെ വിജ്ഞാനച്ചെപ്പ് വളരെ ഉപകാരപ്രദമാണ്. ജലജ പ്രസാദിന്റെ കവിത, നമ്മുടെ കുഞ്ഞു നന്ദനക്കുട്ടിയുടെ കവിത അങ്ങനെ എല്ലാവരുടേയും രചനകൾ എനിക്കിഷ്ടമായി. സാറിന്റടുത്ത് ഒരു അപേക്ഷ. ഇതിൽ സ്വന്തം ഗ്രാമത്തെക്കുറിച്ച് എഴുതാൻ ഒരു പംക്തി കൊടുക്കാമോ ? എന്റെ പ്രിയപ്പെട്ട ഗ്രാമത്തെക്കുറിച്ച് പറയാൻ എത്രയെത്ര കഥകൾ. അങ്ങനെ ഒരുപാട് നന്മകൾ ആശംസിച്ചുകൊണ്ട്...

പ്രേമ ആർ
9645585260, 9645696668

ബഹുമാനപ്പെട്ട മുരളീധരൻസാർ,

ഏക തത്ത്വ മെയ് ലക്കത്തിൽ 'എല്ലാം അവന്റെ സൃഷ്ടി' കവർ പേജിലെ ഒരു പൂവിന്റെ ചിത്രത്തിൽ നിന്നും തുടങ്ങുന്ന താങ്കളുടെ 'എനിക്ക് പറയാനുള്ളത്' സത്യമിഥ്യാധാരണകൾക്കിടയിലൂടെയുള്ള മനുഷ്യന്റെ സ്വപ്നസഞ്ചാരം ചൂണ്ടിക്കാണിക്കപ്പെടുന്നു. ഗംഭീരം... ജീവിത നിലവാരത്തിന്റെ തിരിച്ചറിവാണ് വായനയിലൂടെ സാധ്യമാകുന്നത്. എം. എം. മേനോൻ, വി. കെ. എം. നായർ, മനോഹരി സി. ബി., ടി. വി. നാരായണൻ കുട്ടി തുടങ്ങി പ്രഗത്ഭരുടെ ലേഖനങ്ങൾ, മുക്കം ഭാസി സാറിന്റെ അൽപ്പം നാടകക്കാര്യം തുടങ്ങി വ്യത്യസ്തതലങ്ങളിലുള്ള വായനാനുഭവം ഹൃദ്യമായിരുന്നു. ഇനിയും ഒരു തീർത്ഥയാത്രക്കുള്ള തയ്യാറെടുപ്പോടെ തൽക്കാലം യാത്രാവിവരണം അവസാനിച്ചിരിക്കുന്നു. എല്ലാം ഒരു സ്വപ്നം പോലെ, മയിൽപ്പീലി കഥകൾ, ദർപ്പണം, പ്രണയച്ചൂട്, കൂട്ടുകാർ, മുന്നീസ ടീച്ചർ, തെക്കീട്ടിൽ കഥകൾ തുടങ്ങി നാട്ടിൻപുറത്തെ പൊന്നുവിന്റെ ഗതിവിഗതികളിലൂടെയാണ് കഥാസഞ്ചാരം അവസാനിക്കുന്നത്.

കവിതകൾ, മറ്റ് വിജ്ഞാനപംക്തികൾ... മെയ് ലക്കം ഒറ്റവാക്കിൽ സമൃദ്ധമായ വായനയുടെ സർവ്വാധിപത്യം.

ജൂൺ ലക്കം വായന പൂർണ്ണമാവാത്തതിനാൽ അഭിപ്രായം കുറിക്കുന്നില്ല. എങ്കിലും നന്ദനകുട്ടിയുടെ ഗുണപാഠം ഇഷ്ടമായി. മുഹമ്മദ് കനി അവരുടെ 'ദൈവനാമത്തിൽ' ജ്ഞാനം പ്രദാനം ചെയ്യുന്നു. പാലക്കാടൻ ദേശപഴമയുടെ പുതുമ എന്ന ലേഖനത്തെ തുടർന്ന് അഭിപ്രായവും അറിവും പങ്കുവെച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. ഇനിയും എഴുതാൻ ഊർജ്ജവും ഉത്തരവാദിത്വവുമായി അതിനെ കണക്കാക്കുന്നു.

എല്ലാ എഴുത്തുകാരുടേയും തൂലികയിൽ ഇനിയും നന്മപരമായ സന്ദേശങ്ങൾ സംഭവിക്കട്ടെ. ഏക തത്ത്വയുടെ സന്മാർഗ്ഗപരമായ ഉദ്ദേശം കൂടുതൽ കരുത്ത് ആർജ്ജിക്കട്ടെ...

മുരളി മൂത്തേടം
9847347704

മെയ് മാസ കുസുമങ്ങൾ

ഏക തത്ത്വയിലെ മെയ് മാസപുഷ്പങ്ങളൊക്കെ ചേതോഹരം, പ്രൗഢഗംഭീരം. 'എല്ലാം അവന്റെ സൃഷ്ടി' എന്ന തലക്കെട്ടിലുള്ള പംക്തി ഏറെ ശ്രദ്ധേയവും പഠനാർഹവും നമ്മെ ചിന്തിപ്പിക്കുന്നതുമാണ്. 'ഓർമ്മച്ചെപ്പിലെ നാട്ടുമണങ്ങൾ' നല്ല വായനാനുഭവം തരുന്നു. വിനോദ് ചെത്തല്ലൂരിന്റെ 'ബ്രോയ്ലർ' എന്ന കവിത ഒന്നാന്തരം. 'തിന്മയുടെ ദുഃഖം' എന്ന ലേഖനം നമ്മുടെ കണ്ണുതുറപ്പിക്കും. ഉണ്ണി വിശ്വനാഥിന്റെ 'പ്രണയച്ചൂട്' എന്ന കഥ കാലിക പ്രസക്തിയാർന്നതും ഉത്തമ സൃഷ്ടിയുമായി അനുഭവിപ്പിക്കുന്നു. 'എല്ലാം ഒരു സ്വപ്നം പോലെ' എന്ന കൃഷ്ണ എഴക്കാടിന്റെ കഥ നമ്മെ ഗൃഹാതുരത്വത്തിന്റെ മായികാപ്രപഞ്ചത്തിലേക്കാനയിക്കുന്നു. 'ദർപ്പണം' എന്ന കഥാവതരണം നന്നായി.

ശ്രീപ്രകാശ് ഒറ്റപ്പാലം
9447240642

## നന്നായ് വരട്ടെ

സൈനുദീൻ മുണ്ടക്കയം
9947253006

**വീണ്ടും വന്നു !!**

**ഭാ**രതത്തിൽ പുതിയൊരു ഭരണകൂടവും (30-5-19) അടുത്ത സ്കൂൾ വർഷവും വന്നു. കുട്ടികൾക്ക് അവരുടെ ഭാവിയുടെ പുതിയ പടി ചവിട്ടൽ. മനുഷ്യ സ്നേഹത്തിന്റെ അടിസ്ഥാന തത്ത്വങ്ങളാകട്ടെ ആദ്യപാഠങ്ങൾ മതവും രാഷ്ട്രീയവും കുഞ്ഞുമനസ്സുകളെ മലിനമാക്കാതിരിക്കട്ടെ.

ഭാരതീയർക്ക് അടുത്ത അഞ്ചുവർഷത്തേക്കുള്ള (അങ്ങനെയാകട്ടെ) ഭരണകൂടവും നിലവിൽ വന്നു. പുതുതായി വരുന്നതിനെ എന്നും എല്ലാവരും ആഘോഷത്തോടെ സ്വീകരിക്കും. പക്ഷെ, പുതുമയും പ്രതീക്ഷയുമുണ്ടാകണം. ഇല്ലെങ്കിൽ വീണ്ടും വന്നു എന്നു നിരാശരായി പറയേണ്ടിവരും പ്രതീക്ഷകൾ നല്കുന്ന വർഷങ്ങളാകട്ടെ എന്ന് തുടർന്നും ആശിക്കാം. അതല്ലെ, പാവം ജനങ്ങൾക്കാവു.

'വന്നതു വന്നു' എന്നുപറയുന്നത് സഹനത്തിന്റെ വഴി. സഹനത്തിനും ഒരന്ത്യമുണ്ടാകുമല്ലൊ. അസഹനീയത നീറിപ്പുകയും. അവിടേക്കെത്തിക്കാതെയിരിക്കട്ടെ. ഭരണകർത്താക്കളും ഭരിക്കപ്പെടുന്നോരും ശ്രദ്ധിക്കണം. വിവേകശാലികൾക്കേ വികാരനിയന്ത്രണം സാദ്ധ്യമാകൂ. ഉത്തരവാദപ്പെട്ടവർ ആരായിരുന്നാലും വിവേകം കൈവിട്ടുകൂടാ, വിവേകികളെ നാലാൾ മതിക്കും ഇല്ലെങ്കിൽ മെതിക്കും. ജനവിശ്വാസം ഹനിക്കപ്പെടുമ്പോൾ ജനരോഷമുയരും. അടിച്ചമർത്തൽ ജനാധിപത്യത്തിന് നിരക്കുന്നതല്ല. കലഹങ്ങളും, കാരണങ്ങളും കണ്ടെത്തി ഇല്ലാതാകുന്നതാണ് ചിതം. ഇല്ലാത്തതിന്റെ പേരിൽ വല്ലാതെ ക്ഷോഭിക്കുന്നത് ആർക്കും ഗുണം ചെയ്യില്ല. സഹനവും സഹവർത്തിത്വവും സഹകരണവും ഒത്തുവന്നാൽ ആരുടേയും നിലനില്പ്പിനെ ബാധിക്കില്ല.

ഉത്തമരായ ഭരണകർത്താക്കൾ രാജ്യശ്രേയസ്സും ജനക്ഷേമവും ലക്ഷ്യമാക്കി ഭരിച്ചാൽ ശാന്തിയും സമാധാനവും പുലരും. സന്തോഷവാന്മാരായ ജനങ്ങളാണ് രാജ്യത്തിന്റെ സമ്പത്തും ബലവും!! വന്നവരെയെല്ലാം സഹർഷം സ്വാഗതം ചെയ്ത പാരമ്പര്യമാണ് ഭാരതത്തിന്. അതായിരുന്നു ആർഷഭാരത സംസ്കാരം. ഇന്നിപ്പോൾ ഛിദ്ര ചിന്തകളും ജാതിമതവൈരങ്ങളും വളർത്തുന്നതിനുപിന്നിൽ ആരു തന്നെ ആയിരുന്നാലും, അത് രാഷ്ട്രത്തിന്റെ സർവ്വനാശത്തിന് കാരണമാകാതിരിക്കട്ടെ.

മതേതരത്വവും സാഹോദര്യവും നിറഞ്ഞ ഒരന്തരീക്ഷം സൃഷ്ടിക്കാൻ ഭരണാധികാരികൾക്കാകട്ടെ. ന്യൂസിലാൻഡ് ഇന്ന് ലോകത്തിന് മാതൃകയായിരിക്കുന്നു. മതമല്ല രാജ്യവും ജനങ്ങളുമാണ് വലുതെന്ന് അവർ തെളിയിച്ചിരിക്കുന്നു. ആ മാതൃക നമുക്കും പിന്തുടരാം. അവരവരുടെ വിശ്വാസങ്ങൾ സംരക്ഷിക്കപ്പെടട്ടെ. എന്റെ വിശ്വാസം അന്യന്റെ വിശ്വാസത്തേക്കാൾ മുന്തിയതാണെന്ന ചിന്ത ആപത്കരമാണ്. ആരും ആരേക്കാളും മുന്തിയതല്ലെന്ന് ചിന്തിച്ചാൽ തീരുന്ന പ്രശ്നങ്ങളേ ഇന്ന് ലോകത്തിലുള്ളു. ഒരുനല്ല നാളെയെ വരവേല്ക്കാം.

ഏക തത്ത്വ ജൂൺ 2019 ലക്കത്തിൽ ശ്രീ. എം. എം. മേനോൻ അവർകൾ 'വീണ്ടും വിനീതമായ അഭ്യർത്ഥന' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിൽ എന്റെ പേരും പരാമർശിച്ചുകണ്ടു. അദ്ദേഹത്തിന് എന്റെ വിനീത നമസ്കാരം. ഞാനെഴുതിയവ അദ്ദേഹം വായിക്കുന്നു എന്നതിൽ ഞാനഭിമാനിക്കുന്നു. നന്ദി.

പ്രിയപ്പെട്ട മുരളി,

ഉറങ്ങുന്ന ലോകത്ത് ഉറങ്ങാനാവാതെ വായിച്ചു. നന്നാവുന്നു. കഥയില്ലാത്ത ലോകത്തെ കഥകൾ. ചെറിയ ചെറിയ വലിയകഥകൾ. കാല്പനികത ഉച്ചസ്ഥായി വരെ. സമൂഹത്തിന്റെ ചപലതകൾക്കു നേരെ പടവാൾ. നന്മയുടെ പക്ഷം.

## ■ കത്തുകൾ

പ്രകാശങ്ങൾക്കു മദ്ധ്യം. തിന്മകൾക്ക് മാനസാന്തരം ഭവിക്കട്ടെ. പ്രതികരണശേഷി സമൂഹത്തിൽ വിപുലപ്പെടട്ടെ. മുൻപ് കോഴിക്കോടും കോട്ടയവും കഥാകൃത്തുക്കളുടെ നാടായിരുന്നു. ഇനി പാലക്കാടും അതിന്റെ സങ്കേതമാവാൻ ഏകതത്ത്വ പ്രയോജനപ്പെടും. ആത്മാർത്ഥമായ ഭാവുകം...

പി. സി. രാമകൃഷ്ണൻ
പുതുപരിയാരം. 9946072764

*മറുപടി*

മാതാപിതാക്കളേയും ഭാര്യയേയും മക്കളേയും സംരക്ഷിക്കാത്തവർ, പുകവലിയ്ക്കും മദ്യത്തിനും മയക്കുമരുന്നിനും അടിമയായവർ തുടങ്ങി ജീവിതത്തിൽ നീതി പുലർത്താത്തവർ ഏക തത്ത്വയുമായി സഹകരിക്കേണ്ടതില്ല എന്ന ആശയത്തോട് ചേർന്നുനിന്ന് സഹകരിക്കുന്ന ഓരോ എഴുത്തുകാർക്കും നന്ദി. നിങ്ങളാണ് ഏക തത്ത്വയുടെ ശക്തി. നിങ്ങളുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. നല്ല നല്ല നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും സഹകരണവും തുടർന്നും പ്രതീക്ഷിക്കുന്നു. കുറേ നല്ല അനുഭവങ്ങൾ ഉണ്ടെങ്കിൽ അത് ഗ്രാമത്തിന്റേതായാലും ജീവിതത്തിന്റേതായാലും പംക്തിയായി തുടങ്ങാവുന്നതാണ്. ഏവരും മികവുറ്റ രചനകൾ മാത്രം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. കത്തുകളയച്ച ഏവരോടുമുള്ള പ്രത്യേക നന്ദി അറിയിക്കുന്നു. ധാരാളം രചനകൾ വന്നുകൊണ്ടേയിരിക്കുന്നു. സ്ഥലപരിമിതി മൂലം പല രചനകളും ഉൾപ്പെടുത്താൻ സാധിക്കാതെ പോകുന്നതിൽ ഞങ്ങൾക്ക് വിഷമമുണ്ട്. സഹകരിക്കുക, കാത്തിരിക്കുക. രചനകൾ തീർച്ചയായും പ്രസിദ്ധീകരിക്കപ്പെടും. അല്ലാത്തപക്ഷം ഫോണിൽ വിളിച്ച് അറിയിക്കുന്നതായിരിക്കും. ആയതിനാൽ രചനയോടൊപ്പം പേരും ഫോൺ നമ്പറും നിർബന്ധമായും ചേർക്കുക. ഒന്നിച്ച് കൃതികളയക്കുന്നവർ ഓരോ പേജിലും തന്റെ പേരും ഫോൺ നമ്പറും എഴുതേണ്ടതാണ്. ഇവിടെ ആരുടേതെന്ന് അറിയാത്ത കുറേനല്ല കൃതികൾ കെട്ടിക്കിടക്കുന്നുണ്ട്. ആയതിനാൽ രചയിതാക്കൾ ശ്രദ്ധിക്കുക.

എഡിറ്റർ

## ■ കഥ

# സമ്മാനപ്പെരുമഴ



ജോസഫ് പുതക്കുഴി
9846751749

**വ**യനാട്ടിലെ പുൽപ്പള്ളി സ്കൂളിൽ സഹപാഠിക്കൊരു വീട് എന്ന പദ്ധതിയുടെ നടപ്പിനായി ഒരു സമ്മാന പദ്ധതി പി. റ്റി. എ. കമ്മറ്റിയും സ്കൂൾ മാനേജുമെന്റും കൂടി ആരംഭിച്ചു. കൂപ്പൺ ചിലവാക്കുന്നതനുസരിച്ച് കുട്ടികൾക്ക് കമ്മീഷൻ കിട്ടും. കുട്ടികൾ മത്സരബുദ്ധിയോടെ കൂപ്പണുകൾ വാങ്ങി ചിലവാക്കാൻ തുടങ്ങി.

വയനാട്ടിലെ പുൽപ്പള്ളി ടൗണിൽ നിന്നും നാല് കി.മീ. ദൂരത്തിൽ വലിയകൊല്ലി എന്നൊരു മലമ്പ്രദേശമുണ്ട്. ആ മലയിൽ താമസിക്കുന്ന ചിക്കിണി എന്നുപറയുന്നയാളുടെ മകൾ കമലയ്ക്കാണ് വീട് പണിയുന്നത്. ചിക്കിണിയ്ക്ക് അഞ്ച് മക്കളാണ്. അതിൽ മൂത്ത കുട്ടിയാണ് കമല. ഒൻപതാം ക്ലാസ്സിൽ പഠിക്കുന്നു. മണ്ണ് കൊണ്ടുണ്ടാക്കിയ ഒരു ഒറ്റമുറി വീടാണ്. മേഞ്ഞിരിയ്ക്കുന്നത് കച്ചി കൊണ്ടാണ്. മഴ പെയ്താൽ ചോർന്നൊലിയ്ക്കും. ചിതൽ പിടിച്ച് ഉരുണ്ടുവീഴാറായ പഴക്കം ചെന്ന വീട്. പനിയും ചുമയും കാരണം കമല പല ദിവസങ്ങളിലും ക്ലാസ്സിൽ പോകാറില്ല. ഒരാഴ്ച കമല തുടർച്ചയായി വരാതിരുന്നപ്പോൾ സ്കൂളിലെ അദ്ധ്യാപകർ അന്വേഷിച്ചു ചെന്നപ്പോഴാണ് വീടിന്റെ നിജസ്ഥിതി മനസ്സിലാവുന്നത്.

ചിക്കിണിയുടെ ഭാര്യ ആസ്തമ രോഗിയാണ്. അവരെക്കൊണ്ട് പണിക്കൊന്നും പോവാൻ പറ്റില്ല. ചിക്കിണി ഒരാൾ കൂലിപ്പണിക്കു പോയി കിട്ടുന്ന പണം കൊണ്ടുവേണം ഭാര്യയുടെ ചികിത്സയും മക്കൾ അഞ്ചുപേരുടെ പഠനവും വീട്ടുചിലവുകളും നടക്കാൻ. മഴക്കാലങ്ങളിൽ കൂലിപ്പണി കുറവായിരിക്കും. പല ദിവസങ്ങളും വീട്ടിൽ പട്ടിണിയാവും. സ്കൂളിൽ പോയാൽ ഉച്ചക്കഞ്ഞി കിട്ടുമെന്നതുകൊണ്ട് കുട്ടികൾ സ്കൂളിൽ നിന്നും കഞ്ഞി കുടിയ്ക്കും. കമല അവൾക്ക് കിട്ടുന്ന ഉച്ചക്കഞ്ഞിയിൽ പകുതി കുടിച്ച് പകുതി ചോറ്റുപാത്രത്തിൽ വീട്ടിൽ കൊണ്ടുപോകും. സുഖമില്ലാതെ കിടക്കുന്ന അമ്മയ്ക്ക് കൊടുക്കും. അത് വാങ്ങിക്കുടിക്കുമ്പോൾ ആ അമ്മയുടെ കണ്ണ് നിറയും.

പി.റ്റി.എ. ഭാരവാഹികളുടേയും സ്കൂളധികൃതരുടേയും ഉത്സാഹത്തിൽ വീടുപണി പുരോഗമിച്ചു. സമ്മാനപദ്ധതിയുടെ കൂപ്പൺ ചെലവാക്കലിലൂടെ കുട്ടികളും ആ നാട്ടിൽ നിന്നും അയൽനാട്ടുകളിൽ നിന്നും അങ്ങാടികളിൽ നിന്നും തൊഴിലുറപ്പുതൊഴിലാളികളിൽ നിന്നും എല്ലാം പണം സമാഹരിച്ചു.

കമലയുടെ ക്ലാസ്സിൽ പഠിക്കുന്ന അവളുടെ അയൽക്കാരി കല്യാണിയാണ് ഏറ്റവും കൂടുതൽ കൂപ്പണുകൾ ചെലവാക്കിയത്. കല്യാണിയും ആ മലയോരത്തുതന്നെയാണ് താമസം. വലിയ സാമ്പത്തികശേഷിയൊന്നുമില്ല. അരയേക്കർ തോട്ടമുണ്ട്. അതുകൊണ്ട് കഷ്ടിച്ച് വീട്ടുചെലവ് നടക്കും. കല്യാണിയുടെ അച്ഛൻ കുമാരൻ മലയാളം പ്ലാന്റേഷനിലെ റൈട്ടർ ആണ്.

കൂപ്പൺ വിറ്റ വകയിൽ കമ്മീഷൻ 800 രൂപ കല്യാണിക്ക് കിട്ടി. അവൾ അതുകൊണ്ടുപോയി അവളുടെ പെട്ടിക്കടിയിൽ വെച്ചു. അമ്മയോട് വിവരങ്ങൾ പറഞ്ഞു. അമ്മ പറഞ്ഞു: "നിനക്കൊരു നല്ല കുട

യില്ലല്ലോ മോളെ. ആ പണം കൊണ്ട് നീയൊരു കുട മേടിക്ക്. പിന്നെ നിനക്ക് പഠിയ്ക്കാൻ ഗൈഡ് വാങ്ങണമെന്ന് പറഞ്ഞിരുന്നല്ലോ. അതും വാങ്ങിച്ചോ.'' അവൾ പറഞ്ഞു: ''അച്ഛൻ വരട്ടെ.''

''സഹപാഠിക്കൊരു വീടു പണി പാതിവഴിയിലെത്തിയിട്ടേയുള്ളു. ഇനിയും പണി പൂർത്തിയാവാൻ അഞ്ച് ലക്ഷം രൂപ കൂടി ഉണ്ടാവണം.'' ഹെഡ്മാസ്റ്റർ സ്കൂൾ അസംബ്ലിയിൽ പറഞ്ഞു. കുട്ടികൾ അടുത്ത ദിവസം വരുമ്പോൾ നിങ്ങളുടെ വീടുകളിൽ നിന്നും നിങ്ങളുടെ പറമ്പിലുണ്ടാവുന്ന കാർഷികവിഭവങ്ങളും മുട്ടയും കോഴിയും എന്താണോ നിങ്ങൾക്ക് കൊണ്ടുവരാൻ പറ്റുന്നത് അതുകൊണ്ടുവരിക. എല്ലാം കൊണ്ടുവന്ന് ഇനം തിരിച്ച് നമുക്ക് പുൽപ്പള്ളി ടൗണിലെ ചന്തയിൽ കൊണ്ടുപോയി വിറ്റ് പണം മേടിയ്ക്കാം. ഓരോരുത്തരും അവനവനെക്കൊണ്ട് പറ്റുന്ന വിധത്തിൽ നമ്മുടെ ഈ വീടുപണി പൂർത്തിയാക്കാൻ സഹകരിക്കുക. വളരെ പാവപ്പെട്ട ഒരു കുടുംബത്തെയാണ് നമ്മൾ രക്ഷിക്കാൻ പോവുന്നത്. ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന നിങ്ങളുടെ കൂട്ടുകാരി കമലയ്ക്കും സഹോദരങ്ങൾക്കും വീടു പണിത് കൊടുത്താൽ എന്തുസന്തോഷമായിരിക്കും. പാവപ്പെട്ടവരെ സഹായിക്കുന്നവരെ ഈശ്വരൻ അവരുടെ ആവശ്യസമയത്ത് സഹായിക്കും.'' ഹെഡ്മാസ്റ്ററുടെ പ്രസംഗം കുട്ടികളെല്ലാം ഹർഷാരവത്തോടെ സ്വീകരിച്ചു.

ക്രിസ്തുമസ് അവധിക്കാലത്ത് അമ്മയെ ടൗണിൽ കൊണ്ടുപോയി ഒരു സാരിമേടിച്ചുകൊടുക്കണം. പാവം അമ്മ കീറിയതും തുന്നിയതുമായ വസ്ത്രങ്ങൾ ധരിച്ചാണ് നടക്കുന്നത്. എന്തുചെയ്യാം. അച്ഛന്റെ കൈയിൽ പണമില്ലാത്തതുകൊണ്ടാണല്ലോ അമ്മയ്ക്ക് പുതിയതൊന്നും വാങ്ങിക്കൊടുക്കാത്തത്. അച്ഛൻ ആകെ വിഷമത്തിലാണ്. ഈ സാഹചര്യത്തിൽ ''സഹപാഠിക്കൊരു വീടു''ണ്ടാക്കാൻ തന്റെ വീട്ടിൽ നിന്ന് എന്തുകൊണ്ടുപോയാണ് സ്കൂളിൽ കൊടുക്കുക. കല്യാണിക്ക് ആകെ സങ്കടമായി. അവളുടെ വീട്ടിൽ തേങ്ങയും അടയ്ക്കയും പച്ചക്കറികളും കപ്പയും ചേനയും ചേമ്പുമൊന്നുമില്ല. കോഴിയും മുട്ടയുമില്ല. നാളെയാണ് സാധനങ്ങൾ സ്കൂളിൽ എത്തിക്കേണ്ടത്. അന്നുരാത്രി കല്യാണിയ്ക്ക് ഉറക്കം വന്നില്ല.

ഒരു പുതിയ തീരുമാനവുമായി അവൾ ഉണർന്നെണീറ്റു. തനിക്ക് സമ്മാനപദ്ധതി കൂപ്പൺ വിറ്റുകിട്ടിയ കമ്മീഷൻ 800 രൂപ സ്കൂളിൽ കൊടുക്കുക. അവളുടെ ഇളം മനസ്സിൽ വല്ലാത്തൊരു വിങ്ങൽ. അമ്മയ്ക്കുവേണ്ടി കാത്തുസൂക്ഷിച്ചുവെച്ച പണം. തന്റെ ജീവിതത്തിലെ ആദ്യത്തെ സമ്പാദ്യം. അതിൽ നിന്നും ഒരു പൈസ പോലും അവൾ എടുത്തിട്ടില്ല. പലപ്പോഴും കൂട്ടുകാർക്കൊക്കെ ഐസ്ക്രീമോ ചോക്ലേറ്റോ ഒക്കെ മേടിച്ചുകൊടുത്താലോ എന്നവൾ ആലോചിച്ചതാണ്. അപ്പോഴൊക്കെ അവളുടെ മനോമുകുരത്തിൽ അമ്മയുടെ വാടിയ മുഖം തെളിഞ്ഞുവന്നു. വേണ്ട ഒരു പൈസയും അതിൽ നിന്നെടുത്ത് ചെലവാക്കാൻ പാടില്ല. അവളുടെ മനസ്സ് അവളെ വിലക്കി.

തന്റെ കൂട്ടുകാരി കമലയ്ക്ക് നല്ലൊരു വീടുണ്ടാവട്ടെ. അവളുടെ ഇളയത്തുങ്ങളും എത്ര കഷ്ടപ്പെട്ടിട്ടായിരിക്കും ചോർന്നൊലിയ്ക്കുന്ന ആ ഒറ്റമുറി വീട്ടിൽ കഴിയുന്നത്. കഴിഞ്ഞ മാസത്തിലൊരുനാൾ അവൾ ക്ലാസ്സിൽ കൊണ്ടുവന്ന പുസ്തകങ്ങളും നോട്ടുബുക്കുകളും രാത്രി മഴയിൽ നനഞ്ഞുകുതിർന്നിരുന്നു. ഉണങ്ങാതിട്ടുകൊണ്ടുവന്ന അവളുടെ പാവാടയും ജാക്കറ്റിനും വല്ലാത്ത ഒരു കെട്ട മണം. ഉടുതുണിയ്ക്ക് മറുതുണി ഇല്ലെങ്കിലെന്തുചെയ്യും പാവം.

സ്കൂളിൽ സാധനങ്ങൾ കൊണ്ടുവന്നു കുന്നുകൂട്ടി. ഒരുപാട് സാധനങ്ങൾ. കാർഷികവിഭവങ്ങളും കോഴിയും മുട്ടയും പച്ചക്കറികളും കൂട്ടത്തിൽ ഒരാട്ടിൻകുട്ടിയും. ഹെഡ്മാസ്റ്റർ അസംബ്ലിയിൽ കുട്ടികളുടേയും രക്ഷിതാക്കളുടേയും നല്ല മനസ്സിന് നന്ദി പറഞ്ഞു. പണം കൊണ്ടുവന്നവർ അസംബ്ലി കഴിഞ്ഞ് ഓഫീസിലേക്ക് കൊണ്ടുവരാൻ അദ്ദേഹം കുട്ടികൾക്ക് നിർദ്ദേശം കൊടുത്തു.

ഹാജർ എടുത്തശേഷം ക്ലാസ്സ് ടീച്ചറോട് വിവരം പറഞ്ഞു കല്യാണി ഹെഡ്മാസ്റ്ററെ കാണാൻ പോയി. അവൾ പറഞ്ഞു. ''ഞാൻ സമ്മാനപദ്ധതിയുടെ കൂപ്പൺ വിറ്റുകിട്ടിയ പണം 800 രൂപ കൊണ്ടുവന്നിട്ടുണ്ട്. അതിൽ നിന്നും ഒരു പൈസയും ഞാൻ എടുത്തിട്ടില്ല.'' നൂറിന്റെ എട്ടു നോട്ടുകൾ അവൾ വെച്ചുനീട്ടുമ്പോൾ അവളുടെ ഉള്ളം പിടഞ്ഞു. ആ പിടച്ചിൽ കൈകളിലുമെത്തി. ''അപ്പോൾ ഇതിൽ നിന്നും ഒരു പൈസയും നിനക്കുവേണ്ടേ ? നിനക്ക് ആവശ്യങ്ങളൊന്നുമില്ലേ ?'' ഹെഡ്മാസ്റ്റർ ചോദിച്ചു. ''ആവശ്യങ്ങളില്ലാഞ്ഞിട്ടല്ല സാർ. എന്റെ കൂട്ടുകാരിയ്ക്ക് ഒരു നല്ല വീടുണ്ടാവണം. അതെന്റേയും കൂടി ഒരു സ്വപ്നമാണ്.''

''കൊള്ളാം നിന്റെ വലിയ മനസ്സിന് ഈശ്വരൻ പ്രതിഫലം തരട്ടെ.'' അവൾ ക്ലാസ്സിലേക്ക് പോയി. അവൾ ക്ലാസ്സിൽ കയറിയപ്പോൾ ക്ലാസ്സ് ടീച്ചർ അവളെ അഭിനന്ദിച്ചു. കുട്ടികൾ അവൾക്ക് നീണ്ട കൈയ്യടി കൊടുത്തു. അടുത്ത ദിവസം സ്കൂൾ അസംബ്ലിയിൽ ഹെഡ്മാസ്റ്റർ അവളുടെ പേരെടുത്ത് പറഞ്ഞ് അഭിനന്ദിച്ചു. കുട്ടിക്ക് സ്കൂൾ വാർഷികത്തിൻ നാൾ പ്രോത്സാഹനസമ്മാനവും നൽകുമെന്നറിയിച്ചു.

കല്യാണിയെ പോലെ കൂപ്പൺ ചെലവാക്കി കമ്മീഷൻ വാങ്ങിയ മിക്ക കുട്ടികളും മിഠായിയും സിപ്പപ്പും ഐസ്ക്രീമും ജ്യൂസുമൊക്കെ വാങ്ങി പണം തീർത്തു. കല്യാണിയെപ്പോലെ ആരും കിട്ടിയ തുക മുഴുവൻ ഫണ്ടിലേക്ക് സംഭാവന നൽകിയില്ല. ആ സ്കൂളിൽ കാനഡയിൽ ജോലി ചെയ്യുന്ന ഒരു കമ്പനി മാനേജരുടെ മകൾ പഠിക്കുന്നുണ്ടായിരുന്നു. ഹെഡ്മാസ്റ്റർ അസംബ്ലിയിൽ പറഞ്ഞ കാര്യം അവധിയിൽ നാട്ടിൽ വന്ന അച്ഛനോട് അവൾ പറഞ്ഞു: ''അതൊരൽഭുതമായിരിക്കുന്നല്ലോ. ഇങ്ങനെത്തെ കുട്ടികൾ ഈ കാലഘട്ടത്തിലുമുണ്ടോ ?'' അച്ഛൻ മകളുടെ നേരേ നോക്കി. ''ഉണ്ടച്ഛാ കല്യാ

ണി എന്നാ ആ കുട്ടീടെ പേര്.''

"കൊള്ളാം. നല്ല മനസ്സിനുടമയായ ആ കുട്ടിയെ എനിക്കൊന്നു കാണണം. ഞാൻ വരുന്നുണ്ട് നിന്റെ സ്കൂൾ വാർഷികത്തിന്.''


"അവൾക്ക് വാർഷികത്തിന്റെ അന്ന് സമ്മാനം കൊടുക്കുമെന്ന് ഹെഡ്മാസ്റ്റർ പറഞ്ഞിട്ടുണ്ട്.''

വാർഷിക ദിവസം സ്കൂൾ വാർഷികം ഉദ്ഘാടനം ചെയ്യാനെത്തിയ പ്രശസ്ത സിനിമാനടി മഞ്ജുവാരിയർ ആണ് കുട്ടികൾക്ക് സമ്മാനദാനം നിർവ്വഹിച്ചത്. സമ്മാനദാനച്ചടങ്ങിന്റെ അവസാനം മഞ്ജുവാര്യർ പറഞ്ഞു: "ഇത്രയും സ്വഭാവശുദ്ധിയുള്ള, വലിയ മനസ്സുള്ള കല്യാണിയെന്ന ഈ സ്കൂളിന്റെ അഭിമാനമായ പൊന്നോമനയെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.'' മഞ്ജു കല്യാണിയെ കെട്ടിപ്പിടിച്ച് അവളുടെ രണ്ടു കവിളിലും മാറി മാറി ഉമ്മ കൊടുത്തു. അനിർവചനീയമായ ഒരു ആനന്ദലഹരിയിൽ കല്യാണി മുഴുകി. മഞ്ജു തുടർന്നു: "അടുത്ത വർഷം മുതൽ കല്യാണിയെന്ന നിങ്ങളുടെ ഈ കൂട്ടുകാരിയെ പ്ലസ് ടു പഠനം കഴിയുന്നതുവരെ ഞാൻ ഏറ്റെടുക്കുന്നു. അവളുടെ എല്ലാ വിദ്യാഭ്യാസ ചെലവുകളും ഞാൻ നിർവ്വഹിക്കുന്നതാണ്.''

സദസ്സിൽ നീണ്ട കരഘോഷം മുഴങ്ങി. കല്യാണി സ്റ്റേജിൽ നിന്നിറങ്ങാൻ തുടങ്ങുമ്പോൾ ഹെഡ്മാസ്റ്റർ പറഞ്ഞു: "കല്യാണി പോകാൻ വരട്ടെ. കല്യാണിക്കുള്ള സമ്മാനങ്ങൾ തീർന്നിട്ടില്ല. കാനഡയിൽ നിന്ന് അവധിക്ക് നാട്ടിൽ വന്ന നമ്മുടെ ഒരു രക്ഷിതാവ് കല്യാണിയുടെ കഥയറിഞ്ഞ് ഒരു തുക കല്യാണിക്ക് നൽകാൻ എന്നെ ഏൽപ്പിച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപ. ഈ പാരിതോഷികം സ്കൂളിന്റെ അഭിമാനമായ കല്യാണിക്കുട്ടിക്ക് നൽകുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.'' കുട്ടിയെ ചേർത്തുനിർത്തി ഒരു പൊതി അവളുടെ കൈയിൽ വെച്ചുകൊടുത്തു. സന്തോഷം കൊണ്ട് നിറഞ്ഞ കണ്ണുകളുമായി അവൾ അച്ഛന്റെ അടുത്തേക്കോടി. ആ പൊതി അവൾ അച്ഛനെ ഏൽപ്പിച്ചു. ●



# നിയമത്തിന്റെ വഴികൾ; ദൈവത്തിന്റേയും



**പ്രകാശൻ ചുനങ്ങാട്**
**9447278230**

**ച**ന്ദ്രനഗർ ഹൗസിങ്ങ് കോളനിയിൽ അച്ഛന്റെ അമ്മയോടൊപ്പമാണ് ഐശ്വര്യ എന്ന പെൺകുട്ടിയുടെ താമസം. അച്ഛനും അമ്മയും ഖത്തറിലായിരുന്നെന്നാണ് സീനിയർ മാനേജർ രാമനാഥന്റെ ഓർമ്മ.

ഐശ്വര്യയുടെ അമ്മ സുൽത്താന്റെ ആശുപത്രിയിൽ സ്റ്റാഫ് നഴ്സ്. അച്ഛൻ ഒരു പ്രൈവറ്റ് കമ്പനിയിൽ. ഐശ്വര്യ പ്ലസ് ടു പാസ്സായി. പന്തളത്തിനടുത്തുള്ള ഒരു സ്വാശ്രയ എഞ്ചിനീയറിങ്ങ് കോളേജിൽ സീറ്റു പറഞ്ഞുവെച്ചിട്ടുണ്ട്. ഒരു മാസം കഴിയുമ്പോൾ അച്ഛനും അമ്മയും നാട്ടിൽ വരും. മകളെ കോളേജിൽ ചേർത്ത്, ഹോസ്റ്റലിലാക്കിയിട്ടേ അവർ തിരിച്ചു പോകൂ.

പക്ഷേ ഐശ്വര്യയുടെ അമ്മയുടെ മരണം പെട്ടെന്നായിരുന്നു. എന്താണസുഖം എന്നു ഡോക്ടർമാർ തിരിച്ചറിഞ്ഞു വന്നപ്പോഴേക്കും അവർ പോയി. അത്യാധുനിക ചികിത്സാ സൗകര്യങ്ങളുള്ള ഹോസ്പിറ്റൽ. എന്നിട്ടും ഐശ്വര്യയുടെ അമ്മയുടെ ജീവൻ രക്ഷിക്കാനായില്ല. എല്ലാ ദു:ഖവും ഉള്ളിലൊതുക്കി, പ്രിയപ്പെട്ടവളുടെ ബോഡിയുമായി ഐശ്വര്യയുടെ അച്ഛൻ നാട്ടിലേക്കു വിമാനം കയറി.

ഐശ്വര്യയുടെ അമ്മയുടെ സംസ്കാരം കഴിഞ്ഞു. സങ്കടപ്പെട്ടിരിക്കാൻ സമയമില്ല. മകളെ എഞ്ചിനീയറിങ്ങിനു ചേർക്കണം. അവളേയുംകൊണ്ട് പന്തളത്തേക്കു പോകാനൊരു ദിവസം നിശ്ചയിച്ചു. പോകുന്നതിന്റെ തലേന്ന്, ഒരത്യാവശ്യകാര്യത്തിന് തൃശൂർക്കു പോകേണ്ടിവന്നു, ഐശ്വര്യയുടെ അച്ഛന്. ഒരു റെന്റെ കാറ് വാടകക്കെടുത്തു. പാലക്കാട്-തൃശൂർ ഹൈവേ. റോഡിൽ അവിടവിടെ ആഴമുള്ള കുഴികൾ രൂപപ്പെട്ടിട്ടുണ്ട്; ആലത്തൂരുവരെ പ്രത്യേകിച്ചും. കുഴൽമന്ദത്തുവെച്ച് റോഡിനു നടുവിലുള്ള സാമാന്യം വലിയൊരു കുഴി കൺമുന്നിൽ! ഐശ്വര്യയുടെ അച്ഛൻ പെട്ടെന്ന് കാറു വലത്തോട്ടു വെട്ടിച്ചു. എതിർദിശയിൽ നിന്ന് പാഞ്ഞുവരികയായിരുന്ന ഒരു ഭീമൻകാറുമായി ഹെഡ്ലോങ്ങ് കൊളീഷൻ. ഭീമന് വലിയ പരിക്കൊന്നും പറ്റിയില്ല. ഐശ്വര്യയുടെ അച്ഛന്റെ കാറിന്റെ മുൻഭാഗം പപ്പടംപോലെ പൊടിഞ്ഞു. ഡോറു വെട്ടിപ്പൊളിച്ചാണ് അയാളെ പുറത്തെടുത്തത്. ആലത്തൂരെ ആശുപത്രിയിലെത്തിയില്ല; അതിനുമുമ്പേ എല്ലാം കഴിഞ്ഞു. പോക്കറ്റിൽ അഡ്രസ്സും ലാന്റ്ഫോൺ നമ്പറുമുണ്ടായിരുന്നത് ഭാഗ്യമായി. അജ്ഞാതശവമായി, തണുത്തു വിറച്ച്, മോർച്ചറിയിൽ കിടക്കേണ്ടിവരില്ലല്ലോ.

നാളെ പന്തളത്തേക്കു പോകേണ്ട ഒരുക്കത്തിലായിരുന്നു ഐശ്വര്യ. അപ്പോൾ ഫോൺ ശബ്ദിച്ചു. ഐശ്വര്യ ഫോണെടുത്തു.

മറുതലയ്ക്കൽനിന്നു കേട്ടത് പൊള്ളിക്കുന്ന വാർത്തയായിട്ടും ഐശ്വര്യ നിസ്സംഗയായി നിന്നു.

"ഏതാ ഹോസ്പിറ്റൽ?''

മറുതലയ്ക്കലുള്ളയാൾ ആശുപത്രിയുടെ പേരു പറഞ്ഞു.

"ശരി. ഞങ്ങളുടനെ എത്താം.''

അടുക്കളയിലായിരുന്ന അച്ഛമ്മ വിളിച്ചുചോദിച്ചു:

"ആരാ മോളേ. എന്താ വിശേഷം?''

"അച്ഛൻ പോയി അച്ഛമ്മേ''

"എവിടയ്ക്ക്?''

"അമ്മേടെ അടുത്തേക്ക്''

അച്ഛമ്മ ബോധംകെട്ടുവീണു.

കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കുന്നില്ല. എഞ്ചിനീയ

റിങ്ങ് കോളേജിൽ ഐശ്വര്യക്ക് ഒരു സീറ്റ് മാറ്റിവെച്ചിട്ടുണ്ട്. ഇതിനിടെ കുട്ടിയുടെ അമ്മ മരിച്ചു; പിറകേ അച്ഛനും. ഇക്കാര്യങ്ങൾ കോളേജധികൃതർക്കറിയാം. അഡ്മിഷൻ ക്ലോസു ചെയ്തിട്ടും അവർ കരുണ കാണിച്ചു. എങ്കിലും അഡ്മിഷൻ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. ഈ തീയതിക്കു മുമ്പ് കോളേജിൽ ഹാജരാകണമെന്ന് അവസാനത്തെ അറിയിപ്പു വന്നു.

സ്വാശ്രയകോളേജാണ്. ക്യാപിറ്റേഷൻ ഫീ അടയ്ക്കണം. മറ്റു ചിലവുകൾ. വലിയൊരു തുക വേണ്ടിവരും. അമ്മയുടേയും അച്ഛന്റേയും പേർക്കുള്ള എൻ.ആർ.ഇ. എസ്ബി അക്കൗണ്ടിൽ ആവശ്യത്തിനുള്ള ബാലൻസുണ്ട്. അക്കൗണ്ട് പാലക്കാടു ടൗണിലുള്ള മറ്റൊരു ബാങ്കിലാണെന്നു മാത്രം. ഫിക്സഡ് ഡെപ്പോസിറ്റുകൾ വേറെ. അതേ ബാങ്കിൽത്തന്നെ.

മരണസർട്ടിഫിക്കറ്റും അനന്തരാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കിയാലേ എസ്ബി ബാലൻസും ഫിക്സഡ് ഡെപ്പോസിറ്റുകളും ഐശ്വര്യയുടെ പേർക്കു മാറ്റാനാകൂ. അനന്തരാവകാശ സർട്ടിഫിക്കറ്റിനുവേണ്ടി മാസങ്ങൾ കാത്തിരിക്കേണ്ടിവരും.

എങ്കിൽ, ഒരു വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്ന് ഐശ്വര്യക്കുവേണ്ടി അച്ഛമ്മ അപേക്ഷ സമർപ്പിച്ചു.

അതു ശരിയാവില്ലെന്ന് ബാങ്ക് കൈമലർത്തി. ഐശ്വര്യ ഇപ്പോഴും മൈനറാണ്. ആരാണ് കുട്ടിയുടെ രക്ഷിതാവ് ? അച്ഛന്റെ അമ്മയാണെങ്കിൽ, കോടതി അവരെ രക്ഷിതാവായി നിയമിക്കേണ്ടിയിരിക്കുന്നു. അച്ഛമ്മയ്ക്കു സ്വന്തമായി വരുമാനം വല്ലതും? തെളിവുണ്ടോ?

ഈ അവസ്ഥയിലാണ് ഐശ്വര്യയുടെ അച്ഛമ്മയ്ക്ക് കോളനിയിൽത്തന്നെയുള്ള ബാങ്കിനെ ഓർമ്മവന്നത്. ബാങ്കിൽ അച്ഛമ്മയ്ക്ക് നാമ മാത്രമായി ഒരു എസ്ബി അക്കൗണ്ടുണ്ട്.

അവരുടെ പരിദേവനം കേട്ടുകഴിഞ്ഞപ്പോൾ രാമനാഥന്റെ മനസ്സു പിടച്ചു. ഐശ്വര്യ, സമീപഭാവിയിൽ ലക്ഷപ്രഭ്വിയാകുമെന്ന് നിയമം പറയുന്നു. എന്തു ഫലം! കുട്ടിയുടെ ഇന്നത്തെ അവസ്ഥയോ, കഷ്ടാൽ കഷ്ടതരം. താമസിക്കുന്ന വീടു പണയപ്പെടുത്താമെന്നാണെങ്കിൽ, അമ്മയ്ക്കും മരിച്ചുപോയ മകനും വസ്തുവിൽ തുല്യാവകാശം. ഏതിനും അനന്തരാവകാശ സർട്ടിഫിക്കറ്റിനുവേണ്ടി കാത്തിരിക്കണം.

എന്തും വരട്ടെ എന്നു മനസ്സിലുറപ്പിച്ച് രാമനാഥൻ ഐശ്വര്യക്ക് വിദ്യാഭ്യാസ ലോൺ അനുവദിച്ചു. അച്ഛമ്മയെ ഗാർഡിയനാക്കി.

സ്ഥലംമാറ്റം കിട്ടി രാമനാഥൻ പാലക്കാടിനോടു വിടപറഞ്ഞു.

വർഷങ്ങൾക്കുശേഷം രാമനാഥൻ, ബ്രാഞ്ചിലിപ്പോഴുമുള്ള പഴയ സഹപ്രവർത്തകയോടന്വേഷിച്ചു :

“ഐശ്വര്യുടെ എജുക്കേഷണൽ ലോൺ?”

അതെപ്പൊഴേ അടച്ചുതീർത്തല്ലൊ. ആ കുട്ടി എഞ്ചിനീയറിങ്ങ് പാസ്സായി. നല്ലൊരു ജോലി കിട്ടി. ഇപ്പോൾ എറണാകുളത്തുണ്ട്. ഇടയ്ക്ക് ബ്രാഞ്ചിൽ വരും. സാറിനെ ചോദിക്കാറുണ്ട്”

രാമനാഥനു സന്തോഷമായി. സന്തോഷം പഴകിത്തേഞ്ഞൊരു വാക്കാണെങ്കിലും, മറ്റേതൊരു പദമുണ്ട് അതിനു പകരം വെക്കാനായിട്ട് !

●

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# ഇരുട്ട്

ഹരി കെ. പുരക്കൽ
9995698825

അന്ധകാരം കണ്ടന്തിച്ച്
നിൽക്കുമ്പോൾ
അമ്മതൻനേത്രങ്ങളെൻകാഴ്ചയായ്
പിച്ചവെച്ചനാൾ എത്ര കൊതിച്ചു
ലോകമീകാൽക്കീഴിലാക്കാൻ.

യാഗാശ്വമായികുതിച്ചു
കാൽക്കീഴിലെത്രഞെരിഞ്ഞമർന്നു
മാതൃത്വമിവിടെ തകർന്നുടഞ്ഞു
മാറിടം തുളുമ്പും ചുടുചോരയാൽ

മാറോട് ചേർന്നൊരാകുഞ്ഞിളം
പൈതൽ
ദാഹജലത്തിനായ് യാചനയായ്
മുലപ്പാലെന്നുനിനച്ചു
ചുടുചോരനൊട്ടിനുണച്ചു

മതതീവ്ര രാഷ്ട്രീയ കോമരങ്ങൾ
ഉടവാളുമേന്തി ഉറഞ്ഞുതുള്ളി
കബന്ധങ്ങൾ വീഴുന്ന തെരുവീഥികൾ
വിലപിച്ചുവീഴുന്നു ഗാന്ധാരിമാർ

ഗീതയിവിടെചിതലരിക്കുന്നു
കത്തിയെരിയുന്നു ഖുറാനും
പാടെ മറക്കുന്നു ബൈബിളും
ചിറകറ്റുവീഴുന്നുമാനുഷികമൂല്യങ്ങൾ


അന്ധകാരം കണ്ടന്തിച്ചു നിൽക്കുന്ന
അന്തമില്ലാത്തൊരു ലോകം
അന്ധതയോ അന്ധകാരമോ...?
അല്ല... മാനവനുള്ളിലെ ഇരുട്ട്.

# രതി...

സൂര്യ
9447977319

കരിനാഗത്തിന്റെ
ഉടലാകെ തീ പടർന്നു.
നാളേറെ കാത്തിരുന്ന കാർമുകിൽ
ഉടലിൽ ചുറ്റി പെയ്തിറങ്ങി.
ദാഹം തീർത്ത്
കരിനാഗം ചുണ്ട് തുടച്ചു.
തീയുടെ
ശേഷിപ്പുണ്ടോയെന്നറിയാൻ,
കാർമുകിൽ കണ്ണുകൾ കൊണ്ട്
തൊട്ടു നോക്കി.
കനലെരിഞ്ഞു തീർന്ന ശ്മശാന
ഗന്ധം അന്തരീക്ഷത്തിൽ പടർന്നു.
പെയ്ത്ത് മോഹം തീരാതെ,
കാർമുകിൽ വീണ്ടും
ഉരുണ്ടു കൂടി...

# പുതുച്ചൊല്ലുകൾ



സൈനുദീൻ മുണ്ടക്കയം
9947253006

1. പണ്ടൊരാൾ എപ്പഴോ ചായ വിറ്റു-
ഇന്നയാൾ വില്ക്കുന്നു ഛായ മാത്രം.

2. കണ്ണുതട്ടി എന്നുപറഞ്ഞാൽ
കണ്ണ്, കല്ലോ കാഞ്ഞിരക്കുറ്റിയോ അല്ലല്ലൊ !!

3. ഘടികാര സൂചി നിശ്ചലമാകിലും-
നിലയ്ക്കില്ല, സമയമതോടുന്നുവേഗം.

4. കള്ളച്ചൂത് കളിപ്പവരോർക്കും
കാലം തങ്ങടെ കാൽക്കീഴിൽ !!

5. ജനങ്ങളാൽ തോൽപ്പിക്കപ്പെട്ടപ്പോൾ മന്ത്രിയായി
തെരഞ്ഞെടുപ്പിൽ വിജയിച്ചവർ നോക്കൂത്തി.

6. അങ്ങനെ അമ്മയെ ഓർക്കാൻ
ഒരുദിനം അനുവദിച്ചുകിട്ടി - 'മെയ് 12'.

7. വാക്കിൽ 'വസുദൈവ കുടുംബകം'
ചൊല്ലിച്ചൊല്ലി 'കൊടുംപക'യായി;
മാലോകർ തമ്മിലടിക്കുമ്പോൾ
വസുദേവൻ ചിരിക്കുന്നു.

8. ബാങ്കിൽ നിന്ന് കടം കൊള്ളുന്നോർ-
ഓർക്കുക നിങ്ങടെ പേരിനൊപ്പം,
അംബാനിയദാനിമോദിയെന്ന്-
ചേർത്താൽ സ്വൈരത വന്നുചേരും.

9. പ്രാണിയെന്ന് പറഞ്ഞിട്ടെന്താ
പ്രാണനെടുക്കാനതു മതിയല്ലൊ.

10. ജാതിവീര്യം കനക്കുന്നു നിത്യേന-
ജാതിയില്ലെന്നുചൊന്നവർ വെട്ടിലായ്
ജാതി ചൊല്ലാതെ ജീവിതമില്ലെന്നു-
ജാതിപ്രേമികൾ ഘോഷിപ്പുമേൽക്കുമേൽ !!

11. അജ്ജാതിയിജ്ജാതിയെജ്ജാതി മനുഷ്യരാ-
ണിജ്ജീവിലോകത്തു കാണ്മതുമത്ഭുതം !!

12. ആത്മപരിശോധനയ്ക്ക് ഡോക്ടർ വേണ്ട-
അവനോൻ നിരീച്ചാലത് നടക്കും.

13. മതം വിതച്ച്, ദൈവത്തെ വിളയിച്ച്,
മുതലാളി കൊയ്തത് നൂറുമേനി !!

14. ഇന്നലെ പറഞ്ഞതുകാര്യമായെടുക്കേണ്ട
നാളെയതു മാറ്റി പറഞ്ഞുപോകും.

15. വിനയം കൊണ്ടല്ല തല താഴ്ന്നത്
കാലിൽ കുത്തിയ മുള്ളെടുക്കാൻ.

16. രക്ഷകനാകാമെന്ന് പറഞ്ഞോൻ
രാക്ഷസനാകും സൂക്ഷിക്കാം.

17. നുണയന്മാർ, ധിക്കാരി, തെമ്മാടികൾ-
നേതാക്കളാവത് നാടിൻ ദോഷം.

18. ഭിക്ഷാംദേഹിയാണെന്ന് ചൊല്ലി,
പക്ഷം പിടിച്ചേതും കൈക്കലാക്കും;
കഷ്ടത്തിലാക്കും ജനത്തെയെല്ലാം
ദുഷ്ടന്മാരാണവരെന്നറിക.

19. കഷ്ടപ്പെട്ടുനേടിയത് പലതും നഷ്ടപ്പെട്ടു
ഇഷ്ടപ്പെട്ടോർ പലരും കയ്യും വിട്ടു.

20. ചേലയുടുക്കാനറിയാത്തോരുടെ
ശീലക്കേടുകൾ കേട്ടുമടുത്തു.

21. കാര്യം നേടാൻ വാഗ്ദാനം
കാര്യം നേട്യാൽ പാഴ്‌വാക്ക്.

22. പടിവന്ദനത്തോടെ പിടിമുറുക്കി
ഐ. പി. സി. വന്ദിച്ചു, ഇനി പുല കുളിക്കും.

23. ആശയ്ക്ക് വഴിയില്ലെന്നാരോ ചൊല്ലി
അവൾക്കില്ലേലെനിയ്ക്കെന്താണെന്ന ചിന്ത !!

24. അയ്യനെ വീഴ്ത്താനിറങ്ങിയ കൂട്ടർ
അയ്യോയെന്നു വിളിച്ചുകരഞ്ഞു.

25. മെയ്യാണെന്ന് നിനച്ചത് പലതും
പൊയ്യാണെന്ന് ഫലത്തിലറിഞ്ഞു.

26. സ്വന്തം മക്കടെ കയ്യിലിരുപ്പ്
പെറ്റമ്മയ്ക്കും പിടികിട്ടില്ല.

27. ഉള്ളിലിരിപ്പുകളയറിയണമെങ്കിൽ
ഉള്ളി പൊളിച്ചു തുടങ്ങണമിപ്പോൾ.

28. വള്ളത്തിന്റെ വക്കിലിരുന്നാൽ
വെള്ളത്തിന്റെ ആഴമളക്കാം, ദാഹോം തീർക്കാം.

29. കച്ചോടക്കാരന്റെ നോട്ടമെല്ലാം
മുച്ചൂടും ലാഭത്തിലാണ് പൊന്നേ !!

30. വാഗ്ദാനങ്ങൾക്കൊരു ലോപവുമില്ല,
ലോഭമാണുദ്ദേശമെന്നറിക.

31. കാലുമാറുന്ന രാഷ്ട്രീയക്കാർ
വഞ്ചകരവരെ നമ്പരുത്.

32. എല്ലാം ഞാനിങ്ങെടുക്കുവാന്നായ്
വല്ലാതൊന്നുപകച്ചുപോയ് കേട്ടവർ;
എടുക്കാനാഞ്ഞോനു കിട്ടിയില്ല
കണ്ടുനിന്നോനതുകൊണ്ടും പോയ്.

33. ജാതിയേതാകിലെന്താണ് സോദരാ
ഭൂമിയിലേക്കെത്താൻ 'വഴി' ഒന്നേയൊന്ന്.

34. ഏതുതലത്തിലിരിപ്പവനാകിലും
ഔന്നത്യം സ്വന്തം സ്വഭാവത്തിൽ.

35. ഉച്ചനീചത്വമളക്കുന്ന തോതുകൾ
ആരു നല്കീ നിനക്കെന്റെ സ്നേഹിതാ !!

36. ഷോയെ തുണച്ചതു ഷാ-
ഷായെ 'ഷോ' ആക്കിയത് ഷാഷോയോ ?


37. സ്വാതന്ത്ര്യത്തെ ഹനിക്കരുതാരുമേ-
സാഹോദര്യം നിലനിർത്തിവാഴുക.

38. മേൽജാതി കീഴ്ജാതിയെന്നൊന്നുമില്ലെടോ
മൂല്യമുള്ളോരു മനുഷ്യസമൂഹത്തിൽ.

39. അന്യന്റെ മേലാധിപത്യത്തിനായ്
അവനെയധമനായ് നീ വിധിച്ചു;
സൃഷ്ടികർത്താവിനില്ലല്ലൊ ഭേദവും.
നീയുമവനും സമസൃഷ്ടിയല്ലൊ.

40. സൃഷ്ടിയെ സ്രഷ്ടാവായ് നീ ഗണിച്ചാൽ
സ്രഷ്ടാവിനെന്തു പ്രസക്തിയീ ഭൂമിയിൽ !!

■ കവിത




**അജയ് ബാലചന്ദ്രൻ**
**9895659050**


# 'ദുഃഖം ബാധിക്കയില്ല നൂനം'

തീയിലായ് തൊട്ടു കൈപൊള്ളിയൊരാപൈതൽ
വീണ്ടുമാ തീതൊട്ടു ഒരിക്കൽമാത്രം,
ആ ചൂടിന്നാധാരം എന്തെന്നറിഞ്ഞ നാൾ,
ആ തീയ്ക്കു തൻകൈകളെ
പൊള്ളിക്കാനരുതെന്നറിഞ്ഞ നാൾ.
ഊർജ്ജമായ് വർത്തിച്ചതെന്നുമൊരൊറ്റവരി,
കുചേല കഥകളിപ്പദത്തിൻ പൊരുളാം വരി,
'ദുഃഖം ബാധിക്കയില്ല നൂനം'.
വേണ്ടിവന്നൂ ലങ്കാവാസം പവനതനയനും,
തിരികൊളുത്തീ തവ വാലിലെന്നാകിലും,
താപം സ്പർശിച്ചതില്ല തെല്ലും.
'ദുഃഖം ബാധിക്കയില്ല നൂനം'

■ലേഖനം

# പഴയ മൊഴികൾ


**പി. സി. രാമകൃഷ്ണൻ**
**പുതുപ്പരിയാരം**
**9946072764**


**പു**രാതന കാലത്ത് പഴമക്കാർ ആരോഗ്യപ്രദമായ ജീവിതം നയിക്കുന്നതിനു വേണ്ടി നിർദ്ദേശിക്കപ്പെട്ട ചില മൊഴിമുത്തുകൾ താഴെ കൊടുക്കാം.

*നന്നാവാനും ഒന്ന്*
*നശിക്കാനുമൊന്ന്.*

ആദ്യത്തേത് ലക്ഷ്യ ബോധവും, രണ്ടാമത്തേത് അലക്ഷ്യബോധവും, അശ്രദ്ധയും.

*1. ദിവസത്തിൽ രണ്ട്*
*2. ആഴ്ച്ചയിൽ രണ്ട്*
*3. മാസത്തിൽ രണ്ട്*
*4. വർഷത്തിൽ രണ്ട്*

ഒന്നാമത്തേത് മലമൂത്രവിസർജ്ജനം. ദിവസത്തിൽ രണ്ടുനേരം പ്രാപ്തമാക്കിയാൽ ശ്രേഷ്ഠമാണ്.

രണ്ടാമത്തേത് നിത്യേനേയുള്ള കുളികൾക്കുപുറമെ അഭംഗ്യ സ്നാനം അഥവാ പ്രകൃതിദത്തമായ തൈലങ്ങൾ പുരട്ടിയ തേച്ചുകുളി. കുളവും, പുഴയും നാമാവശേഷമായതിനാൽ വീട്ടിൽ തന്നെയാവാം.

മൂന്നാമത്തേത് മാസത്തിൽ രണ്ടു ദിവസം, പഴവർഗ്ഗങ്ങളും ജൂസും മാത്രം സേവിച്ചു കൊണ്ടുള്ള ഉപവാസമിരിക്കൽ. അഥവാ ദൈവത്തോട് ചേർന്നിരിക്കൽ. അഹിംസ വളരെ പ്രധാനം. പ്രപഞ്ചമാതാവിനോട് നന്ദി പറയുക. പ്രാണശക്തിയെ സംരക്ഷിക്കുക.

നാലാമത്തേത് പ്രായപൂർത്തിയായവരാണെങ്കിൽ സ്ത്രീ സമാഗമം വർഷത്തിൽ രണ്ടുതവണ മാത്രം. ആധുനിക ലോകത്ത് ഇതിന്റെ പ്രായോഗികത നിരീക്ഷിക്കാം. കാമക്രോദമോഹമദമാത്സര്യങ്ങൾ അസൂയ അഹംഭാവം എന്നീ അഷ്ടദോഷങ്ങളിലൊന്ന്. ഗാന്ധിയുടെ ചിന്തയിൽ വംശവർദ്ധനവിന് മാത്രം. ഇതിനെല്ലാം പുറമെ സാത്വികാഹാരം സാത്വികം, രാജസം, താമസികം. രണ്ടുനേരം മാത്രം ഭുജിച്ച് സേവനതല്പരരായി, സന്തോഷപൂർവ്വം ജീവിക്കാവുന്നതാണ്.

സാത്വിക ഭോജനം അഹിംസാത്മകം. രാജസ ഭോജനം ഭോഗാത്മകം. താമസിക ഭോജനം മൃഗാത്മകം.

**സ്വന്തം ആത്മാവല്ലാതെ**
**മറ്റൊരു ഗുരുവും ആർക്കുമില്ല**

**-സ്വാമി വിവേകാനന്ദൻ-**

# ഏക തത്ത്വം

**ഇന്ദുജൻ**
**9567128513**

ഏക തത്ത്വമെന്നൊരു
തത്ത്വമാണഖിലർക്കും
മുക്തിദായകമായ
ശക്തമാം തത്ത്വജ്ഞാനം.
വ്യാകുലാത്മാക്കൾക്കെന്നും
ശാന്തിമന്ത്രമേകുന്ന
ശാദ്വലപൃഥ്വീതലം
നിന്നിൽ ഞാൻ ദർശിക്കുന്നു.
എവിടെ ശോകം മഹാ-
മേരുവായ് വളർന്നാലും
എവിടെ വിരഹാഗ്നി
പരന്നുപടർന്നാലും
അവിടെ മഹൗഷധി
യായി നീ ഭവിക്കുന്നു.
അവിടെ സ്വാസ്ഥ്യത്തിന്റെ
തേൻകൂടായ് നിരക്കുന്നു.
തമസ്സിൻ കൂടാരത്തിൽ
ജ്വലിക്കുന്നഗ്നിപോലെ
നിർന്നിദ്രരാവിൽ നിന്റെ
മംഗളഗീതം കേൾപ്പൂ !
എന്നിലെ കനൽപ്പൂക്കൾ
കവിതാരസം തൂകാൻ
പൂന്തണൽകുളുർമ്മയായ്
നീയെന്നിൽ വിടരുമോ ?
നീഹാരദ്യുതിപോലെ
നീലാഭനിഴൽപോലെ
നീരാടിനിൽക്കാൻ പുണ്യ-
തീർത്ഥമായണയവേ.
ഏക തത്ത്വമേ നിന്റെ
സൗവർണ്ണമിഴിത്തുമ്പിൽ
കാൺമൂഞാൻ വിശ്വത്തിന്റെ
സ്നേഹവും വിശ്വാസവും !
നമുക്കൊന്നുണരുവാൻ
പുലർവേളയായതും
നമുക്കുലയിക്കുവാൻ
മംഗളധ്വനിയായും
മണ്ണിലെ മധുവൂറും
രവമാം മനുഷ്യന്റെ
അമേയമോഹം ഏക-
തത്ത്വയിൽ വിടരട്ടെ !

ഏക തത്ത്വയിലെ എന്റെ പ്രഥമകവിതയിലെ നായിക നന്ദന എഴുതിത്തുടങ്ങുന്നതിൽ അനവദ്യമായ ആഹ്ലാദം പങ്കിടുന്നു. അനന്തമായ വിഹായസ്സിലെ ഒരു കമ്രനക്ഷത്രമായി വിളങ്ങട്ടെ !

# മാതാ പിതാ ഗുരു...

**കുന്നിൽ വിജയൻ**
**9447417093**

കവിത മരിക്കില്ലെന്ന് ചിലർ വാദിച്ചു
അതിനവർ യുക്തികൾ നിരത്തി
ഉത്തരാധുനികതയുടെ ദുരൂഹത
സഹിക്കാൻ വയ്യെന്നും,
കവിതയ്ക്കിനി ഭാവിയില്ലെന്നും,
ചിലർ വാദിച്ചു, ചിലർ സമർത്ഥിച്ചു.
പക്ഷേ, കവിത മരിച്ചു.
മരിക്കുമ്പോൾ അവൾ
ഗർഭിണിയായിരുന്നു.
മരക്കൊമ്പിൽ തൂങ്ങിക്കിടന്ന
അവളുടെ കാൽതുമ്പിലൂടെ
ചോരതുള്ളികളിറ്റിറ്റു വീണിരുന്നു
തിരക്കു കാരണം പണ്ടാരടങ്ങാൻ
അതൊന്ന് മൊബൈലിലാക്കാൻ
കഴിഞ്ഞില്ല
മാതാവല്ലാത്തതിനാൽ എനിക്കവളെ
കൂട്ടിക്കൊടുക്കാനോ
പിതാവല്ലാത്തതിനാൽ പീഡിപ്പിക്കാൻ
പോലുമോ കഴിഞ്ഞില്ല
അവളുടെ കൗമാരത്തിന്റെ
പെരുവിരൽ ഛേദിച്ച്
ദക്ഷിണ വാങ്ങാൻ
ഞാൻ ഗുരുവായിരുന്നില്ല
ഞാൻ വെറുമൊരധികാരി
മാത്രമായിരുന്നു
അതുകൊണ്ടിങ്ങനെ തീർപ്പു കൽപ്പിച്ചു
ആങ്കുട്ട്യോളായാൽ
ഇത്തിരി വികൃതിയൊക്കെണ്ടാവും
ഒരിക്കൽ അധികാരസന്നിധിയിൽതന്നെ
ആങ്കുട്ട്യോൾ ഒത്തിരി വികൃതി കാട്ടി
ഓന്റെ കെട്ട്യോളേം കുട്ട്യോളേം
മുത്തീനേംവരെ വെറുതെവിട്ടില്ല
ആങ്കുട്ട്യോൾ പൊടിതട്ടി
പടിയിറങ്ങിയപ്പോൾ
അധികാരിയിങ്ങനെ വിലപിച്ചു
'ന്നാലും ദിത്തിരി കൂടിപ്പോയി'

ഗുണപാഠം - സ്വന്തം ദേഹത്തുകൊള്ളുമ്പോളേ വേദനയറിയൂ. നല്ല കുട്ട്യോളായാൽ നാടിന് നല്ലത്, ഇല്ലായ്കിലോ ജീവപര്യന്തം ഗോതമ്പുണ്ടേം.



**ഉണ്ണിവിശ്വനാഥ്**
**9895555393**

# ഒടുവിൽ

ജീവിതത്തിന്റെ
ഒരു ഭാഗംമൊത്തം
കരഞ്ഞു തീർത്തൊരമ്മ .
കഷ്ടപ്പാടിൻ യാതനകളിലും
കണ്ണുനീർ കാട്ടാതെ
പോറ്റിയൊരച്ഛൻ.

അമ്മ പുറത്തുപെയ്യുമ്പോൾ,
അച്ഛനുള്ളിൽ
മിന്നലിലൊതുക്കി.
ഞാനൊന്നുമറിയാതെ
വെറുതേ വാശി പിടിച്ചു.
നേടിയതെല്ലാം
സന്തോഷം മാത്രം.

ഒടുവിൽനേട്ടങ്ങൾകൊയ്തു
തളർന്നപ്പോൾ,
ചുമരിലച്ഛനിരിപ്പുണ്ട്
ഇടതുചേർന്നുതന്നെയമ്മയും
മാറാല അവരെ
ബന്ധിച്ചിരിക്കുന്നു.

ഇന്ന് ഭാര്യ
പുറകുവശത്തിരുന്ന്
പെയ്യുന്നുണ്ട്.
അമ്മേടത്ര ശക്തിപോര.
എന്നുള്ളിൽ
മിന്നലുണ്ടെങ്കിലും
അച്ഛന്റുള്ളിലുണ്ടായത്ര
അമരമില്ല.

മകനും, മകളും
പിടിയിറങ്ങാനൊരുങ്ങുമ്പോൾ,
പുറകുവശത്ത്
മഴക്ക് ശക്തി കൂടി.
മനസ് എന്നോടു
മാത്രമായി പറഞ്ഞു
വരും കാലത്തിലെ
മിന്നലും, മഴയും
പടി കടക്കുന്നു.




Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

ഏകത്വയുടെ പുസ്തകങ്ങൾ

BOOKS





പേജ് – 92 വില – 100 രൂപ




പേജ് – 94 വില – 100 രൂപ




പേജ് – 214 വില – 210 രൂപ




പേജ് – 126 വില – 120 രൂപ




പേജ് – 70 വില – 70 രൂപ




പേജ് – 102 വില – 100




പേജ് – 44 വില – 45 രൂപ




പേജ് – 55 വില – 60 രൂപ




പേജ് – 70 വില – 60 രൂപ




പേജ് – 132 വില – 130 രൂപ



പേജ് – 100 വില – 60 രൂപ

Published on 15/06/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 9, Issue 8, July 2019, Rs15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019





For Typing Designing Printing and Publishing Contact

ഏകതത്വ

9446443321,9387118131

Eka Thathwa assure you the quality and honesty in printing and publishing

